# ജനപഥം

ജൂലൈ 2012

കവർസ്റ്റോറി

4
ജനസ്വപ്നങ്ങളുടെ സാക്ഷാത്കാരം



24 കാലാതിവർത്തിയായ പ്രതിഭ
കെ.സി. ജോസഫ്
(സാംസ്കാരിക മന്ത്രി)



34 തേക്കു മ്യൂസിയവും ചിത്രശലഭങ്ങളും
എം.സി. രാജനാരായണൻ



14
പകർച്ചവ്യാധിപ്രതിരോധത്തിന് 'സമഗ്ര'
ഡോ. പി.കെ. ജമീല

18
വിദ്യാഭ്യാസവകുപ്പ് കരുത്തോടെ, കരുതലോടെ
അഞ്ജലി പ്രസാദ്

21
മഴ...മഴ... കാവ്യപ്പെരുമഴ...
അജിത്കുമാർ ഗോതുരുത്ത്

26
ഫോട്ടോ ഫീച്ചർ

28
കാലത്തിന്റെ കാഴ്ചകളുമായി ഹ്രസ്വചിത്രമേള
വിനു എ.

31
കുട്ടികളുടെ വായനശീലം
ശോഭന പി.കെ.

44
ദേവഭൂമി ഉത്തരാഞ്ചൽ-യാത്രാവിവരണം
ഉണ്ണികൃഷ്ണൻ ഉളിയക്കോവിൽ

37 ജില്ലകളിലൂടെ
46 ചരിത്രത്തിലൂടെ
47 വാർത്തയിൽ
49 പെൺജീവിതം
51 സമീക്ഷ

## പ്രതികരണം



## മികച്ച ലേഖനങ്ങൾ

മേയ് മാസത്തെ *ജനപഥം* ഏറെ ശ്രദ്ധേയമായി. വെള്ളനാട് രാമചന്ദ്രന്റെ *കേരള ലോട്ടറി-ചില പുരാവൃത്തങ്ങൾ* എന്ന ലേഖനം സവിശേഷ ശ്രദ്ധയാകർഷിക്കുന്നതായിരുന്നു. ക്യാൻസർ, കിഡ്നി, ഹാർട്ട് രോഗികൾക്കുള്ള കാരുണ്യ ബനവലന്റ് സ്കീം സംസ്ഥാന സർക്കാരിന്റെ ഭരണനേട്ടങ്ങളുടെ നെറുകയിലെ പൊൻതൂവലാണ്.

ക്യാൻസറിനെക്കുറിച്ചുള്ള സുരേന്ദ്രൻ ചുനക്കരയുടെ ലേഖനവും മികവുപുലർത്തി. സാമൂഹികപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഇതുപോലുള്ള ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

**രാധാകൃഷ്ണൻ കാളിവീട്ടിൽ**
ചാലക്കുടി, തൃശൂർ

## പ്രത്യേക പതിപ്പ് ശ്രദ്ധേയമായി

യു.ഡി.എഫ് സർക്കാരിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ടുള്ള *ജനപഥം* പ്രത്യേക പതിപ്പ് ശ്രദ്ധേയമായി. കേരളത്തിന്റെ വികസനചരിത്രത്തിലൂടെ കടന്നുപോകാൻ അനുവാചകർക്ക് അവസരമൊരുക്കുന്നതായിരുന്നു ലേഖനങ്ങൾ. മാറിയ സമീപനങ്ങളും അവ തുറക്കുന്ന സാധ്യതകളുടെ വാതായനങ്ങളും നേർക്കുനേർ മനസ്സിലാക്കുവാൻ ഉതകുന്നതായിരുന്നു ഓരോ മന്ത്രിയുടെയും ലേഖനം. കെട്ടുറപ്പോടെയും ഇച്ഛാശക്തിയോടെയും സർക്കാരിനെ നയിക്കുന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കും *ജനപഥത്തിനും* അഭിനന്ദനങ്ങൾ.

**സുരേഷ് ബാബു**
കലവൂർ, ആലപ്പുഴ

## പ്രശംസനീയം

14 ജില്ലകളിലായി ലക്ഷക്കണക്കിനുപേരെ നേരിൽക്കണ്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്കപരിപാടി കേരളത്തിൽ മാത്രമല്ല ആഗോളതലത്തിൽത്തന്നെ പ്രശംസ നേടിയത് മുഴുവൻ മലയാളികൾക്കും അഭിമാനകരമാണ്. ഭരണരംഗത്ത് സുതാര്യത ഉറപ്പുവരുത്താൻ മുഖ്യമന്ത്രി സ്വീകരിച്ചിരിക്കുന്ന നടപടികൾ അങ്ങേയറ്റം അഭിനന്ദനാർഹമാണ്. എന്തുകൊണ്ടും ആവേശകരമാണ് യു.ഡി.എഫ് സർക്കാരിന്റെ ഒന്നാം വർഷം. വിവിധ വകുപ്പുകളുടെ കീഴിൽ നടന്ന പ്രവർത്തനങ്ങളും ഭാവിപദ്ധതികളും വിശകലനം ചെയ്തുകൊണ്ടുള്ള *ജനപഥം* പ്രത്യേക പതിപ്പ് വായനക്കാർക്ക് എന്നും സൂക്ഷിക്കാവുന്ന ഉപഹാരമാണ്. വരാനിരിക്കുന്ന വർഷങ്ങളിൽ സർക്കാരും *ജനപഥവും* കൂടുതൽ മുന്നേറട്ടെയെന്ന് ആശംസിക്കുന്നു.

**ദിനേശൻ**
പേരൂർക്കട, തിരുവനന്തപുരം

## നാടകമത്സരത്തിന് അപേക്ഷ ക്ഷണിച്ചു

കേരള സംഗീതനാടക അക്കാദമി സെപ്റ്റംബറിൽ സംഘടിപ്പിക്കുന്ന സംസ്ഥാന അമച്വർ നാടകമത്സരത്തിന് അപേക്ഷ ക്ഷണിച്ചു. പ്രക്ഷേപണം ചെയ്തിട്ടില്ലാത്തതും അവതരിപ്പിച്ചിട്ടില്ലാത്തതും അച്ചടിച്ച് പ്രസിദ്ധീകരിക്കാത്തതുമായ പുതിയ രചനകളാണ് പരിഗണിക്കുക. നോവൽ, ചെറുകഥ, കവിത, വിദേശനാടകങ്ങൾ എന്നിവയുടെ പുതിയ നാടകരൂപങ്ങൾ സ്വീകരിക്കുന്നതാണ്. നാടകത്തിന്റെ ദൈർഘ്യം ഒരു മണിക്കൂറിനും ഒന്നര മണിക്കൂറിനും ഇടയിലായിരിക്കണം. സംസ്ഥാന നാടകമത്സരത്തിലേക്കു തിരഞ്ഞെടുക്കുന്ന ആറു നാടകങ്ങൾക്ക് ഒരു ലക്ഷം രൂപ സ്ബ്സിഡി നൽകും. നാടക സ്ക്രിപ്റ്റിന്റെ മൂന്നു കോപ്പിയും പൂരിപ്പിച്ച അപേക്ഷാഫോറവും ജൂലൈ 17 ന് മുമ്പ് അക്കാദമിയിൽ ലഭിക്കണം. അപേക്ഷാഫോറവും നിയമാവലിയും തപാലിൽ ലഭിക്കുന്നതിന് അഞ്ചു രൂപ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശൂർ - 20 എന്ന വിലാസത്തിൽ അപേക്ഷിക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0487-2332134, 2332548.

# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 2012

പുസ്തകം 1 ലക്കം 5

e-mail : janapatham@prd.kerala.gov.in

Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**വി. ശുഭാമണി**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**അശ്വതി വി.പി.**
**നാഫിഹ് എം.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**എൻ. സുനിൽകുമാർ**
ഫോൺ : 0471-2517036

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ഡോ. സി. വേണുഗോപാൽ,** പത്തനംതിട്ട
- **പി.എസ്. രാജശേഖരൻ,** ഇടുക്കി
- **പി.ആർ. റോയി,** ആലപ്പുഴ
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **ടി.സി. ജോസഫ്,** കോട്ടയം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **സി. ഉണ്ണിക്കൃഷ്ണൻ,** ന്യൂഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2518171**


മുഖക്കുറിപ്പ്

# എന്നും ജനങ്ങളോടൊപ്പം

വ്യക്തമായ ദിശാബോധത്തോടുകൂടിയാണ് സർക്കാരിന്റെ ഓരോ പ്രവർത്തനവും മുന്നോട്ടുപോകുന്നത്. സുതാര്യതയിൽ അധിഷ്ഠിതമായ ഭരണസംവിധാനത്തെ ജനകീയമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. ഓരോ വ്യക്തിക്കും സർക്കാരിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങളും സർട്ടിഫിക്കറ്റുകളും മറ്റു രേഖകളും സമയബന്ധിതമായി ലഭിക്കേണ്ടതുണ്ട്. ഓരോ പൗരനും അതു ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ജനാധിപത്യ സർക്കാരിനുണ്ട്. സേവനാവകാശ നിയമം നടപ്പിലാക്കുവാൻ സർക്കാർ ആലോചിക്കുന്നത് ഈ ഘട്ടത്തിലാണ്. വിവരാവകാശം ഭരണസംവിധാനത്തെ ജാഗ്രതയോടെ പ്രവർത്തിക്കാൻ നിർബന്ധിതമാക്കുകയുണ്ടായി. പൗരാവകാശരേഖ ഓരോ വകുപ്പും നൽകുന്ന സേവനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തി. ഇതിന്റെയൊക്കെ തുടർച്ചയാണ് സേവനാവകാശനിയമം. ഓരോ നടപടിയും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ ചുമതലപ്പെട്ട ഓരോ ഓഫീസും നിർബന്ധിതമാകുമ്പോൾ ജനാധിപത്യഭരണക്രമത്തിൽ പൗരനു ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭിക്കും.

മാറിവരുന്ന ഓരോ സാമൂഹികക്രമത്തിലും സ്ത്രീയുടെ വ്യക്തിജീവിതം ഭീഷണി നേരിടുകയാണ്. ഒരു വ്യക്തിയെന്ന നിലയിൽ സ്വാതന്ത്ര്യത്തോടെയും വ്യക്തിത്വത്തോടെയും ജീവിക്കുവാൻ അവർക്ക് കഴിയാതെവരുന്നു. സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനുള്ള വ്യക്തമായ നിയമനിർമാണത്തിന് സർക്കാർ തയാറെടുക്കുകയാണ്. സ്ത്രീസുരക്ഷയ്ക്കായി ധാരാളം നിയമങ്ങൾ നിലവിലുണ്ടെങ്കിലും സാങ്കേതികമുന്നേറ്റം സ്ത്രീകളുടെ സ്വകാര്യതയ്ക്ക് വലിയ വെല്ലുവിളികൾ ഉയർത്തുകയാണ്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ അവയെ ഫലപ്രദമായി നേരിടുന്നതിനാണ് സർക്കാർ പുതിയ നിയമം ആലോചിക്കുന്നത്.

മുഖ്യമന്ത്രി 14 ജില്ലകളിലും നടത്തിയ ജനസമ്പർക്കപരിപാടിയിൽ നിന്നു ലഭിച്ച നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ അടുത്ത ഭരണവർഷങ്ങളിൽ നടപ്പിലാക്കേണ്ട അനേകം പരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

സർക്കാർ ആശുപത്രികളിലെത്തുന്ന എല്ലാ വിഭാഗം രോഗികൾക്കും സൗജന്യമരുന്ന്, ആൺമക്കളുണ്ടെങ്കിലും അവരുടെ സംരക്ഷണം ലഭിക്കാത്ത മാതാപിതാക്കളെക്കൂടി വാർധക്യകാല പദ്ധതിയിലുൾപ്പെടുത്തൽ, വികലാംഗർക്ക് *സ്നേഹപൂർവം* പദ്ധതി, കൂടാതെ സാധാരണ ജനങ്ങളെക്കൂടി ഭരണസംവിധാനത്തിന്റെ ഭാഗമാക്കുന്ന മറ്റ് അനേകം പദ്ധതികൾക്കു കൂടി സർക്കാർ തുടക്കമിട്ടിരിക്കുകയാണ്.

വലിയ സ്വപ്നങ്ങളും വലിയ പദ്ധതികളും നാടിന്റെ പൊതുവായ മുഖചരായ മാറ്റുമ്പോൾത്തന്നെ സാധാരണക്കാരന്റെ കണ്ണീരൊപ്പുന്നതിന് പ്രതിജ്ഞാബദ്ധതയോടെയുള്ള സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകളർപ്പിക്കാം.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ




# ജനസ്വപ്നങ്ങളുടെ സാക്ഷാത്കാരം

വികസിത കേരളമെന്ന സ്വപ്നം അപ്രാപ്യമല്ലെന്ന് വ്യക്തമായ സൂചന കേരളീയസമൂഹത്തിന് നൽകിക്കൊണ്ടാണ് യു.ഡി.എഫ് സർക്കാർ ഒരു വർഷം പിന്നിട്ടത്. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ജനങ്ങൾക്കുമുന്നിൽ അവതരിപ്പിച്ച സമഗ്രസ്പർശിയായ ഒരുപിടി പദ്ധതികൾ സർക്കാരിന്റെ ഒന്നാം വാർഷികാഘോഷവേളയെ വേറിട്ടു നിർത്തുന്നു. കഴിഞ്ഞ ഒരുവർഷംകൊണ്ടാർജിച്ച നേട്ടങ്ങളുടെ തിളക്കമേറ്റുന്ന ഈ വാർഷികസമ്മാനം, അസാധ്യമെന്നു തോന്നിച്ച ഒട്ടേറെ ചിരകാല ആവശ്യങ്ങളുടെ പൂർത്തീകരണമാകും. രാജ്യത്തിനു മാതൃകയാവുന്ന സേവനാവകാശനിയമം മുതൽ ചീഫ് മിനിസ്റ്റേഴ്സ് ഫെല്ലോഷിപ്പുവരെ ഭാവനാസമ്പന്നവും ക്രിയാത്മകവുമായ നിരവധി പദ്ധതികൾ വാർഷികാഘോഷവേളയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നടത്തിയ പ്രഖ്യാപനത്തിലുൾപ്പെടുന്നു.

ജനസമ്പർക്കപരിപാടിയിൽ മുഖ്യമന്ത്രിയുടെ മുന്നിലെത്തിയ പരാതികളുടെയും നിർദേശങ്ങളുടെയും വെളിച്ചത്തിലാണ് പുതിയ പദ്ധതികൾക്ക് രൂപം നൽകിയത്. രണ്ടാഴ്ചകൊണ്ട് അഞ്ചു ലക്ഷത്തോളം പേരെ നേരിൽക്കണ്ട ജനസമ്പർക്കത്തിലൂടെ ഉരുത്തിരിഞ്ഞ പദ്ധതികൾ താഴേത്തട്ടിലെ ജനങ്ങളുടെ കണ്ണീരിനും കാത്തിരിപ്പിനും മറുപടി നൽകാൻ കെൽപ്പുള്ളവയാണ്. ലോകശ്രദ്ധ നേടിയ ജനസമ്പർക്കപരിപാടിയിൽ സംസ്ഥാനത്തിന്റെ വികസനത്തെ സംബന്ധിച്ച ഒട്ടേറെ നിർദേശങ്ങളും മുഖ്യമന്ത്രിയുടെ മുന്നിലെത്തുകയുണ്ടായി. അവയിൽനിന്നും സ്വാംശീകരിച്ച വികസന കാഴ്ചപ്പാടും ഇവയിൽ പ്രതിഫലിക്കുന്നു.

വികസനവും കരുതലും എന്ന മുദ്രാവാക്യത്തോടെയാണ് യു.ഡി.എഫ് സർക്കാർ അധികാരമേറ്റത്. കാര്യക്ഷമതയും സുതാര്യതയും കാത്തുസൂക്ഷിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക്




**യു.ഡി.എഫ്. സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് വി.ജെ.ടി.ഹാളിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പുതിയ പദ്ധതികളും നേട്ടങ്ങളും അവതരിപ്പിക്കുന്നു**

അന്തർദേശീയതലത്തിൽത്തന്നെ അംഗീകാരം ലഭിക്കുകയുണ്ടായി. മാനുഷികമുഖം, കാരുണ്യം, അടിസ്ഥാനസൗകര്യമേഖലയിലും കാതലായ മാറ്റം, നിക്ഷേപകസൗഹൃദസമീപനം, സമയനിഷ്ഠയോടുകൂടിയ പദ്ധതിനിർവഹണം എന്നിവയും ഭരണനേട്ടങ്ങളുടെയും സമീപനങ്ങളുടെയും സംക്ഷേപമായി പരിഗണിക്കാം. ഇതേ പാത പിന്തുടർന്നുകൊണ്ട് കൃത്യമായ ദിശാബോധത്തോടെയാണ് പുതിയ പദ്ധതികളും വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം വാർഷികാഘോഷവേളയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നടത്തിയ സുപ്രധാന പ്രഖ്യാപനങ്ങളിലേക്ക്...

## കേരളം സമ്പൂർണ ഡിജിറ്റൽ പദവിയിലേക്ക്

സർക്കാരിന്റെ സുതാര്യതയും കാര്യക്ഷമതയും വേഗതയും വർധിപ്പിക്കാൻ കേരളത്തെ ഇ-ഗവേണൻസിലൂടെ ആദ്യത്തെ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമാക്കും. എല്ലാവർക്കും യു.ഐ.ഡി ആധാർ അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ ഇ-മെയിൽ നൽകും. സർക്കാർസംബന്ധമായ എല്ലാ അപേക്ഷകളും ഇടപാടുകളും ഇ-മെയിലിലൂടെ നടത്താൻ സൗകര്യമൊരുക്കും. 2013 ഡിസംബറിനുമുമ്പ് എല്ലാ പഞ്ചായത്തുകളിലും ഒപ്റ്റിക്കൽ ഫൈബർ ബ്രോഡ്ബാൻഡും ഫോർ ജിയും ലഭ്യമാക്കും.

ക്ഷേമപെൻഷനുകളും മറ്റു പെൻഷനുകളും സ്കോളർഷിപ്പുകളും ആധാർ കാർഡുമായി ബന്ധിപ്പിച്ച് അടുത്ത ഏപ്രിൽ ഒന്നു മുതൽ ബാങ്കിലൂടെ വിതരണം ചെയ്യും. സർക്കാർ ഓഫീസിൽനിന്നുള്ള വിവിധതരം സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി 10 ജില്ലകളിൽക്കൂടി അടുത്ത മാർച്ച് 31 നു മുമ്പ് നടപ്പാക്കും. പാലക്കാട്, കണ്ണൂർ ജില്ലകളിൽ ഇത് നടപ്പാക്കി. കോട്ടയം, മലപ്പുറം ജില്ലകളിൽ നടപ്പാക്കിവരുന്നു.

25 ലക്ഷത്തിനു മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-ടെൻഡർ സമ്പ്രദായം ഏർപ്പെടുത്തും. എല്ലാ വകുപ്പുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും ഇതു നടപ്പാക്കും.

പൊതുമരാമത്തുവകുപ്പിലെ എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ്, ഭരണാനുമതി, സാങ്കേതികാനുമതി, ടെൻഡറുകൾ, ബിൽ, പേയ്മെന്റ് എന്നിവ 2014 മാർച്ച് മുതൽ ഇലക്ട്രോണിക് ആക്കും. തുടർന്ന് മറ്റു വകുപ്പുകളിലേക്കും ഇതു വ്യാപിപ്പിക്കും.

സെക്രട്ടേറിയറ്റിലെ ഫയലുകൾ അടുത്ത മാർച്ച് 31 നു മുമ്പ് ഡിജിറ്റൽ സമ്പ്രദായത്തിലേക്ക് മാറും. പൊതുജനങ്ങൾക്ക് സെക്രട്ടേറിയറ്റിലെ ഫയൽനീക്കം




**യു.ഡി.എഫ്. സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തോടനുബന്ധിച്ച് വി.ജെ.ടി. ഹാളിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രിയും മന്ത്രിമാരും**

അറിയുന്നതിനു സഹായിക്കുന്ന ഐഡിയാസ് ഫയൽ ട്രാക്കിങ് സംവിധാനം നിലവിൽവരും.

## സേവനം ജനങ്ങളുടെ അവകാശം

സേവനാവകാശം അടുത്ത നിയമസഭാ സമ്മേളനത്തിൽ നിയമമാക്കും. എസ്.എസ്.എൽ.സി ബുക്കിൽ തിരുത്തൽ നടപടി ലഘൂകരിക്കും. അവസാനം പഠിച്ച സ്കൂളിൽനിന്നും ബന്ധപ്പെട്ട രേഖകൾസഹിതം അപേക്ഷ നൽകിയാൽ എസ്.എസ്.എൽ.സി ബുക്കിൽ 30 ദിവസത്തിനകം ജനനത്തീയതി തിരുത്തി നൽകണം. വിസ, നിയമനം, ഉപരിപഠനം, കോടതി ആവശ്യങ്ങൾ എന്നിവയ്ക്കു വേണ്ടി തിരുത്തലിന് രേഖകൾ സഹിതം അപേക്ഷിച്ചാൽ രണ്ടു ദിവസത്തിനകം തിരുത്തിനൽകണം.

മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ അന്നുതന്നെ റേഷൻകാർഡ് നൽകുന്ന പദ്ധതി തുടരും. 1000 ചതുരശ്ര അടിവരെയുള്ള വീടുകൾക്ക് വെള്ളം, വൈദ്യുതി, റേഷൻ കാർഡ്, വോട്ടർ ഐ.ഡി., കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചു.

ഭൂരേഖസഹിതം രജിസ്റ്റർചെയ്യുന്ന ആധാരങ്ങൾ വില്ലേജ് ഓഫീസിൽ രണ്ടു ദിവസത്തിനകം പോക്കുവരവു ചെയ്തു കൊടുക്കുന്ന സംവിധാനം അടുത്ത സെപ്റ്റംബർ 30 നകം നടപ്പാക്കും. റീസർവേ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ ആഗസ്റ്റിൽ സർവേ അദാലത്തുകൾ സംഘടിപ്പിക്കും.

## ചീഫ് മിനിസ്റ്റേഴ്സ് ഫെലോഷിപ്പ്

38 പേർക്ക് ചീഫ്മിനിസ്റ്റേഴ്സ് ഫെലോഷിപ്പ് നൽകും. ഭരണതലത്തിൽ പുതിയ ആശയങ്ങളും കാഴ്ചപ്പാടുകളും പ്രോത്സാഹിപ്പിക്കുന്നതിനാണിത്. ഐ.ഐ.എം കോഴിക്കോട് ഇത് ഏകോപിപ്പിക്കും. ഫെലോഷിപ്പിന് അർഹരാകുന്നവരെ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ഡിസ്ട്രിക് കളക്ടർ ഓഫീസുകളിൽ വിന്യസിക്കും.

## സ്ത്രീ സ്വകാര്യത സംരക്ഷണ നിയമം

സ്ത്രീകളുടെ സ്വകാര്യത സംരക്ഷിക്കുന്നതിനു ശക്തമായ നിയമനിർമാണം നടത്തും. മൊബൈൽ ക്യാമറയും മറ്റും ഉപയോഗിച്ചു നടത്തുന്ന ചൂഷണം തടയുകയാണു ലക്ഷ്യം.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള നിർഭയപദ്ധതി ആരംഭിച്ചു. ഇതിനോടനുബന്ധിച്ച് ഫാസ്റ്റ് ട്രാക്ക് കോടതികൾ, നാലു പുനരധി



**യു.ഡി.എഫ്. സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് പി.ആർ.ഡി. പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു**

വാസ കേന്ദ്രങ്ങൾ, കുട്ടികൾക്ക് ബോധവത്കരണം എന്നിവ നടത്തും. ഏഷ്യയിലെ പ്രഥമ ജെൻഡർ പാർക്ക് കോഴിക്കോട്ട് പ്രവർത്തനമാരംഭിച്ചു.

## തുണയായി പൊലീസ്

പൊലീസ് സ്റ്റേഷനിൽ പോകാതെ ഫോണിൽ വിളിച്ച് സ്റ്റേഷനിൽ പരാതി നൽകാൻ സൗകര്യം ഏർപ്പെടുത്തും. പരാതി 100 ൽ വിളിച്ചു പറഞ്ഞാൽ ലോക്കൽ പൊലീസ് സ്റ്റേഷനിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരാതിക്കാരന്റെ വീട്ടിലെത്തി പരാതി കൈപ്പറ്റി രസീത് നൽകും. സ്ത്രീകൾ, കുട്ടികൾ, ആദിവാസികൾ, വികലാംഗർ, മുതിർന്ന പൗരന്മാർ, എന്നിവർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താം. 100 ൽ വിളിച്ച സമയവും തീയതിയും പരാതി നൽകിയ സമയമായി കണക്കാക്കും. പരാതിക്കാരൻ സാക്ഷരനല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരാതിയെഴുതി അവരെ വായിച്ചു കേൾപ്പിച്ച് ഒപ്പിടുവിക്കണം.

## പിഴപ്പലിശ ഒഴിവാക്കും

നിർധന കുടുംബത്തിൽപ്പെട്ടവരുടെ സഹകരണ വായ്പകളിൽ പിഴപ്പലിശ ഒഴിവാക്കും. വായ്പയെടുത്തയാൾ മരിച്ചാൽ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളും. വായ്പത്തുക കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ സബ്സിഡികൂടി ഉൾപ്പെടുത്തി ഹ്രസ്വകാല കാർഷികവായ്പ പൂർണമായും പലിശരഹിത വായ്പയായി വിതരണം ചെയ്യാൻ പദ്ധതി നടപ്പാക്കും. വായ്പാകുടിശിക തിരിച്ചടവിൽ ഇളവുകൾ അനുവദിച്ച് അടുത്ത ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രാവർത്തികമാക്കും.

ഹൗസിങ് ബോർഡിലെ വായ്പ കുടിശികയ്ക്കും ഒറ്റത്തവണ തീർപ്പാക്കൽ നടപ്പാക്കും. ഭവനനിർമാണത്തിന് സഹായം നൽകാൻ ഹൗസിങ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കും.

പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ, പിന്നാക്കസമുദായ കോർപ്പറേഷൻ, പട്ടികജാതി വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും വായ്പയെടുത്ത് കുടിശിക വരുത്തിയവർക്ക് ഒറ്റത്തവണ തീർപ്പാക്കലിന് അവസരമൊരുക്കും.

## സർക്കാർ ആശുപത്രികളിൽ സൗജന്യമരുന്ന്

ആദായനികുതി അടയ്ക്കുന്നവരൊഴികെ സർക്കാർ ആശുപത്രികളിലെ എല്ലാ വിഭാഗം രോഗികൾക്കും സൗജന്യ ജനറിക് മെഡിസിൻ നൽകും. ബിവറേജസ് കോർപ്പറേഷൻ വിലയിന്മേൽ ഒരു ശതമാനം സർചാർജ് ചുമത്തി ഇതിനുവേണ്ടിവരുന്ന തുക കണ്ടെത്തും. കുറഞ്ഞ നിരക്കിൽ മരുന്നുകൾ വിൽക്കുന്ന 35 കാരുണ്യ മെഡിക്കൽ ഷോപ്പുകൾ ഈ മാസം ആരംഭിക്കും.

ബദിയടുക്ക, മഞ്ചേരി, ഇടുക്കി, കോന്നി എന്നിവിടങ്ങളിൽ സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കും. പട്ടികജാതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട്ട് മെഡിക്കൽ കോളേജ് തുടങ്ങും. സർക്കാരിന് 500 മെഡിക്കൽ സീറ്റും 2500 കിടക്കകളും ഇവിടെ ലഭ്യമാകും. എൻ.ആർ.ഐ. സഹകരണത്തോടെ ഹരിപ്പാട് മെഡിക്കൽ കോളേജ് തുടങ്ങും. വയനാട് ജില്ലയിൽ സ്ഥലം കണ്ടെത്തിയശേഷം മെഡിക്കൽ കോളേജ് ഗവൺമെന്റ് മേഖലയിൽ തുടങ്ങുന്നതിനു നടപടികൾ സ്വീകരിക്കും.



സർക്കാർ ആശുപത്രികൾക്കു വേണ്ടി മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വാങ്ങിയ ആംബുലൻസ് തൈക്കാട് ആശുപത്രിയിൽ മന്ത്രി വി.എസ്. ശിവകുമാർ ഫ്ളാഗ് ഓഫ് ചെയ്യുന്നു

## കൂടുതൽ നിയമനങ്ങൾ

ആശ്രിതനിയമനപ്രകാരം നിയമന അറിയിപ്പു ലഭിച്ച് കാത്തിരിക്കുന്ന 549 പേർക്ക് നിയമനം നൽകും. ഏഴു വർഷം വരെയായിട്ടും നിയമനം കിട്ടാത്തവർക്ക് ഇതു വലിയ ആശ്വാസമാകും. എല്ലാ വർഷവും അവലോകനം ചെയ്ത് കുടിശിക തീർക്കും.

മൂന്നു വർഷമായി തീരുമാനമാകാതെ കിടന്ന സ്പോർട്സ് ക്വാട്ട നിയമനം നടത്തും. 101 പേർക്കു നിയമനം. തുടർന്ന് അതതു വർഷം നിയമനം കിട്ടുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തും.

കുടിശികയായിരുന്ന വികലാംഗ നിയമനങ്ങൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന തീർക്കും. 1188 പേർക്ക് പ്രയോജനം ലഭിക്കും. ഭാവിയിൽ കുടിശിക വരാതെ നിയമനം നടത്താൻ പി.എസ്.സിക്കു സാധിക്കും.

## സംരക്ഷിക്കാൻ സർക്കാർ

ആൺമക്കളുണ്ടെങ്കിലും അവരുടെ സംരക്ഷണം ലഭിക്കാത്ത മാതാപിതാക്കളെക്കൂടി വാർധക്യകാല/വിധവാ പെൻഷൻ പദ്ധതിയിലുൾപ്പെടുത്തും.

ലൈഫ് സപ്പോർട്ട് സിസ്റ്റത്തിന്റെ സഹായത്തോടെ ജീവൻ നിലനിർത്തുന്ന രോഗികൾക്ക് സൗജന്യ വൈദ്യുതി നൽകും.

അർഹിക്കുന്ന എല്ലാ വികലാംഗർക്കും മോട്ടോറുള്ള ത്രീ വീലർ നൽകും. തദ്ദേശ സ്ഥാപനങ്ങൾ വഴിയും സംസ്ഥാനഫണ്ട് ഉപയോഗിച്ചും ഇത് നടപ്പാക്കും. ഇതിനാവശ്യമായ അപേക്ഷകൾ എല്ലാ പഞ്ചായത്തിലും സ്വീകരിക്കും.

നിലവിലുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി വിപുലീകരിക്കും. മൂന്നു വയസ്സുവരെയുള്ള കുട്ടികളിൽ അപേക്ഷിക്കുന്ന എല്ലാവർക്കും ചികിത്സ ലഭിക്കും. ഡോക്ടറുടെ അനുകൂല റിപ്പോർട്ടുണ്ടെങ്കിൽ മൂന്നു വയസ്സുമുതൽ അഞ്ചുവയസ്സുവരെയുള്ള കുട്ടികളുടെ കാര്യവും പരിഗണിക്കും.

## ആശ്രയപദ്ധതി വിപുലീകരിക്കും

ആശ്രയപദ്ധതി തുടർന്നുകൊണ്ടുപോകാനും നിലവിലുള്ള ഗുണഭോക്താക്കൾക്ക് തുടർസേവനം ഉറപ്പാക്കാനും നടപടി സ്വീകരിക്കും. വർധിച്ച സ്വീകാര്യത

കണക്കിലെടുത്ത് പദ്ധതി വൻതോതിൽ വിപുലീകരിക്കും. ഗുണഭോക്താക്കൾക്ക് തുടർ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കും.

അവിവാഹിതരായ അമ്മമാരുടെ ക്ഷേമത്തിനായി പുനരധിവാസപദ്ധതി നടപ്പാക്കി. എസ്.ടി വിദ്യാർഥികളുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവ നൂറു ശതമാനം വർധിപ്പിച്ചു.

പട്ടികജാതി സങ്കേതങ്ങളിൽ 29 ഹോമിയോ ഡിസ്പൻസറികൾ ആരംഭിച്ചു. സമഗ്രമായ ടൂറിസം വികസനപദ്ധതികൾ നടപ്പാക്കി.

## സ്നേഹപൂർവം പദ്ധതി

മാതാപിതാക്കൾ നഷ്ടപ്പെട്ട 4500 കുട്ടികൾക്ക് പഠിക്കാൻ സ്നേഹപൂർവം പദ്ധതിയിൽ സാമ്പത്തിക സഹായം. ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകളിലെ കുട്ടികൾക്ക് 300 രൂപ വീതം, ആറു മുതൽ പത്തുവരെ ക്ലാസുകളിലെ കുട്ടികൾക്ക് 500 രൂപ വീതം, പ്ലസ് ടു കുട്ടികൾക്ക് 750 രൂപ വീതം എന്നിങ്ങനെയാണു നൽകുക.

ആയിരം ചതുരശ്ര അടി ഏരിയ ഇല്ലാത്തതുകൊണ്ട് പാർട്ട് ടൈം സ്വീപ്പറുടെ സ്കെയിൽ ലഭിക്കാത്തവർക്ക് ആശ്വാസം. 2,000 രൂപ നിശ്ചിത തുക കിട്ടിയിരുന്നവർക്ക് 3,500 രൂപ നൽകും. രണ്ടായിരം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. സംസ്ഥാനത്ത് സ്പെഷ്യൽ കാറ്റഗറിയിൽ അവശേഷിക്കുന്ന എട്ടു ഹൈസ്കൂളുകൾ എയ്ഡഡ് ആക്കും. ഇതിനു പുറമേ നാലു സ്പെഷ്യൽ ഹയർ സെക്കൻഡറി സ്കൂളുകളും എയ്ഡഡ് സ്കൂളാക്കി മാറ്റും.

## ആശ്വാസകിരൺ

മാനസികരോഗികളെ പരിചരിക്കുന്ന ബന്ധുക്കൾക്ക് ആശ്വാസകിരൺ പദ്ധതിയിൽ 400 രൂപ പ്രതിമാസ ധനസഹായം അനുവദിക്കും. നൈറ്റ് വാച്ചർമാരുടെ പ്രതിമാസ സ്പെഷ്യൽ അലവൻസ് 80 രൂപയിൽനിന്ന് 200 രൂപയായി വർധിപ്പിക്കും.

## വിദേശമലയാളികൾക്ക് കൂടുതൽ സേവനങ്ങൾ

വിദേശമലയാളി പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു. പ്രധാനപ്പെട്ട ഗൾഫ് രാജ്യങ്ങളിൽ നോർക്ക ഉപദേശക സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകീകരിക്കും.

ജയിലിൽ കഴിയുന്ന വിദേശമലയാളികൾക്ക് ആവശ്യമായ നിയമസഹായം നൽകാനും മടങ്ങിവരാനും പുനരധിവസിപ്പിക്കാനും പദ്ധതികൾ ആവിഷ്കരിച്ചു.

## പൊതുശ്മശാനം നിർമാണത്തിന് ഗ്രാന്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശ്മശാനം സ്ഥാപിക്കാൻ കേന്ദ്രസർക്കാരിന്റെ 10 ലക്ഷം രൂപ ലഭ്യമാണ്. എന്നാൽ ഈ തുകയ്ക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തുകൾക്ക് ഇത് ഉപയോഗിക്കാൻ കഴിയുന്നില്ല. ഈ പശ്ചാത്തലത്തിൽ പൊതുശ്മശാനം നിർമിക്കുന്നതിനു ഭൂമി വാങ്ങാൻ മുനിസിപ്പാലിറ്റി/പഞ്ചായത്തുകൾക്ക് അഞ്ചുലക്ഷം രൂപ ഗ്രാന്റ് അനുവദിച്ചു. എം.എൽ.എ ഫണ്ടും ഇതിനുവേണ്ടി ചെലവാക്കാം.

## എൻഡോസൾഫാൻ

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മിഷൻ ശുപാർശചെയ്ത നഷ്ടപരിഹാരം സർക്കാർ അംഗീകരിച്ചു.

മരിച്ചവരുടെ ബന്ധുക്കൾക്കും കിടപ്പുരോഗികൾക്കും അഞ്ചു ലക്ഷം രൂപവീതവും മറ്റു രോഗികൾക്കു മൂന്നു ലക്ഷം രൂപ വീതവും ധനസഹായം നൽകും. ജില്ലാ ഭരണകൂടം തയാറാക്കിയ 79 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസന പാക്കേജിന് നേരത്തേ അംഗീകാരം നൽകിയിരുന്നു.

## ഗ്രാമങ്ങളിലേക്ക്

പ്രധാനമന്ത്രിയുടെ ഗ്രാമീണറോഡ് നിർമാണപദ്ധതിയിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ (630 കി.മീ.) റീടെൻഡർ വിളിച്ച് ആരംഭിക്കാൻ നടപടി സ്വീകരിച്ചു.

ഇന്ദിര ആവാസ് യോജന ഉൾപ്പെടെയുള്ള ഭവനപദ്ധതികൾക്ക് നൽകുന്ന സഹായം രണ്ടു ലക്ഷം രൂപയായി വർധിപ്പിച്ചു.

മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ ജോലി സമയം രാവിലെ ഒൻപതു മുതൽ ഏഴു മണിക്കൂറായി കുറയ്ക്കും. ഡി.ടി.പി ഓപ്പറേറ്റർ തുടങ്ങിയവരുടെ ആനുകൂല്യങ്ങൾ വർധിപ്പിച്ചു. കോട്ടയത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷൻ ഈ അധ്യയനവർഷം പ്രവർത്തിച്ചുതുടങ്ങും.

## നിത്യോപയോഗസാധനങ്ങൾ റേഷൻ കടയിൽ

നിത്യോപയോഗ സാധനങ്ങൾ റേഷൻകട വഴി വിതരണം ചെയ്യാൻ പദ്ധതി. ഇതിനു പുറമേ 1213 സഹകരണ വിപണന സ്റ്റാളുകൾ ആരംഭിച്ചു. എല്ലാ റേഷൻകടകളും രജിസ്ട്രേഷൻ ഓഫീസുകളും കംപ്യൂട്ടർവത്കരിക്കും.

## നഗരത്തിൽ കോഴിവളർത്തൽ, കന്നുകാലി ഇൻഷുറൻസ്

ഗ്രാമങ്ങൾക്കു പുറമേ, നഗരങ്ങളിലെ വീടുകളിൽ കോഴിവളർത്തൽ പദ്ധതി ആരംഭിക്കും. 550 രൂപ മുടക്കി രജിസ്റ്റർ



സംസ്ഥാന സർക്കാരിന്റെ ഒരു വർഷത്തെ നേട്ടങ്ങൾ വിവരിക്കുന്ന ഐ. & പി. ആർ.ഡി ചിത്രപ്രദർശനം വി.ജെ.ടി. ഹാളിൽ മന്ത്രിമാരായ വി.എസ്. ശിവകുമാർ, കെ.സി. ജോസഫ്, അനൂപ് ജേക്കബ്, കെ. ബാബു തുടങ്ങിയവർ നോക്കിക്കാണുന്നു.



നെൽപ്പാടങ്ങളിലെ യന്ത്രവത്കരണത്തിനായി രൂപം നൽകിയ മിത്രകർമസേനയുടെ ഉദ്ഘാടനം

മി
ക



മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ചെയ്താൽ കൂട്, കോഴിത്തീറ്റ, അഞ്ചു കോഴി എന്നിവ ലഭിക്കും. മുഴുവൻ കന്നുകാലികളെയും ഇൻഷുർ ചെയ്യും.

## പാൻമസാലരഹിതകേരളം

പുകയിലയും നിക്കോട്ടിനും ചേർത്ത ഗുഡ്ക്കയുടെയും പാൻമസാലയുടെയും നിർമാണം, സംഭരണം, വിതരണം, വില്പന എന്നിവയ്ക്ക് ഏർപ്പെടുത്തിയ നിരോധനം ശക്തമായി തുടരും. പാൻമസാല നിരോധിക്കുന്ന രാജ്യത്തെ രണ്ടാമത്തെ സംസ്ഥാനമാണ് കേരളം.

## കർഷകരോടൊപ്പം

കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ചവർക്ക് പുതിയ നിരക്കിലുള്ള ആനുകൂല്യം 2012 ഏപ്രിൽ മുതൽ ലഭിക്കും. കൈവശഭൂമിക്കു പട്ടയം നൽകുമ്പോൾ പട്ടയഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലെന്ന വിലക്ക് നീക്കാൻ നിയമഭേദഗതി. നാലിനം മരങ്ങളൊഴിച്ച് ബാക്കിയുള്ളവ വെട്ടാൻ അനുമതി നൽകും. മുഴുവൻ കർഷകരെയും രജിസ്റ്റർ ചെയ്യിക്കും.

15,000 പേർക്ക് വിവിധ ജില്ലകളിൽ ഉടൻ പട്ടയം നൽകും. അവശേഷിക്കുന്ന പട്ടയങ്ങൾ സമയബന്ധിതമായി നൽകും. ആറളം ഫാമിൽ അവശേഷിക്കുന്ന പ്ലോട്ടുകൾ ഭൂരഹിത ആദിവാസികൾക്ക് ഉടനേ പതിച്ചു നൽകും. കുടുംബാംഗങ്ങൾ തമ്മിൽ സ്വത്ത് ഭാഗഉടമ്പടി നടത്തുന്നതിന്റെ രജിസ്ട്രേഷൻ സർചാർജ് കുറയ്ക്കും.

## റോഡു സുരക്ഷയ്ക്ക് പ്രഥമപരിഗണന

വർധിച്ചുവരുന്ന റോഡപകടങ്ങൾ നിയന്ത്രിക്കാൻ കർശന നടപടി സ്വീകരിക്കും. ഏറ്റവും കൂടുതൽ റോഡപകടങ്ങൾ നടക്കുന്ന 525 കി.മീ. റോഡിൽ ഏഴു കി.മീ. ഇടവിട്ട് ട്രാഫിക് ക്യാമറ ഘടിപ്പിക്കും. 75 സ്ഥലങ്ങളിൽ 150 ക്യാമറകൾ സ്ഥാപിക്കുന്നതിന് 45 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. കോവളം-കൊട്ടിയം, വെഞ്ഞാറമൂട്-ചെങ്ങന്നൂർ, മണ്ണുത്തി-വാളയാർ, ശക്തികുളങ്ങര-അമ്പലപ്പുഴ, അമ്പലപ്പുഴ-ചങ്ങനാശേരി, കൊടുങ്ങല്ലൂർ-ഇരിങ്ങാലക്കുട, തൃശൂർ-കുറ്റിപ്പുറം, പാലക്കാട്-മലപ്പുറം എന്നിവിടങ്ങളിലാണ് ക്യാമറ സ്ഥാപിക്കുന്നത്.

അപകടത്തിനു കാരണക്കാരായ ഡ്രൈവർമാരുടെ ലൈസൻസ് ആറുമാസം മുതൽ ഒരു വർഷംവരെ സസ്പെൻഡ് ചെയ്യും. പ്രധാനപ്പെട്ട റോഡപകടങ്ങളുടെ കാരണം എന്താണെന്നു കളക്ടറുടെ നേതൃത്വത്തിലുള്ള റോഡ് സുരക്ഷാകൗൺസിൽ റിപ്പോർട്ട് തയാറാക്കണം.

## യുവജനങ്ങൾക്കു തൊഴിൽ

ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യക്ഷമായും അഞ്ചു ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്ന സ്വയംസംരംഭക മിഷൻ കാര്യക്ഷമമായി നടപ്പാക്കും. സ്കിൽ അപ്ഗ്രഡേഷൻ പരിപാടി ഈ വർഷം നടപ്പാക്കും.

## പവർകട്ടും ലോഡ്ഷെഡിങ്ങും ഇനിയില്ല

ഇനിയുള്ള ഒരു വർഷം പവർകട്ടും ലോഡ്ഷെഡിങ്ങും ഉണ്ടാകില്ല. സംസ്ഥാനത്ത് ഗാർഹികാവശ്യത്തിന് പതിനായിരം വീടുകളിൽ റൂഫ് ടോപ് സോളാർ പാനൽ വഴി വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി ഈ വർഷം നടപ്പാക്കും. ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള റൂഫ് ടോപ് സോളാർ പാനലുകൾക്ക് രണ്ടര ലക്ഷം രൂപയാണു ചെലവ്. ഇതിന്റെ മൂന്നിലൊന്ന് സബ്സിഡിയായി നൽകും.



മിത്രനികേതൻ കൃഷിവിജ്ഞാനകേന്ദ്രം കൃഷിമന്ത്രി കെ.പി. മോഹനൻ നിർവഹിക്കുന്നു



കോഴിക്കോട് സിറ്റി റോഡുകൾ നവീകരിക്കുന്നതിനുള്ള കരാർ പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞിന്റെ സാന്നിധ്യത്തിൽ ഒപ്പിട്ട് കൈമാറുന്നു



സർക്കാർ പുതിയ കെട്ടിടങ്ങൾ നിർമിക്കുമ്പോൾ സോളാർ ഊർജം ഉപയോഗിക്കാവുന്ന വിധത്തിൽ രൂപകല്പന ചെയ്യാൻ ചട്ടം കൊണ്ടുവരും.

റാന്നി-പെരുനാട് ജലവൈദ്യുത പദ്ധതി കമ്മിഷൻ ചെയ്തു. ആറു വടക്കൻ ജില്ലകളിൽ 12,000 കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകി. കാറ്റിൽ നിന്നും 200 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ഈ വർഷം ഏറ്റെടുക്കും.

## മാലിന്യസംസ്കരണം

വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിന് 100 കോടി രൂപ ചെലവഴിക്കും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവയ്ക്കു പുറമേ കോട്ടയം, കൊല്ലം, തൃശൂർ എന്നിവിടങ്ങളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ തുടങ്ങും. ശബരിമല മാലിന്യമുക്തമാക്കുന്നതിന് പമ്പയിലുള്ള പ്ലാന്റിന്റെ ശേഷി വർധിപ്പിക്കും.

ശബരിമലയിൽ അഞ്ചു എം.എൽ.ഡി ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കും. പമ്പാനദി മാലിന്യമുക്തമാക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിക്കും.

## അടിസ്ഥാനവികസനമേഖലയിൽ മുന്നേറ്റം

റോഡു വികസനത്തിന് രൂപീകൃതമായ സംസ്ഥാന റോഡു വികസന ഇൻഫ്രാസ്ട്രക്ചർ കമ്പനി 1,200 കി.മീ. റോഡിന്റെ വർക്ക് 5,100 കോടി രൂപ മുടക്കി നടത്തും.

ഇതിൽ 551 കി.മീ. പുതിയ റോഡുകളുടെ ടെൻഡർ 60 ദിവസത്തിനുള്ളിൽ ക്ഷണിക്കും. 2013 ജൂണിൽ വർക്ക് പൂർത്തിയാക്കും. അന്താരാഷ്ട്ര നിലവാരത്തിൽ തീർക്കുന്ന ഈ റോഡുകൾ ടോൾഫ്രീ ആയിരിക്കും.

കെ.എസ്.ടി.പിയിൽ 300 കി.മീ റോഡുകൾ അപ്ഗ്രേഡ് ചെയ്യും. 400 കി.മീ. റോഡുകൾ ഹെവി മെയിന്റനൻസിന് ഡിസംബറിനുള്ളിൽ ടെൻഡർ ചെയ്യും.

ദേശീയപാതയിൽ വാളയാർ-മണ്ണുത്തി സെക്ടർ ആറുവരിയിൽ 2014 ജൂണിൽ പൂർത്തിയാക്കും.

ചേർത്തല-കഴക്കൂട്ടം സെക്ടറിന് സ്ഥലമേറ്റെടുക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

## ദേശീയ ഗെയിംസിന് ഒരുക്കം

ദേശീയ ഗെയിംസിന്റെ 10 സ്റ്റേഡിയങ്ങൾ ഈ വർഷം പൂർത്തിയാക്കും. 18 സിന്തറ്റിക് കോർട്ടുകളുടെയും പത്തു സ്വിമ്മിങ് പൂളുകളുടെയും നിർമാണം പൂർത്തിയാക്കും. കായികതാരങ്ങൾക്ക് മുടങ്ങിക്കിടക്കുന്ന കാഷ് അവാർഡുകൾ ഉടൻ നൽകും.

## സിനിമ

ചലച്ചിത്ര വികസന കോർപ്പറേഷന്റെ എട്ടു തിയേറ്ററുകൾ നവീകരിക്കും. ആലപ്പുഴയിൽ രണ്ടു തിയേറ്ററുകൾ നിർമിക്കും. ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം പൂർത്തിയാക്കും.

## മദ്യനയം

പുതിയ മദ്യശാലകൾക്ക് ലൈസൻസ് നൽകാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആഗസ്റ്റ് 15 നകം കൈമാറും.

## തീരദേശവികസനം

തീരദേശവികസനത്തിന് തീരദേശ വികസന അതോറിറ്റി രൂപീകരിച്ചു.



## മൂല്യവർധിത നാളികേരം

സംസ്ഥാനത്ത് മൂന്നു കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കും. മൂല്യവർധിതവും വൈവിധ്യമാർന്നതുമായ ഉത്പന്നങ്ങളാണ് ഇവിടെ നിർമിക്കുന്നത്. മെഷീൻ ഉപയോഗിച്ച് തെങ്ങുകയറുന്ന തൊഴിലാളികൾ വായ്പയെടുത്ത് ടൂ വീലർ വാങ്ങുമ്പോൾ 25 ശതമാനം തുക സർക്കാർ സബ്സിഡി നൽകും.

## സ്വാശ്രയം ശാന്തം

ദീർഘകാലത്തെ അനിശ്ചിതത്വത്തിനു ശേഷം സ്വാശ്രയ കോളേജ് കരാർ യഥാസമയം ഒപ്പിട്ടു. 2,400 എൻജിനീയറിങ് സീറ്റുകളിൽ സൗജന്യമായി പഠിക്കാൻ സൗകര്യമൊരുക്കി. എൻജിനീയറിങ് ബിരുദം ആഗ്രഹിക്കുന്ന എല്ലാ കുട്ടികൾക്കും കേരളത്തിൽത്തന്നെ പഠിക്കാൻ സൗകര്യമുണ്ട്. 142 കോളേജുകളിലായി 48,149 എൻജിനീയറിങ് സീറ്റുകൾ ലഭ്യമാണ്.

പുതിയ തലമുറയ്ക്ക് കൂടുതൽ മെച്ചപ്പെട്ട അവസരങ്ങൾ ലഭിക്കാൻ ഉന്നതവി




**സാമൂഹികക്ഷേമ വകുപ്പ് ദിനാഘോഷ പരിപാടിയിൽ എസ്.എസ്.എൽ.സി-പ്ലസ് ടു പരീക്ഷയിൽ ഉന്നതവിജയം നേടിയവർക്കുള്ള പുരസ്കാരങ്ങൾ വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദു റബ്ബ് വിതരണം ചെയ്യുന്നു**

ദ്യാഭ്യാസമേഖലയിൽ സർക്കാരിന്റെ ശക്തമായ ഇടപെടൽ ഉണ്ടാകും. മികവു പുലർത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് കൂടുതൽ ഉയരങ്ങളിലെത്താനുള്ള സാഹചര്യം സൃഷ്ടിക്കും.

അധ്യാപക പാക്കേജിലൂടെ പൊതുവിദ്യഭ്യാസരംഗത്ത് ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചു.

## മലയാളം സർവകലാശാല

അടുത്ത നവംബർ ഒന്നിന് തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാല പ്രവർത്തനം അരംഭിക്കും.

## നോക്കുകൂലിക്ക് വിരാമം

നോക്കുകൂലി തടയാൻ ശക്തമായ നടപടി സ്വീകരിച്ചു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നവീകരിക്കാനും എല്ലാ തൊഴിലിനും മിനിമം കൂലി ഉറപ്പുവരുത്താനും നടപടിയായി.

## വേതനസുരക്ഷാ പദ്ധതി

സംസ്ഥാനത്ത് ഈ വർഷം വേതന സുരക്ഷാപദ്ധതി നിലവിൽവരും. ഇതിന്റെ ഭാഗമായി വേജ് പ്രൊട്ടക്ഷൻ ആക്ട് കൊണ്ടുവരും. ചെറുകിട ബാങ്കുകൾ, ഐടി മേഖല, സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ, ടെക്സ്റ്റൈൽ സ്ഥാപനങ്ങൾ, ജ്വല്ലറികൾ, സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിർമാണമേഖല എന്നിവിടങ്ങളിലാണ് വേതനസുരക്ഷാപദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കുക. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അവരുടെ വേതനം ബാങ്കുകൾവഴി മാത്രമേ തൊഴിലുടമകൾക്ക് വിതരണം ചെയ്യാൻ കഴിയുകയുള്ളൂ.

സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് നിയമനിർമാണം നടത്തും. അടുത്ത സെപ്റ്റംബർ 30 നകം രജിസ്ട്രേഷൻ പൂർത്തിയാക്കണം.

ഇന്ത്യയിലാദ്യമായി ഓൺലൈനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാനുള്ള പദ്ധതി ആഗസ്റ്റ് 15 ന് നടപ്പാക്കും.

യുവജനങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നിലവിൽ വരും. ആദ്യപടിയായി കൺസ്ട്രക്ഷൻ അക്കാദമിക്ക് തുടക്കം കുറിക്കും.

## നഗരവികസനം

എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാസ്റ്റർ പ്ലാൻ. കെട്ടിട നിർമാണ അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കും.




**തൊഴിൽ ഭവന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു. തൊഴിൽ മന്ത്രി ഷിബു ബേബിജോൺ സമീപം**

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കും.

## ന്യൂനപക്ഷക്ഷേമം

ന്യൂനപക്ഷ കമ്മിഷൻ, ന്യൂനപക്ഷ ധനകാര്യവികസന കോർപ്പറേഷൻ എന്നിവ രൂപീകരിക്കും. ന്യൂനപക്ഷ വനിതകൾക്കായി പദ്ധതികൾ ആരംഭിക്കും.

## മുല്ലപ്പെരിയാർ

'കേരളത്തിനു സുരക്ഷ, തമിഴ്നാടിനു വെള്ളം' എന്ന സമീപനം യാഥാർഥ്യമാക്കുവാൻ കേരളം പ്രതിജ്ഞാബദ്ധമാണ്. എംപവേർഡ് കമ്മിറ്റിയുടെ റിപ്പോർട്ട് കേരളത്തിനു പുതിയ ഡാം എന്ന ആവശ്യത്തിന് പ്രതീക്ഷ നൽകുന്നു. ഇതു പ്രാവർത്തികമാക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകും.

## തലസ്ഥാനവികസനം

തിരുവനന്തപുരം തലസ്ഥാനമേഖല വികസനത്തിന് മുഖ്യമന്ത്രി ചെയർമാനായി നഗരവികസന കമ്മിറ്റി രൂപീകരിച്ചു. ചീഫ് സെക്രട്ടറി എംപവേർഡ് കമ്മിറ്റി ചെയർമാ



നാണ്. അഞ്ചു ഉപസമിതികളും രൂപീക രിച്ചു.

## സി പ്ലെയിൻ സർവീസ് ഉടൻ

സംസ്ഥാനത്ത് സി പ്ലെയിൻ സർവീസ് ഈ വർഷം ആരംഭിക്കും. ബേപ്പൂരിൽ നിന്നും കാപ്പാട്ടേക്ക് ടൂറിസ്റ്റ് ബോട്ട് സർവീസ് ആരംഭിക്കും. ഇലവീഴാപ്പൂഞ്ചിറ മേജർ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റും. കോവളം, മൂന്നാർ, കുമരകം മാലിന്യമുക്തകേന്ദ്രങ്ങ ളാക്കും.

## സ്മാർട്ട് സിറ്റി

അഞ്ചു വർഷമായി ഇഴഞ്ഞുകൊണ്ടി രുന്ന സ്മാർട്ട് സിറ്റി യാഥാർഥ്യത്തിലേക്ക് അടുക്കുകയാണ്. സ്മാർട്ട് സിറ്റി പവലി യന്റെ ഉദ്ഘാടനവും ആസ്ഥാനമന്ദിരം ശിലാസ്ഥാപനവും ജൂൺ ഒമ്പതിന് നടക്കും. ഐ.ടി. & ഐ.ടി.ഇ.എസ്., മീഡിയ, ഫിനാൻസ്, റിസർച്ച് & ഇന്നവേഷൻ എന്നീ നാലു ക്ലസ്റ്ററുകളിലായാണ് സ്മാർട്ട് സിറ്റി യുടെ നിർമാണത്തിന് പദ്ധതി തയാറാക്കി യിരിക്കുന്നത്.



സാം പിട്രോഡ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ സന്ദർശിച്ചപ്പോൾ

ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഐ.ടി. & ഐ.ടി.ഇ.എസ്. കെട്ടിടത്തിന്റെ നിർമാ ണമാണ് ആദ്യം തുടങ്ങുന്നത്. 18 മാസത്തി നുള്ളിൽ ഇതു പൂർത്തിയാകും.

## സാം പിട്രോഡയുടെ പത്തു പദ്ധതികൾ

കേരളത്തിന്റെ മെന്റർ സാം പിട്രോഡ യുടെ നേതൃത്വത്തിലുള്ള സംഘം പത്തു ബിസിനസ് പ്ലാനുകൾ ആഗസ്റ്റോടെ അവ തരിപ്പിക്കും. തീരദേശ കപ്പൽഗതാഗതം, നോളജ് സിറ്റി, ആയുർവേദം, മാലിന്യസം സ്കരണം, ഇ-ഗവേണൻസ് എന്നീ അഞ്ചു മേഖലകളിൽനിന്നുള്ളവയാണ് അവ. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും നൈപു ണ്യവികസനവും, മെഡിക്കൽ ഇൻഷു റൻസ്, വിരമിച്ച ജീവനക്കാരെ വീണ്ടും പ്രയോജനപ്പെടുത്തൽ, പരമ്പരാഗത വ്യവ സായങ്ങളുടെ ആധുനീകരണം, അതിവേഗ റെയിൽ ഇടനാഴി എന്നീ പദ്ധതികൾ നട പ്പാക്കും.

## ജലവിഭവം

കൊച്ചിയിൽ 1,000 കോടി രൂപയുടെ പുതിയ ജപ്പാൻ കുടിവെള്ളപദ്ധതി നടപ്പി ലാക്കും. തിരുവനന്തപുരം, കൊല്ലം, കണ്ണൂർ എന്നിവിടങ്ങളിൽ ജപ്പാൻ കുടി വെള്ളപദ്ധതികൾ ഈ വർഷം പൂർത്തി യാക്കും. തീരപ്രദേശങ്ങളിൽ കടൽവെള്ളം




സ്മാർട്ട് സിറ്റി കൊച്ചി പവലിയന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുന്നു

ശുദ്ധീകരിച്ച് കുടിവെള്ളം നൽകുന്ന പദ്ധതി നടപ്പിലാക്കും. പ്രധാനപ്പെട്ട ഡാമുകളുമായി ബന്ധപ്പെട്ട് ഉദ്യാനങ്ങൾ നിർമിക്കും. അടുത്ത രണ്ടു വർഷത്തിനുള്ളിൽ 50 ശതമാനം ജനങ്ങൾക്കും പൈപ്പ് വെള്ളം ലഭിക്കാനുള്ള പദ്ധതി നടപ്പാക്കും. കേടുവന്ന പൈപ്പുകളും മോട്ടോറുകളും പമ്പുകളും ഘട്ടംഘട്ടമായി മാറ്റുന്നതാണ്. 200 പഞ്ചായത്തുകളിൽക്കൂടി ജലനിധി പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചു. രാജീവ്ഗാന്ധി കുടിവെള്ളപദ്ധതിയിൽ 30 എണ്ണം പൂർത്തിയാക്കി.

## എമേർജിങ് കേരള

സംസ്ഥാനത്തേക്ക് വൻതോതിൽ നിക്ഷേപകരെ ആകർഷിക്കാനുള്ള എമേർജിങ് കേരളയ്ക്ക് തുടക്കം. സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിലാണ് ആഗോള നിക്ഷേപകസംഗമം നടത്തുന്നത്. നയതന്ത്രപ്രതിനിധികളും നിക്ഷേപകരുമായി ഡൽഹിയിലും മുംബൈയിലും മുഖ്യമന്ത്രിയും സംഘവും വിപുലമായ കൂടിക്കാഴ്ച നടത്തി. രാജ്യത്തും പുറത്തും ഇത്തരം കൂടിക്കാഴ്ചകൾ തുടരും.

## വിഷൻ 2030

കേരളത്തെ മുന്നോട്ടു നയിക്കേണ്ടത് ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലായിരിക്കണം. ജനങ്ങളിൽനിന്ന് നിർദേശങ്ങളും ആശയങ്ങളും ക്ഷണിച്ചും വിവിധ തുറകളിൽപ്പെട്ടവരുമായി സംവദിച്ചും തയാറാക്കുന്ന വിഷൻ 2030 പദ്ധതികൾക്ക് ഈ വർഷം രൂപംകൊടുക്കും.

## പദ്ധതിവിഹിതത്തിൽ കുതിപ്പ്

2011-12 വർഷത്തേക്കുള്ള സംസ്ഥാനത്തിന്റെ പദ്ധതിവിഹിതം 12,010 കോടി രൂപയായി വർധിച്ചു. മുൻവർഷത്തെക്കാൾ 20 ശതമാനം വർധന. 12 ാം പഞ്ചവത്സര പദ്ധതിത്തുക 1,05,000 കോടി രൂപയായി. നേരത്തേയിത് 40,422 കോടി രൂപയായിരുന്നു.

## കേന്ദ്രപദ്ധതികൾ മുന്നോട്ട്

കുട്ടനാട്, ഇടുക്കി എന്നിവയുൾപ്പെടെയുള്ള എല്ലാ കേന്ദ്ര പാക്കേജുകളും പദ്ധതികളും സജീവമായി മുന്നോട്ടുകൊണ്ടുപോകും. കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രിമാരുടെയും എം.പിമാരുടെയും കൂട്ടായ യത്നംമൂലം സംസ്ഥാനത്തിന് പരമാവധി സഹായം ലഭിച്ചുകൊണ്ടിരിക്കുകയാണ്. അവ ഏറ്റവും കാര്യക്ഷമമായി നടപ്പാക്കും.

തികഞ്ഞ അഭിമാനത്തോടെയാണ് യു.ഡി.എഫ് സർക്കാർ പ്രോഗ്രസ് കാർഡുമായി ജനങ്ങളുടെ മുന്നിൽ നിൽക്കുന്നത്. *വികസനവും കരുതലും* എന്ന മുദ്രാവാക്യത്തോട് നൂറു ശതമാനവും നീതിപുലർത്തിയാണ് സർക്കാർ പ്രവർത്തിച്ചത്. തെറ്റുകൾതിരുത്തി കൂടുതൽ വികസനക്ഷേമ പരിപാടികളോടെയും നിശ്ചയദാർഢ്യത്തോടെയും സർക്കാർ മുന്നോട്ടുപോകും ■



**മന്ത്രിസഭയുടെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി വലിയതുറ കൊച്ചുതോപ്പ് സെന്റ് ആന്റണീസ് യു.പി. സ്കൂൾ അങ്കണത്തിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഒരുക്കിയ ഫോട്ടോപ്രദർശനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കാണുന്നു. മന്ത്രിമാരായ കെ. ബാബു, വി.എസ്. ശിവകുമാർ എന്നിവർ സമീപം**




**കൊച്ചി വിമാനത്താവളത്തിലെ ട്രേഡ് ഫെയർ ആൻഡ് എക്സിബിഷൻ സെന്റർ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു**



**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി-മാനേജ്മെന്റ് കേരളയുടെ പുതിയ ക്യാംപസ് ടെക്നോപാർക്കിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു.**

■ ഡോ. പി.കെ. ജമീല
ഡയറക്ടർ, ആരോഗ്യവകുപ്പ്

# പകർച്ചവ്യാധി പ്രതിരോധത്തിന് സമഗ്ര

മഴയുടെ ആരംഭത്തോടെ മിക്കവാറും എല്ലാ ജില്ലകളിലും വ്യാപകമായ രീതിയിൽ വൈറൽപനി ഉണ്ടായിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും ലഘുവായതും രണ്ടോ-മൂന്നോ ദിവസംകൊണ്ട് വിട്ടുമാറുന്നതുമായ പനികൾ ആയിരുന്നു. ചില സ്ഥലങ്ങളിൽ ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി, ചിക്കുൻഗുനിയ തുടങ്ങിയ പ്രത്യേകതരം പനികളും ഉണ്ടായിട്ടുണ്ട്. ചില ജില്ലകളിൽ ജലജന്യരോഗങ്ങളായ വയറിളക്കം, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെട്ടു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഡെങ്കിപ്പനി കൂടുതലായി കാണപ്പെട്ടു. വയനാട് ജില്ലയിലെ ചില ആദിവാസി കോളനികളിലും കോഴിക്കോട്, മലപ്പുറം, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഒറ്റപ്പെട്ടും കോളറ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ എച്ച്1.എൻ.1 ഉം കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ചില പ്രദേശങ്ങളിൽ ഹെപ്പറ്റൈറ്റിസ്-ബിയും ഈ വർഷം റിപ്പോർട്ട് ചെയ്തു.

## പ്രതിരോധനിയന്ത്രണപ്രവർത്തനങ്ങൾ

പകർച്ചവ്യാധികൾക്കെതിരെ മുൻകൂട്ടി പ്രതിരോധിക്കാൻ ജനുവരി മുതൽ സംസ്ഥാനസർക്കാർ *സമഗ്ര* എന്ന പേരിൽ രോഗപ്രതിരോധ പരിപാടി ആവിഷ്കരിച്ച് വിവിധ വകുപ്പുകളെ (പഞ്ചായത്ത്, നഗരകാര്യം, ജലവിഭവം, സാമൂഹികക്ഷേമം, വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം, പൊതുമരാമത്ത്, തൊഴിൽ, ഫിഷറീസ്, പട്ടികജാതി/വർഗക്ഷേമം തുടങ്ങിയവ) ഏകോപിപ്പിച്ച് പൊതുജനപങ്കാളിത്തത്തോടെ മൂന്നു ഘട്ടങ്ങളിലായി നടപ്പാക്കിവരുന്നു.

### ഒന്നാം ഘട്ടം (ജനുവരി 15 - മാർച്ച് 15)

സാംക്രമികരോഗങ്ങൾ താരതമ്യേന കുറവുള്ള ഈ കാലയളവിൽ കൊതുക്, കൂത്താടിനശീകരണം, ആരോഗ്യബോധവത്കരണം എന്നീ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കി.



**പനിബാധിതരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആരോഗ്യവകുപ്പ് മന്ത്രി വി.എസ്. ശിവകുമാർ സന്ദർശിക്കുന്നു**

ജില്ല, ബ്ലോക്ക്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുതലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തി.

കൊതുകു സർവേ, ഉറവിടനശീകരണം, കൊതുക്-കൂത്താടി നശീകരണപ്രവർത്തനങ്ങൾ തുടങ്ങിയവയാണ് പ്രധാനമായും ചെയ്തത്.

മാലിന്യനിർമാർജനത്തിനുള്ള ശ്രമങ്ങളിൽ സഹകരിച്ച് മാർഗനിർദേശം നൽകി.

ടി.വി., റേഡിയോ, പത്രമാധ്യമങ്ങൾ വഴിയും ആരോഗ്യപ്രവർത്തകർ വഴിയും ബോധവത്കരണം വ്യാപകമായി നടത്തുകയും വിവിധ തലങ്ങളിൽ ഏകോപനസമിതികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

പൊതുജനപങ്കാളിത്തത്തിനായി വകുപ്പുതല ഉദ്യോഗസ്ഥർ ഫീൽഡ് തലത്തിൽ പ്രവർത്തിച്ചു.

## രണ്ടാം ഘട്ടം (മേയ് 15 – ജൂലൈ 31)

മഴ തുടങ്ങിയതോടെ കൊതുകുജന്യരോഗങ്ങൾ വർധിച്ചു. ഒന്നാം ഘട്ട പ്രവർത്തനങ്ങളോടൊപ്പം താഴെപ്പറയുന്ന പ്രവർത്തനങ്ങളും തുടങ്ങി.

രോഗികൾക്കുവേണ്ട സേവനങ്ങളും രോഗപ്രതിരോധപ്രവർത്തനങ്ങളും ഉറപ്പുവരുത്തി. പകർച്ചവ്യാധികളെക്കുറിച്ചുള്ള റിപ്പോർട്ടിങ്ങും നിരീക്ഷണവും നിയന്ത്രണ പ്രവർത്തനങ്ങളും ദിവസവും കർശനമായി വിലയിരുത്തുന്നുണ്ട്. ഇതിനായി അവലോകനം സംസ്ഥാന-ജില്ലാതലങ്ങളിൽ നടത്തി വ്യക്തമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു.

കുടിവെള്ളസ്രോതസുകളിൽ ക്ലോറിനേഷനും സൂപ്പർ ക്ലോറിനേഷനും നടക്കുന്നു.

## മൂന്നാം ഘട്ടം (സെപ്റ്റംബർ ഒന്ന് – നവംബർ 15)

ഈ മാസങ്ങളിൽ എലിപ്പനിയും മലമ്പനിയുമാണ് സാധാരണയായി കണ്ടുവരുന്നത്. പ്രധാനമായും ഈ രോഗങ്ങളെ സംബന്ധിച്ച പ്രതിരോധപ്രവർത്തനങ്ങളും ചികിത്സയും ഈ ഘട്ടത്തിൽ ഊർജിതമായി നടത്തും. ഈ രോഗങ്ങൾക്കെതിരെ ജാഗ്രത പുലർത്താനും മറ്റു ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾ ശുഷ്കാന്തിയോടെ തുടരാനും നിർദേശിച്ചിട്ടുണ്ട്.

മറുനാടൻ തൊഴിലാളികളുടെ സ്ക്രീനിങ് ക്യാമ്പുകൾ വ്യാപകമാക്കും. എലിപ്പനിക്കെതിരെ ഡോക്സിസൈക്ലിൻ ഗുളിക നൽകിയിട്ടുള്ള പ്രതിരോധചികിത്സയ്ക്ക് ഊന്നൽ നൽകും.

രോഗബാധയ്ക്കു സാധ്യത കൂടുതലുള്ള ജോലികളിൽ ഏർപ്പെടുന്നവർക്ക് ഡോക്സിസൈക്ലിൻ ഗുളിക നൽകാനുള്ള നിർദേശം നൽകി.

മറ്റു വകുപ്പുകളുടെ സഹകരണത്തോടെ ഖരമാലിന്യനിർമാർജനപ്രവർത്തനങ്ങൾക്കും എലികളുടെ നശീകരണത്തിനും പരിശ്രമിക്കും.

## രണ്ടാം ഘട്ടത്തിനുമുള്ള തയാറെടുപ്പുകൾ

മാർച്ചിൽ ഓരോ ജില്ലയിലെയും പൊതുജനാരോഗ്യ ടീമംഗങ്ങളായ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, ഡിസ്ട്രിക്ട് സർവൈലൻസ് ഓഫീസർ, ജില്ലാ മലേറിയ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ്, ബയോളജിസ്റ്റ് എന്നിവർക്ക് പരിശീലനവും പ്രവർത്തനാവലോകനവും നടത്തി.



ബോധവത്കരണത്തിനായി കൈപ്പുസ്തകം, പോസ്റ്ററുകൾ, ലഘുലേഖ മുതലായവ തയാറാക്കി ജില്ലകളിൽ ലഭ്യമാക്കി.

പനിചികിത്സയ്ക്കുള്ള മാർഗരേഖ (ഫീവർ പ്രോട്ടോക്കോൾ) തയാറാക്കി എല്ലാ ജില്ലകൾക്കും നൽകി.

ഐ.ഡി.എസ്.പി. മുഖാന്തരമുള്ള രോഗനിരീക്ഷണസംവിധാനവും ശക്തിപ്പെടുത്തി. സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും യോഗം ചേർന്ന് അതത് സമയത്തുതന്നെ വേണ്ട നിർദേശങ്ങൾ നൽകി രോഗനിയന്ത്രണം ത്വരിതഗതിയിലാക്കി.

രോഗനിർണയത്തിനുള്ള സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബയോടെക്നോളജി, തിരുവനന്തപുരം; കസ്തൂർബ മെഡിക്കൽ കോളേജ്, മണിപ്പാൽ; ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ആലപ്പുഴ എന്നീ സ്ഥാപനങ്ങളിലേക്ക് രക്തസാമ്പിളുകളും മറ്റും അയച്ച് പരിശോധിച്ചുവരുന്നു.

രോഗചികിത്സയ്ക്കായി മരുന്നുകളും അനുബന്ധ സാമഗ്രികളും എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്.

രോഗനിർണയത്തിനുള്ള സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബയോടെക്നോളജി, തിരുവനന്തപുരം; കസ്തൂർബ മെഡിക്കൽ കോളേജ്, മണിപ്പാൽ; ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ആലപ്പുഴ എന്നീ സ്ഥാപനങ്ങളിലേക്ക് രക്തസാമ്പിളുകളും മറ്റും അയച്ച് പരിശോധിച്ചുവരുന്നു. രോഗചികിത്സയ്ക്കായി മരുന്നുകളും അനുബന്ധ സാമഗ്രികളും എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്.

കൊതുക്, കൂത്താടിനിയന്ത്രണത്തിനാവശ്യമായ കീടനാശിനികൾ, ജലശുദ്ധീകരണത്തിന് ബ്ലീച്ചിങ് പൗഡർ, പരിസരശുചീകരണത്തിന് ഫിനോയിൽ മുതലായവ ആവശ്യത്തിന് ലഭ്യമാക്കി. ജീവനക്കാർക്കാവശ്യമായ പരിശീലനം നൽകിക്കഴിഞ്ഞു.

പകർച്ചവ്യാധി പ്രതിരോധനിയന്ത്രണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താൻ മുഖ്യമന്ത്രി അടിയന്തരയോഗം വിളിച്ചുചേർത്തു. യോഗത്തിൽ വിവിധ വകുപ്പുകൾ പകർച്ചവ്യാധി പ്രതിരോധത്തിന് ചെയ്യേണ്ട കർത്തവ്യങ്ങളെപ്പറ്റി വ്യക്തമായ നിർദേശം നൽകി. മേയ് 15 മുതൽ ഊർജിത ശുചീകരണയജ്ഞമായി നടപ്പിലാക്കാൻ നിർദേശിച്ചതനുസരിച്ച് അതത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലായോഗങ്ങൾ കൂടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

പ്രവർത്തനച്ചെലവിലേക്കുള്ള തുക (എൻ.ആർ.എച്ച്.എം വാർഡ് ഹെൽത്ത് സാനിട്ടേഷൻ ഫണ്ട് ഉൾപ്പെടെ) എല്ലാ ജില്ലകൾക്കും ലഭ്യമാക്കി.

മേയ് 17 ശുചിത്വദിനമായി സംസ്ഥാനത്തുടനീളം ആചരിച്ച് വിവിധ സ്ഥാപനങ്ങളും ഓഫീസുകളും പൊതുസ്ഥലങ്ങളും ശുചീകരിച്ചു. ശുചീകരണപ്രവർത്തന

ങ്ങൾക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ തൊഴിൽദിനങ്ങളും ഉപയുക്തമാക്കി. ആരോഗ്യവകുപ്പിലെ ദ്രുതകർമ്മസേന യോഗംചേർന്ന് രോഗാവസ്ഥയും നിയന്ത്രണപ്രവർത്തനങ്ങളും അവലോകനം ചെയ്തു.

മേയ്-ജൂൺ മാസങ്ങളിൽ ഊർജിതപ്രതിരോധ - നിയന്ത്രണപ്രവർത്തനങ്ങൾ നടത്താൻ വിശദമായ ഉത്തരവുകൾ ജില്ലകളിലേക്ക് അയച്ചു.

വയനാട്ടിലെ കോളറയും തിരുവനന്തപുരത്തെ ഡെങ്കിപ്പനിയും മെഡിക്കൽ കോളേജിലെയും ആരോഗ്യവകുപ്പിലെയും വിദഗ്ധ ടീം ഇൻവെസ്റ്റിഗേഷൻ നടത്തി വേണ്ട നടപടികൾ സ്വീകരിച്ചു.

ജൂൺ നാലു മുതൽ 17 വരെ സംസ്ഥാനത്തുടനീളം ഊർജിത പകർച്ചവ്യാധി പ്രതിരോധ - നിയന്ത്രണപക്ഷാചരണയജ്ഞമായി നടപ്പാക്കി. സി.ഡി.ഡി.ഒ. ആർ.ടി. വാരാചരണവും മലമ്പനിവിരുദ്ധ മാസാചരണവും ഇതോടൊപ്പം നടപ്പാക്കി.

രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ അതത് ജില്ലകളിലെ ദ്രുതകർമസേനയും പൊതുജനാരോഗ്യ ടീമും അപ്പപ്പോൾ സന്ദർശിച്ച് സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

ടാങ്കർലോറി വഴി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻവേണ്ട നടപടി സ്വീകരിച്ചു.

കുടിവെള്ള സ്രോതസ്സ് ഏതായാലും തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കാൻവേണ്ട അവബോധം ജനങ്ങൾക്കു നൽകി. ഹോട്ടലുകൾ, ശീതളപാനീയകടകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

രോഗവ്യാപനം നടക്കുന്നിടത്ത് ചികിത്സയ്ക്കും നിയന്ത്രണപ്രവർത്തനങ്ങൾക്കും ആവശ്യത്തിന് ഡോക്ടർമാരെയും ഫീൽഡ് സ്റ്റാഫിനെയും വിന്യസിപ്പിച്ചു. ആവശ്യാനുസരണം മെഡിക്കൽ ക്യാമ്പുകൾ നടത്താൻ നിർദേശം നൽകി.

ആശുപത്രിയും പരിസരവും രോഗാണുക്കളും രോഗം പരത്തുന്ന ജീവികളും പെറ്റുപെരുകുന്നത് തടയാനുള്ള നടപടികൾ കൈക്കൊണ്ടു.

കുടിവെള്ള സ്രോതസ്സുകൾ ക്ലോറിനേഷൻ/സൂപ്പർക്ലോറിനേഷൻ നടത്തി. കൊതുകുജന്യരോഗങ്ങൾ റിപ്പോർട്ടുചെയ്യുന്ന സ്ഥലങ്ങളിൽ ഫോഗിങ്, സ്പ്രേയിങ്, ഐ.ആർ.എസ് തുടങ്ങിയവ നടത്തുന്നു.

കെട്ടിനിൽക്കുന്ന ജലവുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്യുന്നവർക്ക് എലിപ്പനിക്കെതിരെ പ്രതിരോധചികിത്സ നൽകിവരുന്നു.

രോഗചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, ഒ.ആർ.എസ്, ഐ.വി.ഫ്ളൂയിഡുകൾ മറ്റ് അനുബന്ധസമഗ്രികൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചു.

> എല്ലാ ജില്ലകളിലും മൊബൈൽ ഫീവർ ക്ലിനിക്കുകൾ തുറന്നു പ്രവർത്തിച്ചുവരുന്നു. ഇതിന് ആവശ്യമെങ്കിൽ വാഹനം വാടകയ്ക്കെടുക്കാൻ നിർദേശിച്ചു. ജില്ലാ ആശുപത്രികളിലെ ലാബ് സൗകര്യം 24 മണിക്കൂറായി ഉയർത്തി. താലൂക്കാശുപത്രി ലാബ് രാത്രി എട്ടു മണി വരെ പ്രവർത്തിക്കും. പനിബാധിതരായി ആശുപത്രികളിൽ അഡ്മിറ്റു ചെയ്യുന്നവരെ രോഗപ്പകർച്ച തടയാനായി കൊതുകുവലയ്ക്കുള്ളിൽ കിടത്താൻ സംവിധാനം ഏർപ്പെടുത്തി.

പ്രതിരോധപ്രവർത്തനങ്ങൾക്കായി 43.5 ലക്ഷം രൂപയുടെ ഫണ്ട് ജില്ലകൾക്കായി അനുവദിച്ചു.

### ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ്

സംസ്ഥാനത്തെ പകർച്ചവ്യാധികളുടെ വ്യാപ്തി, നിയന്ത്രണപ്രവർത്തനങ്ങൾ, ചികിത്സാസൗകര്യങ്ങളുടെ ലഭ്യത തുടങ്ങിയവയെപ്പറ്റി അടിയന്തരമായി ചർച്ച ചെയ്യാൻ പ്രത്യേക മന്ത്രിസഭായോഗം ചേർന്നു.

പകർച്ചവ്യാധിനിയന്ത്രണവും ശുചീകരണപ്രവർത്തനവും സംബന്ധിച്ച വിഷയങ്ങളിൽ യഥാസമയം തീരുമാനമെടുക്കുന്നതിനായി ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിച്ചു. ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് ഗ്രൂപ്പിന്റെ അധ്യക്ഷൻ.

എൻ.ആർ.എച്ച്.എം മിഷൻ ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ എന്നിവർ ഇതിൽ അംഗങ്ങളാണ്. ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് അടുത്ത രണ്ടു മാസങ്ങളിൽ ദിവസേന യോഗം ചേർന്ന് വിവരങ്ങൾ ആരോഗ്യമന്ത്രിയെ

## പകർച്ചപ്പനിയുമായി ബന്ധപ്പെട്ട് ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് ജനങ്ങൾക്കു നൽകുന്ന നിർദേശങ്ങൾ

- പനി ഒരു രോഗമല്ല, രോഗലക്ഷണമാണ്. പനിയെ ഭയപ്പെടേണ്ട, രോഗിയെ ജാഗ്രതയോടെ പരിചരിക്കൂ.
- പനികൾ പൊതുവേ വൈറൽ പനികളാണ്, അവയ്ക്ക് മിക്കപ്പോഴും പലതരം പരിശോധനകളും നിരവധി ഔഷധങ്ങളും വേണ്ട.
- സാധാരണ വൈറൽ പനികൾ ഭേദമാകാൻ മൂന്നു മുതൽ അഞ്ചു ദിവസം വരെ വേണ്ടിവരാം.
- പനിക്കെതിരെയുള്ള എല്ലാ മരുന്നുകളും - ഏറ്റവും ലളിതമായ പാരസെറ്റമോൾ പോലും - ഡോക്ടറുടെ നിർദേശപ്രകാരം കഴിക്കുന്നതാണ് നല്ലത്.
- ആശുപത്രിയിലായാലും വീട്ടിലായാലും ശരീരത്തിനു വേണ്ടത്ര ശ്രദ്ധയും പരിചരണവും നൽകേണ്ടതാണ്. രോഗം വേഗം മാറാനും പനി വിട്ടുപോയശേഷമുള്ള ക്ഷീണം കുറയ്ക്കാനും താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുക.
  - എ) ചൂടുള്ള പാനീയങ്ങൾ ക്രമമായി നിരന്തരം കുടിക്കുക. ഉപ്പുചേർത്ത കട്ടിയുള്ള കഞ്ഞിവെള്ളം, നാരങ്ങാവെള്ളം, ഇളനീർ എന്നിവ കട്ടൻചായ, കട്ടൻ കാപ്പി, ജീരകവെള്ളം, വെറും ചൂടുവെള്ളം എന്നിവയേക്കാൾ നല്ലതാണ്.
  - ബി) നന്നായി വേവിച്ച മൃദുവായ, പോഷകപ്രധാനമായ ഭക്ഷണവും ചുറ്റുവട്ടത്ത് ലഭ്യമായ പഴങ്ങളും ചെറിയ അളവിൽ ഇടവിട്ട് തുടർച്ചയായി കഴിക്കുക.

അറിയിക്കും. തുടർന്നുള്ള പ്രവർത്തനങ്ങളുടെ അവലോകനം അതത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ നടത്തും.

ഓരോ ജില്ലയിലും ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്താനും രോഗനിയന്ത്രണം ഫലപ്രദമാക്കാനും ആവശ്യമായ മാനവശേഷി, മരുന്ന്, ഉപകരണങ്ങൾ, സമാധാനസാമഗ്രികൾ, ഫണ്ട് തുടങ്ങിയവയ്ക്കുള്ള പ്രൊപ്പോസൽ തയാറാക്കി. ഈ പ്രൊപ്പോസൽ മന്ത്രിസഭായോഗം അംഗീകരിച്ചു.

കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ക്ലീനിങ് സ്റ്റാഫ്, ജെ.എച്ച്.ഐ, സ്പ്രേമെൻ എന്നിവരെ നിയമിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദേശം കൊടുത്തു. പി.എസ്.സി ലിസ്റ്റ്/എൻ.ആർ.എച്ച്.എം. ലിസ്റ്റ് എന്നിവ ഉണ്ടെങ്കിൽ അതിൽനിന്നും, ഇല്ലെങ്കിൽ വാക്ക് ഇൻ ഇന്റർവ്യൂ വഴിയുമാണ് നിയമനം നടത്തേണ്ടത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ പ്രവർത്തനപുരോഗതി വീഡിയോ കോൺഫറൻസ് നടത്തി വിലയിരുത്തി. മറ്റു ജില്ലകളിൽ താമസിയാതെ വീഡിയോ കോൺഫറൻസ് നടത്തും.

ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, ടെസ്റ്റ്കിറ്റുകൾ തുടങ്ങിയവ എം.എസ്.സി.എൽ വഴി ലഭ്യമാക്കി. ഇപ്പോൾ ഇവയ്ക്ക് ക്ഷാമമില്ല. എങ്കിലും ഏതെങ്കിലും ജില്ലകളിൽ ദൗർലഭ്യമുണ്ടായാൽ ആരോഗ്യവകുപ്പ്/എൻ.എച്ച്.ആർ.എം/എച്ച്.എം.സി/ആർ.എസ്.ബി.വൈ ഫണ്ട് ഉപയോഗിക്കാൻ നിർദേശിച്ചിട്ടുണ്ട്.

ഡെങ്കിപ്പനിബാധ കൂടുതൽ ആയതിനാൽ ഡെങ്കി ഐ.ജി.എം കിറ്റുകൾ അമ്പതെണ്ണം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽനിന്നും അയച്ചിട്ടുണ്ട്.

വയനാട്, കാസർകോട് ഒഴികെ ബാക്കി ജില്ലകളിൽ ജില്ല/ജനറൽ/താലൂക്ക്/മെഡിക്കൽ കോളേജ് ആശുപത്രികളിൽ പനി വാർഡുകൾ തുറന്നിട്ടുണ്ട്. ഈ രണ്ടു ജില്ലകളിലും മറ്റു ജില്ലകളിലെ പ്രധാന ആശുപത്രികളിലും പനിനിരക്ക് കൂടുന്നതിനനുസരിച്ച് പനിവാർഡുകൾ തുറക്കും.

എല്ലാ ജില്ലകളിലും മൊബൈൽ ഫീവർ ക്ലിനിക്കുകൾ തുറന്നുപ്രവർത്തിച്ചുവരുന്നു. ഇതിന് ആവശ്യമെങ്കിൽ വാഹനം വാടകയ്ക്കെടുക്കാൻ നിർദേശിച്ചു. ജില്ലാ ആശുപത്രികളിലെ ലാബ്സൗകര്യം 24 മണിക്കൂറായി ഉയർത്തി. താലൂക്കാശുപത്രി ലാബ് രാത്രി എട്ടു മണി വരെ പ്രവർത്തിക്കും. പനിബാധിതരായി ആശുപത്രികളിൽ അഡ്മിറ്റു ചെയ്യുന്നവരെ രോഗപ്പകർച്ച തടയാനായി കൊതുകുവലയ്ക്കുള്ളിൽ കിടത്താൻ സംവിധാനം ഏർപ്പെടുത്തി. കാസർകോട് ജില്ലയിൽ സേവനമനുഷ്ഠിക്കുന്ന ഗവ. ഡോക്ടർമാർക്ക് താത്കാലിക അടിസ്ഥാനത്തിലോ അഡ്ഹോക്ക് വ്യവസ്ഥയിലോ നിയമിക്കുന്ന ഡോക്ടർമാർക്കും അധിക ഇൻസെന്റീവായി പ്രതിമാസം 20,000 രൂപ നൽകും. എൻ.ആർ.എച്ച്.എം വഴി വാർഡ് ഹെൽത്ത് സാനിട്ടേഷൻ ഫണ്ട് ഉൾപ്പെടെ ആവശ്യമായ ഫണ്ട് വിതരണം ചെയ്തു.

ആരോഗ്യവകുപ്പ് പ്ലാൻ ഫണ്ട് വിഹിതമായി വയറിളക്കരോഗ നിയന്ത്രണം – ഒ.ആർ.ടി ഫണ്ട് ഇനത്തിൽ 27 ലക്ഷം രൂപ ജില്ലകൾക്ക് നൽകി.

മലമ്പനിവിരുദ്ധ മാസാചരണത്തിന് മൂന്നര ലക്ഷരൂപയും പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി 56 ലക്ഷം രൂപയും ജില്ലകൾക്ക് വിതരണം ചെയ്തു. ■



- കഴിക്കുന്ന പാരസെറ്റമോൾ ഗുളികകളെക്കാൾ കൂടുതൽ മെച്ചപ്പെട്ട രീതിയിലും വേഗത്തിലും കുത്തിവയ്പുകൾ പ്രവർത്തിക്കുന്നില്ല എന്നറിയുക.
- വീട്ടിൽ ചികിത്സിക്കുന്നവർ താഴെപ്പറയുന്ന ഘട്ടങ്ങളിൽ ആശുപത്രിയിൽ എത്തിച്ചേരണം.
  - എ) പ്രതീക്ഷിച്ച സമയംകൊണ്ട് പനി ഭേദമാകുന്നില്ല.
  - ബി) നല്ല ചികിത്സയും പരിചരണവും ലഭിച്ചശേഷവും പനി മൂർഛിക്കുന്നു.
  - സി) ശരീരത്തിൽ പാടുകൾ, തിണർപ്പുകൾ, ജന്നി, രക്തസ്രാവം, മഞ്ഞപ്പിത്തം, മൂത്രത്തിന്റെ അളവ് കുറയുക, ശ്വാസം എടുക്കാൻ ബുദ്ധിമുട്ട്, പെരുമാറ്റവ്യതിയാനം എന്നിങ്ങനെ സാധാരണമല്ലാത്ത ലക്ഷണങ്ങൾ ഉണ്ടാകുന്നു.
  - ഡി) ഭക്ഷണം കഴിക്കാൻ വയ്യാതാകുന്നു.

  സി) പനി പൂർണമായി മാറുംവരെ വിശ്രമിക്കുക. രോഗം വേഗം വിട്ടൊഴിയാൻ അതു സഹായിക്കും. ഇത് പനി പകരുന്നത് തടയുകയും ചെയ്യും.
- കുത്തിവയ്പിനുവേണ്ടിയും ഡ്രിപ്പിനുവേണ്ടിയും ഡോക്ടർമാരെ നിർബന്ധിക്കാതിരിക്കുക. മിക്കപ്പോഴും അവ ആവശ്യമില്ല. ചിലപ്പോൾ അവ വിറയൽ, വേദന, മനംപുരട്ടൽ തുടങ്ങിയ പാർശ്വഫലങ്ങൾ ഉണ്ടാക്കാം. ഇവ ഒരു പക്ഷേ ഗുരുതരമായി തീരുകയും ചെയ്യാം.
- തുമ്മുമ്പോഴും ചീറ്റുമ്പോഴും മൂക്കും വായും പൊത്തുക. സോപ്പും വെള്ളവുമുപയോഗിച്ച് കൈകൾ ഇടയ്ക്കിടെ കഴുകുക. വൈറൽ പനികൾ പടർന്നുപിടിക്കുന്നത് തടയാനും ശ്വാസകോശരോഗങ്ങൾ വീട്ടിലെ മറ്റുള്ളവരിലേക്കു പകരാതെ സൂക്ഷിക്കാനും ഈ ശീലം സഹായിക്കും.
- സ്വയംചികിത്സ അപകടകരമായ ഒരു ശീലമാണ്. ഡോക്ടറുടെ നിർദേശമില്ലാതെ മരുന്നുവാങ്ങി കഴിക്കുന്നത് ഒഴിവാക്കുക.

■ അഞ്ജലി പ്രസാദ്

# വിദ്യാഭ്യാസവകുപ്പ് കരുത്തോടെ, കരുതലോടെ

മന്ത്രി പി.കെ. അബ്ദുറബ്ബിന്റെ നേതൃത്വത്തിൽ സംസ്ഥാന വിദ്യാഭ്യാസവകുപ്പ് കൂടുതൽ കരുതലോടെയും കരുത്തോടെയും മുന്നോട്ട്. ഒരു സംസ്ഥാനത്തിന്റെ വിദ്യാഭ്യാസപ്രതീക്ഷകളെ സഫലമാക്കുന്ന തരത്തിലുള്ള നിരവധി പദ്ധതികളാണ് കഴിഞ്ഞ ഒരു വർഷമായി നടപ്പിലാക്കിയത്. അവ കേരളത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസരംഗത്തെ പ്രതീക്ഷകളെ മികവുറ്റതാക്കി.ഉന്നത വിദ്യാഭ്യാസമേഖലയിൽ ഈ നേട്ടം ഒരു സർവകാല റിക്കോർഡായി.

## മലയാളം സർവകലാശാല

കേരളീയരുടെ ചിരകാലപ്രതീക്ഷയാണ് മാതൃഭാഷയ്ക്കു മാത്രമായി ഒരു സർവകലാശാലയെന്നത്. സംസ്ഥാന ചീഫ് സെക്രട്ടറി കെ. ജയകുമാർ ഐ.ഐ.എസിനെ ഇതിനായി സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയും അദ്ദേഹം വിശദ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. മലയാളപ്പിറവി ദിനമായ നവംബർ ഒന്നിന് സർവകലാശാല യാഥാർഥ്യമാകും. ചരിത്രമുറങ്ങുന്ന തിരൂരിലെ തുഞ്ചൻപറമ്പിലാണ് മലയാളികളുടെ ഈ മഹാസ്വപ്നം പൂവണിയുന്നത്.

## ഇഫ്ളു ക്യാംപസ് കേരളത്തിൽ

ഹൈദ്രാബാദിലെ പ്രസിദ്ധമായ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാംപസ് കേരളത്തിൽ തുടങ്ങാനുള്ള നടപടി പൂർത്തിയായി. ഉന്നതവിദ്യാഭ്യാസരംഗത്തെ ഒരു നാഴികക്കല്ലാകും ഇത്. സെന്ററിനാവശ്യമായ ഭൂമി





**പത്താംതരം തുല്യതാ കോഴ്സ് ഏഴാം ബാച്ച് സംസ്ഥാനതല ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദു റബ്ബ് പ്രസ് ക്ലബ്ബിൽ നിർവഹിക്കുന്നു**

കണ്ടെത്തിയിട്ടുണ്ട്. എം.എച്ച്. ആർ. ഡിയുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് ഈ അധ്യയനവർഷംതന്നെ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കും.

ഇന്ത്യൻ ദേശീയതയുടെ പ്രതീകമായ അലീഗഢ് സർവകലാശാലയുടെ ക്യാംപസ് പെരിന്തൽമണ്ണയിൽ സ്ഥാപിച്ചത് ഉന്നതവിദ്യാഭ്യാസമേഖലയിലെ വിലപ്പെട്ട നേട്ടമായി.

### മണ്ണാർകാട് ഗവൺമെന്റ് കോളേജ്

മണ്ണാർകാട് നിയോജകമണ്ഡലത്തിലെ അട്ടപ്പാടിയിൽ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് സ്ഥാപിക്കുന്നു. അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കെട്ടിടത്തിൽ ഈ മാസം കോളേജ് പ്രവർത്തനം തുടങ്ങും.

അമ്പലപ്പുഴയിലും ഗവൺമെന്റ് കോളേജിന് പുതിയ കെട്ടിടം നിർമിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

### പൈതൃകസംരക്ഷണം

ഏതൊരു ജനതയുടെയും ആഗ്രഹങ്ങളിൽ ഒന്നാണ് പൈതൃകസംരക്ഷണം. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചരിത്രത്തിന് ഗൃഹാതുരത്വതീവ്രത അധികമായിരിക്കും. അത് മനസ്സിലാക്കി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിൽ പൈതൃകസംരക്ഷണ പദ്ധതിയും നടപ്പാക്കി.

### അവധിപുനസ്ഥാപനം

കോളേജ്-സാങ്കേതികവിദ്യാഭ്യാസ വകുപ്പിനുകീഴിലെ അധ്യാപക-അനധ്യാപക ജീവനക്കാർക്കുള്ള അവധി അഞ്ചു വർഷമായിരുന്നു. ഇത് 20 വർഷമാക്കി പുനഃസ്ഥാപിച്ചു.

> ഹൈദ്രാബാദിലെ പ്രസിദ്ധമായ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാംപസ് കേരളത്തിൽ തുടങ്ങാനുള്ള നടപടി പൂർത്തിയായി. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഒരു നാഴികക്കല്ലാകും ഇത്. സെന്ററിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. എം.എച്ച്. ആർ.ഡിയുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് ഈ അധ്യയനവർഷം തന്നെ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കും.

### ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ

ശാസ്ത്ര-സാങ്കേതിക മേഖലകളിലെ അറിവും പുത്തൻ സംവിധാനങ്ങളും ലഭ്യമാകുന്നതിന് പാലക്കാട്ട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ഊർജിതമായി നടക്കുന്നു. മലപ്പുറം ജില്ലയിലെ വേങ്ങരയിൽ ആർട്സ് ആൻഡ് സയൻസ് കോളേജ് തുടങ്ങാനുള്ള നടപടിയും സ്വീകരിച്ചു.

സംസ്ഥാനത്തെ ഏഴു സർക്കാർ എൻജിനീയറിങ് കോളേജുകളിലായി ഒൻപതു പുതിയ എം.ടെക് കോഴ്സുകൾ തുടങ്ങിയത് ഈ മേഖലയിലെ വൻ നേട്ടമാണ്.

### വെബ് ഓഫ്സെറ്റ് പ്രിന്റിങ്

സംസ്ഥാന ഓഡിയോ വിഷ്വൽ ആൻഡ് റിപ്രോഗ്രാഫിക് സെന്റർ, സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ് (സി-ആപ്റ്റ്) എന്ന് പുനനാമകരണം ചെയ്യുകയും അവിടെ മൾട്ടി കളർ വെബ് ഓഫ്സെറ്റ് പ്രിന്റിങ് യൂണിറ്റ് മന്ദിരനിർമാണം തുടങ്ങുകയും ചെയ്തു. കോഴിക്കോട് സെന്റർ ഈ മാസം ഉദ്ഘാടനം ചെയ്യും.

### ലക്ഷദ്വീപിൽ സയൻസ് സെന്റർ

സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ അഭിമുഖ്യത്തിൽ ശാസ്ത്ര പരിപോഷണത്തിന്റെ ഭാഗമായി ലക്ഷദ്വീപിലെ കവരത്തിയിൽ സയൻസ് സെന്റർ സ്ഥാപിച്ചു.



പാലക്കാട് വിക്ടോറിയ കോളേജ്

## സിവിൽ സർവീസ് പരിശീലനകേന്ദ്രം

സിവിൽ സർവീസ് പരിശീലനത്തിനായി സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷന്റെ കീഴിലുള്ള സിവിൽ സർവീസ് അക്കാദമിയുടെ മേഖലാ കേന്ദ്രം പാലക്കാട്ട് ആരംഭിച്ചു. ഐ.എ.എസ്., ഐ.പി.എസ്. പരീക്ഷകളിൽ മലയാളി പ്രാതിനിധ്യം കൂടുതൽ ഉണ്ടാകുന്നത് ലക്ഷ്യമിട്ടാണിത്.

## വിദ്യാഭ്യാസവകുപ്പ് നേരിട്ട് ജനങ്ങളിലേക്ക്

ജനാധിപത്യത്തെ ത്വരിതപ്പെടുത്തുന്നതിനും സാർവത്രികവിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും വിദ്യാഭ്യാസാവകാശത്തെക്കുറിച്ച് ബോധം നൽകുന്നതിനും ലക്ഷ്യമിട്ട് വിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച നൂതനപദ്ധതിയാണ് വിദ്യാഭ്യാസവകുപ്പ് നേരിട്ട് ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യമുയർത്തിയ *സ്നേഹസ്പർശം* പദ്ധതി. വിദ്യാഭ്യാസവകുപ്പും രക്ഷാകർത്താക്കളും തമ്മിലുള്ള അകലം കുറയ്ക്കുന്നതിന് ഇതുപ്രകാരം പല പദ്ധതികളും പ്രചാരത്തിൽ കൊണ്ടുവന്നു.

## വിദ്യാഭ്യാസമന്ത്രിയുടെ പ്രതിമാസ കത്തുകൾ

പദ്ധതിയനുസരിച്ച് വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ് സംസ്ഥാനത്തെ സ്കൂൾ പി.ടി.എ പ്രസിഡന്റുമാർക്ക് കത്തയയ്ക്കുന്നു. കത്ത് അതത് ഹെഡ്മാസ്റ്റർമാരാണ് കൈമാറേണ്ടത്. വ്യത്യസ്ത വിഷയങ്ങളെ അധികരിച്ചുള്ള എഴുത്ത് എല്ലാ മാസവും ആദ്യത്തെ സ്കൂൾ അസംബ്ലിയിൽ വായിക്കുകയും സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും വേണം. പി.ടി.എ പ്രസിഡന്റിനും രക്ഷാകർത്താക്കൾക്കും ഈ കത്തിന് മറുപടിയെഴുതാം. സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ നിലപാട് സ്വീകരിക്കുവാൻ ഇതുവഴി വിദ്യാഭ്യാസവകുപ്പിനു കഴിയും. കത്ത് മലയാളഭാഷയിൽ സ്വന്തം കൈപ്പടയിലെഴുതണം. കത്തുകൾ സ്നേഹമുദ്രായിരുന്ന ഒരു കാലഘട്ടത്തിന്റെ പുനരുജ്ജീവിപ്പിക്കലാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

## രക്ഷാകർതൃ ശാക്തീകരണവർഷം

ഈ അധ്യയനവർഷം രക്ഷാകർതൃ ശാക്തീകരണവർഷമായി വിദ്യാഭ്യാസമന്ത്രി പ്രഖ്യാപിച്ചു. സ്കൂൾ അധികൃതരും രക്ഷാകർത്താക്കളും ബന്ധപ്പെട്ട സ്ഥാപന അധികൃതരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തി വിദ്യാലയങ്ങളെ ശാക്തീകരിക്കുകയെന്നതിന് പ്രാമുഖ്യം നൽകുന്നതായിരിക്കും ഈ വർഷത്തെ പരിപാടികൾ. ഹെഡ്മാസ്റ്ററുടെ മുറിയിൽ പി.ടി.എ യോഗം നടത്തേണ്ട എന്നു നിർദേശമുണ്ട്.

സാമൂഹികവിരുദ്ധശല്യം നേരിടുന്ന സ്കൂളുകളുടെ പട്ടിക പ്രത്യേകം തയാറാക്കി ആഭ്യന്തര വകുപ്പുമായി സഹകരിച്ച് സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

## ധർമസേനാ രൂപീകരണം

പൊതുസമൂഹത്തെ ഗ്രസിച്ചുവരുന്ന ധാർമിക മൂല്യച്യുതിയെ പ്രതിരോധിക്കുവാൻ രക്ഷാകർത്താക്കളെ സജ്ജമാക്കുന്നതിന്റെ ഭാഗമായി *ധർമസേന* രൂപീകരണം നടന്നുവരികയാണ്. ധാർമികമൂല്യങ്ങളെ പുനഃപ്രതിഷ്ഠിച്ച് സമൂഹത്തെയും കൂടുംബത്തെയും ശക്തിപ്പെടുത്തി വിദ്യാർഥികളെ മൂല്യബോധമുള്ളവരാക്കുവാൻ ഇത്തരത്തിലൊരു സന്നദ്ധസേനയുടെ ആവശ്യം മുന്നിൽക്കണ്ടുകൊണ്ടാണ് വിദ്യാഭ്യാസ വകുപ്പ് ഈ പദ്ധതി നടപ്പാക്കുന്നത്.

> പൊതു സമൂഹത്തെ ഗ്രസിച്ചു വരുന്ന ധാർമിക മൂല്യച്യുതിയെ പ്രതിരോധിക്കുവാൻ രക്ഷാകർത്താക്കളെ സജ്ജമാക്കുന്നതിന്റെ ഭാഗമായി *ധർമസേന* രൂപീകരണം നടന്നുവരികയാണ്. ധാർമിക മൂല്യങ്ങളെ പുനഃപ്രതിഷ്ഠിച്ച് സമൂഹത്തെയും കുടുംബത്തെയും ശക്തിപ്പെടുത്തി വിദ്യാർഥികളെ മൂല്യബോധമുള്ള വരാക്കുവാൻ ഇത്തരത്തിലൊരു സന്നദ്ധസേനയുടെ ആവശ്യം മുന്നിൽക്കണ്ടുകൊണ്ടാണ് വിദ്യാഭ്യാസ വകുപ്പ് ഈ പദ്ധതി നടപ്പാക്കുന്നത്.

## മലയാളത്തിന്റെ പുനരുദ്ധാരണം

സ്നേഹസ്പർശം പദ്ധതി മലയാളത്തിന്റെ പുനരുജ്ജീവനം ലക്ഷ്യമിടുന്നു. ലുബ്ധപ്രചാരത്തിലുള്ള മലയാളപദങ്ങളെ മുഖ്യധാരയിലേക്ക് മടക്കിക്കൊണ്ടുവരാനും പുതിയ പദനിർമാണത്തിനും ഈ പദ്ധതി പ്രകാരം പ്രത്യേക സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. മൂല്യപുനഃസ്ഥാപനത്തിന്റെ ഭാഗമായി മലയാളത്തിലെ ആദ്യത്തെ ധർമമഹാനിഘണ്ടു പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അണിയറ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

## ക്ഷേമകാരികൾ

സ്നേഹസ്പർശം പദ്ധതിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുതോറും ക്ഷേമകാരികൾ എന്നറിയപ്പെടുന്ന കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളാണ് ഇവരെ നിയോഗിക്കുന്നത്. സ്നേഹസ്പർശം വാർത്താപത്രികയും പ്രസിദ്ധീകരിച്ചുവരുന്നു.

## നേട്ടങ്ങൾ ചരിത്രപരം

ചരിത്രപരമെന്നു വിശേഷിപ്പിക്കാവുന്ന അനവധി നേട്ടങ്ങളിലൂടെ വിദ്യാഭ്യാസവകുപ്പ് കാര്യക്ഷമതയോടെയും കരുത്തോടെയും ബഹുദൂരം മുന്നിലാണ്. പ്രാഥമിക വിദ്യാലയം മുതൽ ഉന്നതവിദ്യാഭ്യാസ മേഖലവരെ ഒരു ജനതയ്ക്ക് വൈജ്ഞാനികവും ബൗദ്ധികവുമായ ദിശാബോധം നൽകാൻ കഴിഞ്ഞതിന്റെ ചാരിതാർഥ്യമികവിലാണ് ഈ വകുപ്പ്. അധ്യാപക പാക്കേജ് എന്ന അധ്യാപക-വിദ്യാലയ സംരക്ഷണ പാക്കേജ്, എസ്.എസ്.എൽ.സി പരീക്ഷാഫലം റിക്കോർഡ് വേഗം പ്രസിദ്ധപ്പെടുത്തിയത്, വിദ്യാലയങ്ങൾ തുറക്കുംമുമ്പേ അടുത്ത അധ്യയനവർഷത്തെ പാഠപുസ്തകങ്ങൾ നൽകിയത്, ഒന്നാം ക്ലാസുമുതൽ ഐടി വിദ്യാഭ്യാസം ലഭ്യമാക്കിയത്, മുഴുവൻ അധ്യാപകർക്കും പരിശീലനം ഏർപ്പെടുത്തിയത്, വിദ്യാർഥികൾക്ക് സൗജന്യ ലാപ് ടോപ്പ് നൽകിയത്, എയ്ഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാരെ സെൽഫ് ഡ്രോയിങ് ഓഫീസർമാരാക്കിയത്, സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ തിരുത്തുവരുത്താനുള്ള അധികാരം ഹെഡ്മാസ്റ്റർമാർക്ക് നൽകിയത് തുടങ്ങി ഇനിയും എടുത്തുപറയാവുന്ന അനേകം നേട്ടങ്ങളുടെ പരമ്പരയുമായി വിദ്യാഭ്യാസവകുപ്പ് ഉറച്ച കാൽവയ്പോടെ മുന്നേറ്റത്തിലേക്ക്... ■



■ **അജിത്കുമാർ ഗോതുരുത്ത്**

വീണ്ടും ഒരു മഴക്കാലം... മലയാളിക്ക് മഴ ജീവിതം തന്നെയാണ്. പൂക്കുകയും കൊഴിയുകയും ചെയ്യുന്ന കാർഷിക സമൃദ്ധിയുടെ അടിസ്ഥാനവും മഴ തന്നെ. പരമ്പരാഗതമായി നാം പറഞ്ഞുവന്ന എത്രയെത്ര മഴ പഴഞ്ചൊല്ലുകൾ, മഴയിൽക്കുതിർന്ന എത്ര കവിതകൾ, കഥകൾ... നമ്മുടെ സാംസ്കാരികജീവിതത്തിന് മഴ എന്നും വിഷയം തന്നെ!

ഇന്ത്യയിലെ കാലവർഷത്തിന്റെ തുടക്കംതന്നെ കേരളത്തിലാണ്. ഇന്ത്യൻ മഹാസമുദ്രത്തിൽനിന്ന് അറബിക്കടലിന്റെ പടിഞ്ഞാറു ഭാഗത്തുകൂടി മേയ്, ജൂൺ മാസം മുതൽ വീശുന്ന കടൽക്കാറ്റിനെ കേരളത്തിന്റെ തെക്കുവടക്കായി സ്ഥിതിചെയ്യുന്ന പശ്ചിമഘട്ടം തടഞ്ഞുനിർത്തുന്നു. ഇതുമൂലം ആർദ്രതകൂടിയ വായു മുകളിലോട്ടുയർന്ന് തണുക്കുന്നതുകൊണ്ട് കേരളത്തിൽ കനത്ത മഴ പെയ്യുന്നു. പരമ്പരാഗതമായി ജൂൺ ആദ്യവാരമാണ് കാലവർഷം അഥവാ ഇടവപ്പാതിയുടെ എഴുന്നള്ളത്ത്.

രണ്ടു ഘട്ടങ്ങളിലായയാണ് നമുക്ക് മുഖ്യമായും മഴ ലഭിക്കുന്നത്. കാലവർഷവും തുലാവർഷവും. കേരളത്തിൽ ഒരു വർഷം ശരാശരി 3000 മില്ലീലിറ്ററിലധികം മഴ ലഭിക്കുന്നുണ്ട്. 70 ശതമാനം കാലവർഷവും 30 ശതമാനം തുലാവർഷവും ഇടമഴയും. കടലിനോടു ചേർന്ന് ചെങ്കുത്തായ ഭൂപ്രകൃതി കാരണം മഴ പെയ്ത് 48 മണിക്കൂറിനുള്ളിൽ ഈ വെള്ളം കടലിലേക്ക് എത്തിച്ചേരും. അതുകൊണ്ട് മഴവെള്ളം ഇറങ്ങിച്ചെന്ന് ഭൂഗർഭജലത്തെ സമ്പുഷ്ടമാക്കാനുള്ള സാധ്യത കുറയുന്നു. തെല്ലു പരിഹാരമായത് വനങ്ങളും പുൽമേടുകളും തടാകങ്ങളും നെൽപ്പാടങ്ങളും സർവോപരി ഫലഭൂയിഷ്ഠമായ മേൽമണ്ണുമാണ്. മനുഷ്യന്റെ ആർത്തികൊണ്ട് ഇതുകൂടി ഇല്ലാതായി. നമ്മുടെ കിണറുകളും നദികളും കുളങ്ങളുമൊക്കെ വറ്റിവരളാൻ ഇതു കാരണമായി.

പരമ്പരാഗതമായി ജൂണിലെത്തുന്ന മഴ നമ്മുടെ സാംസ്കാരിക ജീവിതത്തെ നന്നായി സ്വാധീനിച്ചിട്ടുണ്ട്, ഒപ്പം നമ്മുടെ കാർഷികജീവിതത്തെയും.

മലയാളത്തിലെ എല്ലാ കവികളെയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ മഴ സ്വാധീനിച്ചിട്ടുണ്ട്. മഴയുമായി ബന്ധപ്പെടുത്തി സുന്ദരമായ രചനകൾ ഉണ്ടായിട്ടുള്ളത് മലയാളത്തിലാണ്. മറ്റു ഭാഷകളിൽ മഴസൗന്ദര്യം ഇത്ര ഭംഗിയായി സന്നിവേശിപ്പിച്ച കൃതികൾ കുറവാണ്. പ്രകൃതി നമുക്കേകിയ അനുഗ്രഹമാണ് ഈ സുന്ദരമഴ. പഴയ കവികളും ആധുനിക കവികളും പലതരത്തിലാണ് ഈ മഴയെ നോക്കിക്കണ്ടത്, കാണുന്നത്. മഹാഭാഗവതം ദശമസ്കന്ധത്തിൽ എഴുത്തച്ഛൻ മഴയെ വർണിച്ചിട്ടുണ്ട്.



# മഴ...മഴ... കാവ്യപ്പെരുമഴ...

ചിത്രങ്ങൾ : ഡാലു പരമേശ്വരൻ

'കൃഷ്ണനും രാമനും ഗോപാലർ
ഗോക്കളും
ഉഷ്ണമൊഴിഞ്ഞൊരു വർഷകാല
ത്തെയും
കണ്ടു സുഖിച്ചതിവർഷമേറ്റും
കൊണ്ടു
കുണ്ഠതയെന്നിയേ കാനനം പുക്കുടൻ
എന്നു സൂചിപ്പിക്കുന്നു'

കുഞ്ചൻ നമ്പ്യാർ ഗോവർധനചരിതത്തിൽ മഴയെ നോക്കിക്കണ്ടതിങ്ങനെ:

തെരുതെരെ നിരവധി ചൊരിയും
വാരികൾ
ധരണിനിറഞ്ഞുകവിഞ്ഞു വഴിഞ്ഞഥ
അരനിമിഷത്തിൽ പുരികളുമാഴികൾ
പെരുകിജ്ജലമയമായി ദിഗന്തം;
കരകനിപാതാൽ കാലികളെല്ലാം
കരചരണങ്ങൾ മുറിഞ്ഞു വലഞ്ഞു
അരണകളാലിപ്പഴമതു തിന്നു
മരണം പ്രാപിച്ചൊക്കെയൊടുങ്ങി.

ശബ്ദസുന്ദരമായ വരികളിലൂടെ ഒരു മഴത്തുള്ളിയുടെ വരവിനെ ഉള്ളൂർ അവതരിപ്പിക്കുന്നതിങ്ങനെയാണ്;

'അതാ! പതിക്കുന്നു വിയത്തിൽനിന്നും
അന്യായം - ആലംബനമാരുമെന്യേ
കാലപ്പകർച്ചയ്ക്കടിപ്പെട്ടു, ഹാഹാ!
കല്യാണമെയ്യാളുമൊരാംബു ബിന്ദു,
വാനത്തു തൂവെൺ മുഴുമുത്തുപോലെ
തചേതനാ സേചനകത്വമേന്തി,
ലസിച്ചൊരീയോമനയെച്ചവിട്ടി-
ത്താഴത്തു വീഴ്ത്താൻ കഴലാർക്കു
യർന്നു'



പി. കുഞ്ഞിരാമൻ നായർ കാലവർഷമേ നന്ദിയിൽ കാലവർഷത്തെ തൃശൂർപൂരത്തിന്റെ ഗരിമയോടെ ചിത്രീകരിക്കുന്നു-

'കേട്ടില്ല കൂട്ടക്കതിന
ദ്ധ്വനി മിന്നൽക്കടൽത്തിറ
കൊളുത്തുന്ന വെടിക്കെട്ടി
ല്ലീ,ല്ല മേളവുമെങ്കിലും
കിഴക്കേ ഗോപുരത്തിന്റെ
നടയിൽ പതിവിൻപടി
നിരന്നു ചില കൊച്ചാന
ക്കുട്ടികൾ - പൊന്നണിഞ്ഞവർ.
മുടങ്ങി പൂര, മെന്നാർത്തു
വിളിച്ചുള്ളിൽച്ചിരിച്ചവർ
അജ്ഞാത നിത്യനിയമ
ക്കൊടിയേറ്റത്തിൽ മാഴ്കിയോ?'

ഒരു ഗന്ധർവൻ പാടുന്നു എന്ന കവിതയിൽ ഇടശ്ശേരി ഇടവപ്പാതിയെ കാണുന്നതിങ്ങനെ:

'ഇടവപ്പാതിപ്പാതിരയാ-
ണിടിയും മഴയും പൊടിപൂരം
പൂരമുറ്റത്തെപ്പുളിമാവിൻ മേ-
ലൊരു ഗന്ധർവൻ പാടുന്നു
അറബിക്കടലിൻ മുറുകും തന്ത്രിക-
ളാരോ മീട്ടുവതോടൊപ്പം'

മലയാളത്തിനു മാമ്പഴം സമ്മാനിച്ച വൈലോപ്പിള്ളിക്ക് വർഷാഗമനം സംഗീതം പോലെയാണ്.

'മിഴിക്കുനീലാഞ്ജന പുഞ്ജമായും
ചെവിക്കു സംഗീതകസാരമായും
മെയ്യിന്നു കർപ്പൂരക പൂരമായും
പുലർന്നുവല്ലോ പുതുവർഷക്കാലം'

ജി. ശങ്കരക്കുറുപ്പാകട്ടെ കാമുകന്റെ വരവുപോലെ ആ മഴക്കാലത്തെ കാത്തിരിക്കുകയാണ്

'മന്മഥ ജയഭേരി,
വാരിദം മുഴക്കുന്ന
നന്മഴക്കാലം കാള
മേഘമാം നികുഞ്ജത്തിൽ
കാമുകാഗമ വേള
കാത്തു കാത്തിരിക്കുന്നു

എൻ.വിക്ക് മഴ ഉത്സവം തന്നെയാണ്.

വന്നു പോയ് വർഷാദിമ
പാർജന്യ മഹാവ്യൂഢം
ഇന്നത്രേ ഭൂവാം ധേനു
വിന്നഭിസാരോത്സവം'

വയലാർ രാമവർമ വിപ്ലവവീക്ഷണത്തിലാണ് മഴയെ നോക്കിക്കണ്ടത്:

'കാറുതിങ്ങിയ പരന്ന മാനത്തു
വീറു കേട്ടുവോ പോർവിളി
പോർവിളി, പോർവിളി
പോരി, പ്പോരൊരു തീക്കളി'

സ്കൂൾ തുറപ്പും മഴയും ഒന്നിച്ചാണല്ലോ വരുന്നത്. അതുകണ്ടിട്ടാണ് മലയാളത്തിന്റെ പ്രിയ കവി ഒ.എൻ.വി ഇങ്ങനെ കുറിച്ചത്. മഴയെ കാരിക്കേച്ചറായി വരച്ചുവച്ചിരിക്കുന്നതായി നമുക്ക് തോന്നും.

'കൊട്ടിപ്പാടുന്നു മഴ
നടവരമ്പത്തൊരു
കുട്ടിയുണ്ടതിൻ കയ്യിൽ
പുസ്തകം പൊതിച്ചോറും
കുടയായൊരു തൂശ-
നിലയും അതു കൊത്തി
ക്കൂടുന്നുവോ മഴ
ക്കാറ്റിന്റെ കാക്കക്കൂട്ടം'

മലയാളസാഹിത്യത്തിൽ ഭാവനയുടെ വർണലോകം തീർക്കുന്നതിന് മഴ വലിയ പങ്കുവഹിച്ചിട്ടുണ്ട്. മലയാളത്തിന്റെ എക്കാലത്തേയും വലിയ കവയിത്രി ബാലാമണിയമ്മ മഴ കണ്ടതിങ്ങനെ:

'ആകാശം വിട്ടങ്ങുഴറിയെത്തീടുന്നി
തായിരമായിരം നീർത്തുള്ളികൾ
പാഞ്ഞടുത്തന്യോന്യം കെട്ടിപ്പുണർന്നു
പാൽനറുപുഞ്ചിരിയിട്ട, ലകൾ
സ്വച്ഛന്ദം നീന്തിയും മുങ്ങിയും
ക്രീഡിപ്പൂ
കൊച്ചുകുമിളകൾ നീളെ നീളെ
പോരു പുറത്തേയ്ക്കെന്നാംഗ്യ
ങ്ങൾകാട്ടുന്നു
നീരാണ്ടു നിൽക്കുന്ന പുല്ക്കൊടികൾ
താൻ താനുരവിട്ടേനേവ മെനിക്കുണ്ണി-
തൻ കുളിച്ചങ്ങാതിയാവാമെങ്കിൽ'

വെള്ളത്തിൽ തുള്ളിച്ചാടിക്കളിക്കുന്ന മകനെ ശകാരിക്കാൻ പുറപ്പെടുന്ന അമ്മയുടെ സ്നേഹബന്ധത്തിന്റെ മനോഹരദൃശ്യമാണ് ബാലാമണിയമ്മ ചിത്രീകരിച്ചത്. ഗ്രാമീണസൗന്ദര്യത്തിന്റെ കവയിത്രി കടത്തനാട്ട് മാധവിയമ്മയ്ക്ക് ജീവിതവും മഴയും വ്യത്യസ്തമല്ല, ഒന്നുതന്നെയാണ് *മലയും മഴയും* എന്ന കൃതിയിൽ-

'മഴ മഞ്ഞിൽ ജനി കാടണി മലയിൽ
മരങ്ങൾ വളരും മലവാരത്തിൻ
മരങ്ങൾ തിങ്ങി കാടുണ്ടാകും
കാടുവളർന്നാൽ മഴയുണ്ടാകും
മഴയുണ്ടായാൽ നാടുകുളിർക്കും
നാടു കുളിർത്താൽ പുല്ലുണ്ടാകും
പുല്ലുണ്ടായാൽ പയ്ക്കൾ പിഴയ്ക്കും
പയ്ക്കൾ പിഴച്ചാൽ നമ്മൾ ജയിക്കും'
എന്നാണ് എഴുതിയത്.

ആധുനിക കവികളിൽ ശ്രദ്ധേയരായ സുഗതകുമാരി, അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ, ഡി. വിനയചന്ദ്രൻ എന്നിവരാണ് ശ്രദ്ധേയമായ മഴ കവിതകൾ സമ്മാനിച്ചത്.

'തോരാതെ നമ്മൾക്കു നിന്നു പെയ്യാം
തീരാതെ നമ്മൾക്കു നിന്നുകൊള്ളാം
കാടായ നമ്മളീക്കാട്ടിലെങ്ങും
കാലാന്തകൻനിന്നു പെയ്തിടുന്നു.
നാടായ നമ്മളീ നാട്ടിലെങ്ങും
നാരായണൻ തുള്ളി നിന്നിടുന്നു
വേരായ നമ്മളും വെള്ളമത്രേ
താരായ നമ്മളും വെള്ളമത്രെ' - എന്ന് ജലത്തിന്റെ പുനരാവർത്തനപ്രക്രിയയുടെ സൂചന നൽകുമ്പോൾ,

'മഴപെയ്തപോലാദ്യം
പനിനീർ തളിച്ച പോൽ
മഴപെയ്തപോൽ വാരി

*മുല്ലപ്പൂവിതറുമ്പോൾ*
*മഴപെയ്തുപോൽ പിന്നെ*
*ച്ചിരിയായ് കരച്ചിലായ്*
*മഴപെയ്തുപോൽ വിണ്ണിൻ*
*കരുണാ പ്രവാഹമായ്'* എന്നാണ് സുഗതകുമാരി പാടുന്നത്.

അയ്യപ്പപ്പണിക്കർ ഇങ്ങനെ വരച്ചിടുന്നു–

*'ഹാ! മർത്യജന്മ പരിപാതമിതേ ഇവി–*
*ടൊത്തുചേർന്നു പുലരുന്നു, കാണുക*
*വെള്ളിമേഘ കരിമേഘക്കദംബം*
*തുള്ളിയാർത്തു പൊഴിയുന്നു, മഴ*
*ത്തുള്ളി തന്റെ പനിനീരും മഴവിൽ*
*ചിമ്മി വീഴ്ത്തിയ നിറങ്ങളും അതി*
*ഭംഗി തന്നെ മമ ഭൂമി'*

സ്നേഹത്തിന്റെ വലിയ ക്യാൻവാസിലേക്ക് മഴയെ വിന്യസിപ്പിക്കുകയാണ് സച്ചിദാനന്ദൻ ചെയ്യുന്നത്.

*'ഭൂമി മുഴുവൻ എന്റെ മുറ്റം*
*മല, എന്റെ മുത്തച്ഛൻ*
*എന്നെ മുതുകിലേറ്റി ഓമനിച്ചു*
*മഴ, എന്റെ മുത്തശ്ശി*
*എന്നെ കുളിരുകൊണ്ടു പുതപ്പിച്ചു'*

ഓർമകളിലേക്കുള്ള തിരിച്ചുപോക്കായാണ് പുത്തൻവേലിക്കര സുകുമാരൻ മഴയെ നോക്കിക്കണ്ടത്

*'ഈ മഴ ചുട്ടുപൊള്ളും ഗ്രീഷ്മ*
*മധ്യാഹ്ന–*
*വേളയ്ക്കു താമരസ്പർശമാണീ മഴ*
*പോയ്പോയൊരാ നല്ല*
*ബാല്യസ്മൃതികളെ*
*പാടിയുണർത്തുവാൻ വന്നതാണീമഴ*
*ഈ, മഴ, കുളിർ മഴ, പീലിച്ചിറകുകൾ*
*നീർത്തി നിന്നാടിക്കളിക്കും മലർമഴ!'*

ജീവിതത്തിന്റെ മൗനത്തെക്കുറിച്ചാണ് മഴയിലൂടെ പ്രസാദ് പ്രണയഭാഷയിൽ പങ്കുവച്ചത്.

*'ഞാനും നീയും*
*മാത്രമുള്ള തോണി*
*പുഴയുടെയും മഴയുടെയും നടുവിൽ*
*ഒറ്റപ്പെടുമ്പോൾ*
*തുഴയോടൊപ്പം നമുക്ക്*
*ശബ്ദവും കൈവിട്ടുപോകുന്നു'*

മഴയുടെ നാനാർഥങ്ങളിലൂടെ ബക്കർ മേത്തല പങ്കുവയ്ക്കുന്നത് കെടാത്ത ഓർമകളാണ്.

*'ഭൂമിയുടെ ചൊടികളിൽ*
*ജലാധരങ്ങളാൽ ചുംബിക്കുമ്പോൾ*
*മഴ ഒരു കാമുകനാണ്*
*വെയിൽപ്പാളികളിൽ ഊർന്നിറങ്ങി*
*പൊൻതാലിയുമായി വരുന്ന മഴ*
*ഭൂമിയെ പരിണയിക്കുന്ന വരനാണ്*
*ചന്നം പിന്നം ചാറും ചെറുമഴ*
*പ്രണയംകൊണ്ട് തരളമായ ഹൃദയമാണ്*
*വൃക്ഷങ്ങളെ കടപുഴക്കിയെറിയുംവിധം*
*കാറ്റിന്റെ ചിറകേറിവരുന്ന മഴ*
*ഉന്മാദിയായ ഒരു സ്ത്രീയാണ്*
*മഴ ചിലപ്പോൾ ജലം മാത്രമല്ല തരുന്നത്*
*എത്ര നനഞ്ഞാലും*
*കെടാത്ത ഓർമകളെയും തരുന്നു'*

വേനൽമഴയിലൂടെ പി. രാമൻ സന്തോഷത്തിന്റെയും സംതൃപ്തിയുടെയും സങ്കല്പമാണ് പങ്കുവയ്ക്കുന്നത്.

*'ഓടിന്റെ ചൂടിൽ പതിച്ചു പിന്നെ*
*ഓട്ടും പുറത്തുന്നു താഴെവീണു*
*എന്റെ കൈവെള്ളയിലിറാലുവെള്ളം*
*ഇത്തിരി ചൂടോടെയുമ്മവച്ചു*
*ലില്ലിപ്പൂവിന്റെയാത്മാവുമാത്രം*
*സൂക്ഷിച്ചു വച്ചോരു മണ്ണറതൻ*
*പൂട്ടുതുറക്കുവാനുള്ള മന്ത്രം*
*നൂറ്റൊന്നുവട്ടമുരുക്കഴിച്ചു*
*കിക്കിളിയാമ്മാറെഴുതിയെന്തോ*
*പക്ഷിച്ചിറകിൻ തുറന്ന താളിൽ'*

ആകാശത്തുനിന്നും സ്നേഹസ്പർശമായി പെയ്തിറങ്ങുന്ന മഴയെയാണ് വീരാൻകുട്ടി മഴയുടെ കനത്തിലൂടെ കാണുന്നത്.

*'ആകാശക്കലം*
*ആരോ*
*കമിഴ്ത്തുന്നുണ്ട്*
*അതു*
*ഇഴകളായ് ചീന്തി*
*തിരകളായ് വന്നേ*
*തൊടുകയുള്ളൂ.'*

കവിതകളിൽ മഴ പെയ്യുന്നത് പലതാളത്തിലും ഈണത്തിലുമാണ്. ഒരേ മഴയെ പല കവികൾ നോക്കിക്കണ്ടത് പല രൂപത്തിലും ഭാവത്തിലുമാണ്. കവിതയും മഴയും ജീവിതവും സംസ്കാരവുമായി എന്നും സംവദിക്കുന്നുണ്ട്. അഞ്ചാം ക്ലാസുകാരി വില്ല്യാപ്പള്ളി എൽ.പി.സ്കൂളിലെ ജീവനി ആർ. ഏറ്റവും പുതിയ മഴക്കവിതയായ മഴത്തുള്ളി എഴുതിയത് ഇങ്ങനെ

*'മഴപെയ്തു*
*തെളിഞ്ഞാലും*
*ജലത്തുമ്പിലുള്ള*
*കുഞ്ഞുമഴത്തുള്ളി*
*ആ മഴയെ*
*പലതരത്തിലും*
*ഓർമിപ്പിക്കും'* ■



കെ.സി. ജോസഫ്
സാംസ്കാരിക മന്ത്രി

# കാലാതിവർത്തിയായ പ്രതിഭ

ചങ്ങമ്പുഴ കൃഷ്ണപിള്ള എക്കാലത്തെയും ദീപ്തമായ കാവ്യസ്മരണയാണ്. കാവ്യജീവിതംകൊണ്ട് പണ്ഡിതൻ മുതൽ പാമരൻ വരെയുള്ള ആസ്വാദക ഹൃദയത്തിൽ സ്ഥാനം നേടുവാൻ കഴിഞ്ഞ ഒരു അപൂർവപ്രതിഭയാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള.



പാറുക്കുട്ടി അമ്മയുടെയും തെക്കേടത്തുവീട്ടിൽ നാരായണമേനോന്റെയും മകനായി 1911 ഒക്ടോബർ 11 ന് ഇടപ്പള്ളിയിലാണ് ചങ്ങമ്പുഴ ജനിക്കുന്നത്. ഒരു സാധാരണ കുടുംബത്തിൽ ജനിച്ച കൃഷ്ണപിള്ളയുടെ വിദ്യാഭ്യാസകാലം ക്ലേശകരമായിരുന്നു. എറണാകുളം മഹാരാജാസിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും പഠിക്കുന്ന കാലത്തുതന്നെ കവിയെന്നനിലയിൽ പ്രശസ്തനാകാൻ ആ പ്രതിഭാശാലിക്കു കഴിഞ്ഞു.

'രമണൻ' എന്ന ഒറ്റക്കാവ്യംകൊണ്ട് ആസ്വാദകഹൃദയത്തിൽ ചിരപ്രതിഷ്ഠനേടി ചങ്ങമ്പുഴ. ആത്മസുഹൃത്തും കവിയുമായ ഇടപ്പള്ളി രാഘവൻപിള്ളയുടെ അകാലവിയോഗം ഏൽപ്പിച്ച ആഘാതത്തിൽനിന്നാണ് 'രമണൻ' എന്ന നാടകീയ വിലാപകാവ്യം രൂപപ്പെട്ടത്. ഇത് മലയാളസാഹിത്യത്തിലെ ഒരു മഹാസംഭവംതന്നെയായി മാറി. ആ കാവ്യത്തിലെ ഒരു വരിയെങ്കിലും മൂളാത്തവർ മലയാളക്കരയിലില്ല. അത്രത്തോളം ഹൃദയസ്പർശിയും കാവ്യമാധുര്യവുമാർന്ന ആ കാവ്യം ഇന്നും സഹൃദയലോകത്തിന് പ്രിയപ്പെട്ടതാണ്.

കാവ്യജീവിതം പ്രണയംകൊണ്ട് ആഘോഷമാക്കിയ ഈ ജനകീയകവി ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തോടും അഭിമുഖ്യം പുലർത്തിയിരുന്നില്ല. തനിക്ക് ശരിയെന്നു തോന്നിയ സർഗജീവിതം നയിച്ച ഈ കവി അറുപതോളം കൃതികൾ രചിച്ചു. 37 വയസ്സുവരെ മാത്രം ജീവിച്ച ചങ്ങമ്പുഴയുടെ കൃതികൾ ഒരു കാലഘട്ടവും ഒരു ജനതയും ഹൃദയത്തിലേറ്റുവാങ്ങുകയായിരുന്നു.

പ്രതിഭയുടെ ധാരാളിത്തംകൊണ്ട് കാവ്യശാഖയെ പുളകമണിയിച്ച ചങ്ങമ്പുഴയുടെ വ്യക്തിജീവിതം സംഘർഷഭരിതമായിരുന്നു. വ്യക്തിബന്ധങ്ങളിലും സൗഹൃദങ്ങളിലും സ്നേഹബന്ധങ്ങളിലും ആറാടി ജീവിതം ആഘോഷമാക്കുമ്പോഴും വേദനിക്കുന്ന ഹൃദയം കൊണ്ടാണ് കാവ്യസപര്യ നടത്തിയത്.

ഹ്രസ്വമായ സർഗജീവിതംകൊണ്ട് മലയാളകാവ്യപാരമ്പര്യത്തിൽ തന്റേതായ ഇടം നേടിയ ഈ കാവ്യപ്രതിഭയ്ക്ക് സാഹിത്യ അക്കാദമി ഉചിതമായ സ്മാരകമാണ് തയാറാക്കിയിരിക്കുന്നത്. സാഹിത്യ അക്കാദമി വളപ്പിൽ ചങ്ങമ്പുഴ മന്ദിരം ഉയരുന്നത് മലയാളിക്ക് അഭിമാനിക്കാം. രണ്ടു വർഷമാണ് ചങ്ങ




മ്പുഴ തൃശൂർ നഗരത്തിൽ കാവ്യജീവിതവുമായി കഴിച്ചുകൂട്ടിയത്. മംഗളോദയം പ്രസ്സും ചങ്ങമ്പുഴയും തമ്മിലുള്ള ബന്ധം സാഹിത്യചരിത്രത്തിന്റെ ഭാഗമാണ്. നമ്മുടെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിലെ അക്കാദമി വളപ്പിൽ ആ മഹാപ്രതിഭയ്ക്ക് സ്മാരകം ഉയരുന്നതിൽ നമുക്ക് അഭിമാനിക്കാം. ചരിത്രഗതിയിൽ എന്നുമൊരു അത്ഭുതപ്രതിഭാസമാണ് ചങ്ങമ്പുഴ. വാഴക്കുല, രമണൻ, പാടുന്ന പിശാച് ഒക്കെ കാവ്യലോകം ഇന്നും നെഞ്ചേറ്റുന്നത് ഇതിന്റെ കാലാതിവർത്തിയായ കാവ്യഗുണംകൊണ്ടുതന്നെയാണ്.

ഒരു കവിക്ക് ഉചിതമായ സ്മാരകം ഉണ്ടാകുമ്പോൾ ആ പ്രതിഭയുടെ തുടർച്ചകൾ നാം ഇനിയും പ്രതീക്ഷിക്കേണ്ടതുണ്ട്. പുതിയ തലമുറയ്ക്ക് കവിയെ മനസ്സിലാക്കുന്നതിനും കൂടുതൽ പഠിക്കുന്നതിനും ഈ സ്മാരകമന്ദിരം പ്രചോദനമാകട്ടെ. മലയാളസാഹിത്യത്തിൽ ഇനിയും പുതിയ പ്രതിഭകൾ ഉണ്ടാകട്ടെ.


1948 ജൂൺ 11 ന് അന്തരിച്ച എക്കാലത്തെയും ഈ മഹാപ്രതിഭയ്ക്കു മുന്നിൽ പ്രണാമങ്ങൾ അർപ്പിക്കുന്നു. ■



തൃശൂർ സാഹിത്യഅക്കാദമി വളപ്പിൽ ചങ്ങമ്പുഴ മന്ദിരത്തിന്റെ ഉദ്ഘാടനം സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് നിർവഹിക്കുന്നു

ഫോട്ടോ ഫീച്ചർ

# വന്യം വർണാഭം...




പശ്ചിമഘട്ട മലനിരകൾ, ലോകത്തിലെ തിരഞ്ഞെടുക്കപ്പെട്ട 34 ജൈവ വൈവിധ്യ കലവറകളിലൊന്ന്. പശ്ചിമാദ്രിയിൽ തമിഴ്നാട്ടിലെ ആനമല, കേരളത്തിലെ നെല്ലിയാമ്പതി മലനിരകൾക്കു നടുവിൽ പ്രകൃതി അതീവ രഹസ്യമായിട്ടെന്ന പോലെ കാത്തുസൂക്ഷിച്ചിരിക്കുന്ന പച്ചപ്പിന്റെ ആഘോഷം-പറമ്പിക്കുളം വന്യജീവിസങ്കേതം. പശ്ചിമഘട്ടത്തിലെ തന്നെ അത്യപൂർവമായ സസ്യലതാദികളുടെയും ജീവിവർഗങ്ങളുടെയും അധിവാസകേന്ദ്രം. പറമ്പിക്കുളത്തുനിന്നും പി.ആർ.ഡി ഫോട്ടോഗ്രാഫർ **ഡാലു പരമേശ്വരൻ** പകർത്തിയ ചിത്രങ്ങൾ.





















■ വിനു എ.

IDSFFK

# കാലത്തിന്റെ കാഴ്ചകളുമായി ഹ്രസ്വചിത്രമേള

സിനിമ കൗതുകക്കാഴ്ചകൾ മാത്രമല്ല, വിസ്മയിപ്പിക്കുന്ന ദൃശ്യങ്ങളിലൂടെ സാമൂഹികപ്രശ്നങ്ങളെ ഗൗരവമായി സമർപ്പിക്കാനും അവയ്ക്ക് സാധിക്കും. തിരുവനന്തപുരത്തു നടന്ന അഞ്ചാമത് രാജ്യാന്തര ഡോക്യുമെന്ററി–ഹ്രസ്വചിത്രമേള ആവിഷ്കാരത്തിൽ പുതുചിന്തകൾ പകർന്നാണ് സമാപിച്ചത്. ഡിജിറ്റൽ കാലത്തിന്റെ സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് സൂക്ഷ്മതലത്തിൽ കാവ്യഭാഷയുടെ സൗന്ദര്യവുമായി ഓരോ ചിത്രവും വ്യത്യസ്താനുഭവങ്ങൾ സമ്മാനിക്കുന്നതായി.

ശ്രദ്ധയോടും അർഹിക്കുന്ന പരിഗണനയോടെയുമാണ് മേളയിൽ പ്രദർശനത്തിന് ഓരോ ചിത്രവും തിരഞ്ഞെടുത്തതെന്നത് സുവ്യക്തമാണ്. ഇനിയും ജനിച്ചിട്ടില്ലാത്ത കുഞ്ഞിന് അമ്മ സോൺപൂർ എന്ന ഗ്രാമത്തിലെ ലോക്നാഥ് എന്ന കുശവന്റെ കഥ പറഞ്ഞുകൊടുക്കുന്ന *റിടോൾഡ് ബൈ ലോക്നാഥ്* ആയിരുന്നു ഉദ്ഘാടനചിത്രം. കാലത്തിനും ഭാവനയ്ക്കുമിടയിലെ സാധ്യതകളിലൂടെയാണ് രജുല ഷാ ഈ ചിത്രം ഒരുക്കിയിരിക്കുന്നത്.

## ഉദ്ഘാടനം

ഹ്രസ്വചിത്രങ്ങളുടെയും ഡോക്യുമെന്ററികളുടെയും പ്രദർശനത്തിനായി കേരള സർക്കാരും ചലച്ചിത്ര അക്കാദമിയും കാണിക്കുന്ന ആർജവം ശ്രദ്ധേയമാണെന്ന്



അഞ്ചാമത് ഇന്റർനാഷണൽ ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ പ്രശസ്ത സംവിധായകൻ ഗൗതം ഘോഷ് കലാഭവനിൽ ഉദ്ഘാടനം ചെയ്യുന്നു. ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ സമീപം

മേള ഉദ്ഘാടനം ചെയ്ത ചലച്ചിത്ര സംവിധായകൻ ഗൗതം ഘോഷ് പറഞ്ഞു. ഡിജിറ്റൽ വിപ്ലവം ലോകത്താകമാനം നല്ല ഡോക്യുമെന്ററികളുടെയും ഹ്രസ്വചിത്രങ്ങളുടെയും പിറവിക്കു കാരണമായിട്ടുണ്ടെങ്കിലും അത് എല്ലാവർക്കും കാണാനുള്ള ഭാഗ്യമുണ്ടാവുന്നില്ല. ഫീച്ചർ ഫിലിമുകളെക്കാൾ സ്വാതന്ത്ര്യമുള്ളവയാണ് ഇത്തരം സംരംഭങ്ങളെങ്കിലും ഇതിന് അർഹമായ പരിഗണന ലഭിക്കുന്നില്ല. വൻ മുതൽമുടക്ക്, താരങ്ങൾക്ക് ഉയർന്ന പ്രതിഫലം, പണം മുടക്കുന്നവരുടെ താത്പര്യം തുടങ്ങിയവ വലിയ ഫിലിം നിർമാണത്തിൽ പ്രതിസന്ധിയുണ്ടാക്കും. എന്നാൽ ഡോക്യുമെന്ററികൾ സ്വയം സ്വാതന്ത്ര്യം നേടിയവയാണ്. പക്ഷേ, ആയിരക്കണക്കിന് ചാനലുകളുണ്ടെങ്കിലും നല്ല ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കാത്തത് ലജ്ജാകരമാണ്, അദ്ദേഹം കൂട്ടിച്ചേർത്തു.



അഞ്ചാമത് രാജ്യാന്തര ഡോക്യുമെന്ററി-ഹ്രസ്വചിത്രമേളയുടെ സമാപന സമ്മേളനത്തിൽ മന്ത്രി കെ.ബി. ഗണേഷ്കുമാർ സംസാരിക്കുന്നു

മന്ത്രി വി.എസ്. ശിവകുമാർ അധ്യക്ഷനായിരുന്നു. സമൂഹത്തിലെ പ്രധാന പ്രശ്നങ്ങൾ ചർച്ചചെയ്യുന്ന മാധ്യമമാണ് ഡോക്യുമെന്ററിയെന്നും ഇത്തരം മേളകളിലൂടെ അതിന്റെ മാറ്റങ്ങൾ അറിയാനും വിഖ്യാത ചലച്ചിത്രകാരുമായി ആശയവിനിമയം നടത്താനും മലയാളികൾക്ക് അവസരം ലഭിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഫെസ്റ്റിവൽ ബുക്ക് ഷാജി എൻ. കരുൺ സംവിധായകൻ ടി.കെ. രാജീവ്കുമാറിനു നൽകി പ്രകാശനം ചെയ്തു. ഫെസ്റ്റിവൽ ബുള്ളറ്റിൻ കൾച്ചറൽ വെൽഫെയർ ബോർഡ് ചെയർമാൻ ജി. സുരേഷ്കുമാർ ബൾഗേറിയൻ സംവിധായിക അഡില പീവക്ക് നൽകി പ്രകാശനം ചെയ്തു.

## മത്സരചിത്രങ്ങൾ

മിറാം ചാണ്ടി മിനിച്ചേരി സംവിധാനം ചെയ്ത *ദ റാറ്റ് റെയ്സാണ്* ലോങ് ഡോക്യുമെന്ററി വിഭാഗത്തിൽ മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടത്. അർധരാത്രികളിൽ മുംബൈ നഗരവീഥികളിൽ കുറുവടിയും ടോർച്ചുമായി എലികളെ തേടിയിറങ്ങുന്നവരുടെ ദുരിതപൂർണമായ ജീവിതത്തെ വരച്ചിടുന്നു ഈ ചിത്രം. സ്വാതന്ത്ര്യസമരസേനാനിയും കവിയുമായ വള്ളത്തോൾ നാരായണമേനോന്റെ ജീവിതത്തെ സാഹിത്യരംഗത്തെ വ്യക്തികളുടെ വാക്കുകളിലൂടെ അവതരിപ്പിക്കുന്നു റിഫ ഷലീസ് ചെന്നറ *ലോകമേ തറവാടിലൂടെ*. വി.കെ. അനിൽകുമാറിന്റെ *ദൈവകാരു*, പങ്കജ് ജോഹറിന്റെ *സ്റ്റിൽ സ്റ്റാന്റിങ്*, എസ്. നല്ലമുത്തുവിന്റെ *ടൈഗർ ഡൈനാസ്റ്റി* എന്നിവയും പ്രദർശിപ്പിച്ചു.

വ്യത്യസ്ത കാഴ്ചകളിലൂടെ തലസ്ഥാനനഗരത്തെ വരച്ചിടുകയാണ് റിന്റു തോമസും സുസ്മിത് ഘോഷും ചേർന്ന് സംവിധാനം ചെയ്ത *ദില്ലി*. ഇന്ത്യൻ ഛായാഗ്രഹണ ചരിത്രത്തിലെ വിലപ്പെട്ട ഏടുകളിലൊന്നായ നാഷണൽ ഇൻസ്ട്രുമെന്റ്സ് കമ്പനിയെക്കുറിച്ച് പറയുന്ന *ഐ ആം മൈക്രോയാണ്* ഷോർട്ട് ഡോക്യുമെന്ററികളിൽ ഒന്നാമതെത്തിയത്. ഷുമോന ഗോളും ഷായ് ഹെർഡിയയും ചേർന്നാണ് ഡോക്യുമെന്ററി സംവിധാനം ചെയ്തത്. പോർട്ട് ബ്ലയറിലെ ജയിലുകളിൽ പീഡനം അനുഭവിക്കേണ്ടിവന്ന സ്വാതന്ത്ര്യസമരസേനാനികളെക്കുറിച്ചുള്ള സന്തോഷ് പി.ഡിയുടെ *മൗനത്തിന്റെ നിലാവിൽ*, നിയമവിരുദ്ധമായി കുട്ടികളെയും സ്ത്രീകളെയും കടത്തുന്നതിനെക്കുറിച്ചുള്ള ഷീലദത്തയുടെ *ഹ്യൂമൻ ട്രാഫിക്കിങ്*, ചിത്രകാരി ടി.കെ. പത്മിനിയുടെ ജീവിതകഥ പറയുന്ന വാൾട്ടർ ഡിക്രൂസിന്റെ *പട്ടം പറത്തുന്ന പെൺകുട്ടി* എന്നിവയും ശ്രദ്ധിക്കപ്പെട്ടു.

ഇന്ത്യൻ ഛായാഗ്രഹണ ചരിത്രത്തിലെ വിലപ്പെട്ട ഏടുകളിലൊന്നായ നാഷണൽ ഇൻസ്ട്രുമെന്റ്സ് കമ്പനിയെക്കുറിച്ച് പറയുന്ന *ഐ ആം മൈക്രോയാണ്* ഷോർട്ട് ഡോക്യുമെന്ററികളിൽ ഒന്നാമതെത്തിയത്. ഷുമോന ഗോളും ഷായ് ഹെർഡിയയും ചേർന്നാണ് ഡോക്യുമെന്ററി സംവിധാനം ചെയ്തത്.

സാമൂഹികപ്രശ്നങ്ങളെ ഗൗരവമായി അവതരിപ്പിക്കാൻ അനിമേഷൻ ചിത്രങ്ങൾക്കും സാധിക്കുമെന്ന് വരകളുടെ വ്യത്യസ്തതയും തനിമയും വിഷയസമ്പന്നതയും കൊണ്ടു തെളിയിച്ചു ഈ വിഭാഗത്തിൽ പ്രദർശിപ്പിച്ച ചിത്രങ്ങൾ. കാലാവസ്ഥാവ്യതിയാനത്തിന്റെ അപകടത്തെക്കുറിച്ച് ഉത്കണ്ഠ പങ്കിടുന്ന *ഫ്ളൈറ്റ്*, ബംഗാളിലെ കടുവാവേട്ടയെക്കുറിച്ചുള്ള *റോർസ്*, ലഹരിക്കടിമപ്പെട്ടവരുടെ അവസ്ഥ ആവിഷ്കരിക്കുന്ന *അഡിക്ഷൻ* എന്നിവ ശ്രദ്ധിക്കപ്പെട്ടു. തുഷാർ ബി. മൊറെ സംവിധാനം ചെയ്ത *കരിം ബാർബറാണ്* മികച്ച അനിമേഷൻ ചിത്രം.

ഗ്രാമത്തിൽനിന്നും അച്ഛനെത്തേടി മുംബൈയിലെത്തിയ തനാജിയിലൂടെ നഗരത്തിന്റെ ഉള്ളറകളും സദാചാരപ്രശ്നങ്ങളും അവതരിപ്പിക്കുന്ന ചിൻമയ് നാഗേഷ് സാൽവിയുടെ *ബോംബെ സ്റ്റോ* ആണ് മികച്ച കഥാചിത്രം. ആധുനിക കാലത്തെ പ്രശ്നങ്ങളിലൂടെ അസ്തിത്വത്തെ തിരയുന്ന ലിബിൻ ചന്ദ്രന്റെ *റിക്കവറി*, പുതുമാധ്യമലോകത്തിന്റെ അമിത സ്വാതന്ത്ര്യ




**പി.ആർ.ഡി. നിർമിച്ച പട്ടം പറത്തുന്ന പെൺകുട്ടി എന്ന ഡോക്യുമെന്ററിക്കു ലഭിച്ച ജൂറിയുടെ സ്പെഷ്യൽ മെൻഷൻ അവാർഡ് മന്ത്രി കെ.ബി. ഗണേഷ്കുമാറിൽ നിന്ന് സംവിധായകൻ വാൾട്ടർ ഡിക്രൂസ് സ്വീകരിക്കുന്നു**

ത്തിന്റെ ദുരന്തത്തെക്കുറിച്ചു പറയുന്ന റഫീക് ഇബ്രാഹിമിന്റെ *കീഹോൾ,* സ്വപ്നത്തിനും സത്യത്തിനുമിടയിലെ അന്വേഷണങ്ങളെ കാണിച്ചുതരുന്ന കാർത്തിക്കിന്റെ *ദ മാച്ച് ബോക്സ്* തുടങ്ങിയവയും മത്സരത്തിനുണ്ടായിരുന്നു. റോജിൻ തോമസിന്റെ *വൺ റുപ്പി ടിപ്പാണ്* മികച്ച കാമ്പസ് ചിത്രം. വിവേക് ചൗഹാൻ ഒരുക്കിയ *ഇൻസ്പിറേഷൻ* മികച്ച മ്യൂസിക് വീഡിയോ ആയി തിരഞ്ഞെടുക്കപ്പെട്ടു.

## അമർ കൻവർ/അഡില പീവ

ബ്രിട്ടീഷ് അധിനിവേശകാലം മുതൽക്കുള്ള ഇന്ത്യയുടെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, പരിസ്ഥിതിവിഷയങ്ങളിലുള്ള സമരചരിത്രത്തെ യാഥാർഥ്യബോധത്തോടെ കാവ്യാത്മകമായി അവതരിപ്പിക്കുന്നതാണ് അമർ കൻവറിന്റെ ഡോക്യുമെന്ററികൾ. മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, നാഗാലാന്റ്, കശ്മീർ എന്നിവിടങ്ങളിലെ സംഘർഷങ്ങളുടെ തീവ്രത ചർച്ചചെയ്യുന്ന *എ നൈറ്റ് ഓഫ് പ്രൊഫസി,* ഗാന്ധിവധത്തിനു ശേഷമുണ്ടായ സംഭവങ്ങളും വംശീയ കൂട്ടക്കൊലകളും ദൃശ്യവത്കരിക്കുന്ന *ടു റിമംബർ,* പഴയ തലമുറയുടെ നിലപാടുകളെയും സംഘർഷം നിറഞ്ഞ ജീവിതവഴികളെയും തത്വചിന്താപരമായി നോക്കിക്കാണുന്ന ട്രിലോഗി എ സീസൺ, ഔട്ട്സൈഡ് എന്നിവ ഇതിൽപ്പെടും.

ബാൾക്കൻ രാജ്യങ്ങൾക്കു പൊതുവായുള്ള ഒരു ഗാനത്തിന്റെ സത്യമന്വേഷിക്കുന്ന *ഹൂസ് ഇസ് ദിസ് സോങ്ങാണ്* അഡില പീവയുടെ കൂടുതൽ ശ്രദ്ധിക്കപ്പെട്ട ചിത്രം. കമ്യൂണിസത്തിനു കീഴിൽ നിരോധനത്തിന്റെ നിഴലുകൾ പതിഞ്ഞ ചലച്ചിത്രജീവിതമാണ് പീവയുടേത്. തന്റെ നാട്ടിൽ നിലനിന്നിരുന്ന കമ്യൂണിസ്റ്റ് ഭരണം തകർന്നില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ തനിക്കിങ്ങനെയൊരു സിനിമ ഒരുക്കാൻ കഴിയുമായിരുന്നില്ലെന്ന് അവർ അഭിപ്രായപ്പെടുകയുണ്ടായി. *ഇൻ ദ നെയിം ഓഫ് സ്പോർട്സ്, ദ അൺവാണ്ടഡ്* തുടങ്ങിയ ചിത്രങ്ങളും പ്രദർശിപ്പിച്ചു.

അടിയന്തരാവസ്ഥക്കാലത്ത് അറസ്റ്റു ചെയ്യപ്പെട്ട് കക്കയം ക്യാമ്പിലേക്ക് കൊണ്ടുപോകവേ, പൊലീസ് ജിപ്പിലുണ്ടായിരുന്ന കന്നാസിലെ പെട്രോളിന് തീകൊളുത്തി മരിച്ച അങ്ങാടിപ്പുറം ബാലകൃഷ്ണന്റെ ജീവിതത്തെ അനുഭവിപ്പിക്കുന്ന ഒഡേസ സത്യന്റെ *അഗ്നിരേഖ*യും കാഴ്ചയിൽ പ്രിയമായി.

## ആഫ്രിക്കയും അഫ്ഗാനും

അഫ്ഗാനിസ്ഥാന്റെ പുതിയ കാലത്തെ പരിചയപ്പെടുത്തുന്നവയാണ് ഈ വിഭാഗത്തിൽ പ്രദർശിപ്പിച്ച സിനിമകൾ. യുദ്ധാനന്തര അഫ്ഗാനിസ്ഥാൻ നേരിടുന്ന സാഹചര്യങ്ങളെയാണ് ഈ ചിത്രങ്ങൾ അവതരിപ്പിക്കുന്നത്. മയക്കുമരുന്നിന്റെ ഉപയോഗത്തിൽ വർധന ചൂണ്ടിക്കാണിക്കുന്ന രാജ്യത്ത് കുട്ടികളിലും അത് പടരുകയാണ്. ജാവദ് തൈമാന്റെ *അഡിക്റ്റഡ് ഇൻ അഫ്ഗാനിസ്ഥാൻ* ചർച്ച ചെയ്യുന്നത് ഈ വിഷയമാണ്. സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തനരംഗത്തുള്ള മരിയ ബാഷറിന് അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് അൽക്ക സാദത്ത് *ഹാൽഫ് വാല്യു ലൈഫി*ലൂടെ പറയുന്നത്. ആഫ്രിക്കൻ ജീവിതത്തിലൂടെയാണ് യാസ്മിന അദിയുടെ *ഹിയർ വി ഡ്രൗൺ അൾജീരിയൻസ്,* സൈമൺ ബ്രൈറ്റിന്റെ *മുഗാബി... വാട്ട് ഹാപ്പൻഡ്* എന്നീ ചിത്രങ്ങൾ സഞ്ചരിക്കുന്നത്.

> മലയാളസിനിമയുടെ ഫിലിം ആർക്കൈവ്സ് മൂന്നാറിൽ സ്ഥാപിക്കുമെന്നും അവിടെ മൂന്നു തിയേറ്ററുകളും ചലച്ചിത്ര വിദ്യാർഥികൾക്ക് താമസിച്ചു പഠിക്കാനുള്ള കേന്ദ്രവും ആരംഭിക്കുമെന്നും മന്ത്രി കെ.ബി. ഗണേഷ്കുമാർ പറഞ്ഞു.

സിനിമയുടെ സാങ്കേതികമുന്നേറ്റത്തിനൊപ്പം ആഖ്യാനത്തിൽ പുതിയ പരീക്ഷണങ്ങൾ ധീരതയോടെ സ്വീകരിച്ച റിച്ചാർഡ് ലീക്കോക്കിന്റെ ശ്രദ്ധേയമായ ഡോക്യുമെന്ററികളും പ്രദർശനത്തിനുണ്ടായിരുന്നു.

## അനുബന്ധപരിപാടികൾ

ചിത്രത്തിന് ഏതു ഭാഷയാണ് ഉപയോഗിക്കേണ്ടതെന്ന് ആളുകളാണ് തന്നെ പഠിപ്പിച്ചതെന്ന് അമർ കൻവർ പറഞ്ഞു. പ്രേക്ഷകരുമായി മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആളുകൾ പറയാതെ വിടുന്ന വാക്കുകൾക്കും വരികൾക്കുമിടയിലുള്ള ഇടത്തിലാണ് താൻ അന്വേഷിക്കുന്നത്. അത്തരമൊരു മാനസികാവസ്ഥയിലൂടെ നിരന്തരമായി കടന്നുവരികയായിരുന്നു താനെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ ബാലവേലയെ സംബന്ധിച്ച് മുഖ്യധാരയിൽ ചർച്ചചെയ്യുവാനുള്ള സാഹചര്യമുണ്ടാക്കുകയാണ് തന്റെ സിനിമകളെന്ന് അദ്ദേഹം പറഞ്ഞു.

## സമാപനം

രാജ്യാന്തര ചലച്ചിത്രോത്സവം നടത്തുന്നതിനായി മൂന്നോ നാലോ തിയേറ്ററുകൾ അടങ്ങുന്ന ഫെസ്റ്റിവൽ കോംപ്ലക്സ് നിർമിക്കാൻ ശ്രമം നടത്തുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. അഞ്ചാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്രമേളയുടെ സമാപനച്ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മലയാളസിനിമയുടെ ഫിലിം ആർക്കൈവ്സ് മൂന്നാറിൽ സ്ഥാപിക്കുമെന്നും അവിടെ മൂന്നു തിയേറ്ററുകളും ചലച്ചിത്ര വിദ്യാർഥികൾക്ക് താമസിച്ചു പഠിക്കാനുള്ള കേന്ദ്രവും ആരംഭിക്കുമെന്നും മന്ത്രി കെ.ബി. ഗണേഷ്കുമാർ പറഞ്ഞു. അവാർഡു ജേതാക്കൾക്ക് അദ്ദേഹം സമ്മാനങ്ങൾ വിതരണം ചെയ്തു.

ജീവിതയാഥാർഥ്യങ്ങളുടെ കടുത്ത വഴികളിലൂടെ, കാഴ്ചയുടെ നവഭാവം അനുഭവിപ്പിച്ച മേള ചലച്ചിത്രപഠിതാക്കൾക്കും പ്രേക്ഷകർക്കും വരുംകാല സിനിമയുടെ തിളക്കമുള്ള തുടക്കമാണ് സമ്മാനിച്ചത്. ■

■ ശോഭന പി.കെ
ഡെപ്യൂട്ടി സ്റ്റേറ്റ് ലൈബ്രേറിയൻ

# കുട്ടികളുടെ വായനശീലം

## സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി നടത്തിയ പഠനം

വായന മരിക്കുന്നുവോ എന്ന ആശങ്ക രേഖപ്പെടുത്തുന്ന ചർച്ചകൾ കേരളത്തിലെ വിവിധ കോണുകളിൽനിന്നും പലകാലങ്ങളായി ഉയർന്നുവന്നിട്ടുണ്ട്. പക്ഷേ, ഇതിനെക്കുറിച്ച് ശാസ്ത്രീയമായ രീതിയിൽ അന്വേഷിക്കുന്നതിനോ പരിഹരിക്കുന്നതിനോ ശ്രദ്ധേയമായ പഠനങ്ങളൊന്നും നടന്നിട്ടില്ല. അതുകൊണ്ടുതന്നെ സർക്കാരിന്റെ കീഴിലുള്ള ഏറ്റവും വലിയ ലൈബ്രറിയായ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഇത്തരം പരിപാടികൾ സംഘടിപ്പിക്കേണ്ടത് വളരെ പ്രധാനമാണെന്ന വസ്തുത പരിഗണിച്ചാണ് 2011 ലെ സമ്മർസ്കൂളിന്റെ ഭാഗമായി ഈ പഠനം നടത്തിയത്. കുട്ടികളുടെ വായനയോടുള്ള ആഭിമുഖ്യം മനസ്സിലാക്കൽ, കുട്ടികളെക്കൊണ്ട് പുസ്തകങ്ങൾ വായിപ്പിക്കൽ, അതിന്റെ വിലയിരുത്തൽ എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായാണ് ഈ പരിപാടി സംഘടിപ്പിച്ചത്.



തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നടന്ന കുട്ടികളുടെ സമ്മർ ക്യാംപിൽ നിന്ന്

### വായനാപശ്ചാത്തലം

വായനശീലം പ്രോത്സാഹിപ്പിക്കാനുള്ള പരിപാടി ആസൂത്രണം ചെയ്യുന്നതിനു വേണ്ടി കുട്ടികളുടെ വായനാപശ്ചാത്തലം മനസ്സിലാക്കേണ്ടതുണ്ടായിരുന്നു. അതിനു വേണ്ടി കുട്ടികളെ എല്ലാവരെയും പങ്കെടുപ്പിച്ച് ഒരു സർവേ നടത്തി. പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുകയായിരുന്നു ഈ സർവേയുടെ ഉദ്ദേശ്യം.

- കുട്ടികൾക്ക് വായിക്കുന്നതിനുവേണ്ടി പുസ്തകങ്ങൾ എവിടെനിന്നെല്ലാം ലഭിക്കുന്നു.
- വായിക്കുന്നതിന് പ്രത്യേക നിർദേശങ്ങൾ ആരെങ്കിലും നൽകാറുണ്ടോ?
- ഒരു പുസ്തകം വായിക്കുമ്പോൾ, എഴുത്തുകാരൻ, ഏതു തരം പുസ്തകം എന്ന രീതിയിലുള്ള വിലയിരുത്തൽ നടത്തുന്നുണ്ടോ?
- പുസ്തകങ്ങളെപ്പറ്റി കുട്ടികൾക്ക് വിലയിരുത്താനോ ആശയങ്ങൾ പങ്കുവയ്ക്കാനോ ഉള്ള സന്ദർഭങ്ങളുണ്ടോ?
- പഠനമാധ്യമം മലയാളത്തിലല്ലെങ്കിൽ വായനശീലം കുറവുണ്ടോ?
- രക്ഷാകർത്താക്കൾ, സ്കൂളുകൾ, വിവിധ ലൈബ്രറികൾ എന്നീ സാമൂഹിക ഘടകങ്ങൾ വായനയെ പ്രോത്സാഹിപ്പിക്കാറുണ്ടോ?

മേൽപ്പറഞ്ഞ വസ്തുതകളെ ആസ്പദമാക്കി ചോദ്യാവലി തയാറാക്കുകയും 10 നും 15 നും ഇടയിൽ പ്രായമുള്ള നാനൂറ്റി അറുപതോളം വിദ്യാർഥികൾക്ക് വിതരണം നടത്തുകയും ചെയ്തു.

> പുസ്തകങ്ങൾ വായിക്കുന്നതിന് സ്കൂൾ ലൈബ്രറികളെയാണ് കുട്ടികൾ കൂടുതലായി ആശ്രയിക്കുന്നത്. 54 ശതമാനം പേർ. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽനിന്നും 34 ശതമാനം പേർ പുസ്തകങ്ങളെടുത്ത് വായിക്കാറുണ്ട്. 45 ശതമാനം കുട്ടികൾക്ക് മാതാപിതാക്കൾ പുസ്തകം വാങ്ങിക്കൊടുക്കുന്നുണ്ട്. 12 ശതമാനം കുട്ടികൾക്ക് മറ്റു ബന്ധുക്കളോ സുഹൃത്തുക്കളോ പുസ്തകങ്ങൾ വാങ്ങി കൊടുക്കാറുണ്ട്.

### സർവേഫലം

പങ്കെടുത്ത 70 ശതമാനത്തോളം കുട്ടികൾ വായനയെ ഇഷ്ടപ്പെടുന്നുവെന്നാണ് പറഞ്ഞത്. വായനശീലമില്ലാത്തവരിൽ 17 ശതമാനം പേർ പുസ്തകം വായിക്കാത്തതിന് സമയക്കുറവാണ് കാരണമായി പറയുന്നത്. ആറു ശതമാനം കുട്ടികൾക്ക് മതിയായ പുസ്തകങ്ങൾ ലഭിക്കാത്തതാണ് വായിക്കാതിരിക്കാൻ കാരണം ആറു ശതമാനം പേർ താത്പര്യക്കുറവ് കാരണമായി പറയുന്നു.

പുസ്തകങ്ങൾ വായിക്കുന്നതിന് സ്കൂൾ ലൈബ്രറികളെയാണ് കുട്ടികൾ കൂടുതലായി ആശ്രയിക്കുന്നത്. 54 ശതമാനം പേർ. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽനിന്നും 34 ശതമാനം പേർ പുസ്തകങ്ങളെടുത്തത്തു വായിക്കാറുണ്ട്. 45 ശതമാനം കുട്ടികൾക്ക് മാതാപിതാക്കൾ പുസ്തകം വാങ്ങിക്കൊടുക്കുന്നുണ്ട്. 12 ശതമാനം കുട്ടികൾക്ക് മറ്റു ബന്ധുക്കളോ സുഹൃത്തുക്കളോ പുസ്തകങ്ങൾ വാങ്ങിക്കൊടുക്കുന്നു.

ജന്മദിനത്തിലോ മറ്റ് സവിശേഷാവസരങ്ങളിലോ സമ്മാനമായി പുസ്തകങ്ങൾ ലഭിക്കുന്നത് 60 ശതമാനം പേർക്കാണ്. 40 ശതമാനം പേർക്ക് ഇങ്ങനെ പുസ്തകങ്ങളൊന്നും ലഭിക്കുന്നില്ല. ഏറ്റവും കൂടുതൽ കുട്ടികൾക്ക് സമ്മാനമായി നൽകുന്നത് അമ്മമാരാണ്. 18.3 ശതമാനം. 16.6 ശതമാനം പേർക്ക് അച്ഛനും എട്ടു ശതമാനം കുട്ടികൾക്ക് മറ്റു ബന്ധുക്കളും നാലു ശതമാനം പേർക്ക് അധ്യാപകരും സമ്മാനമായി പുസ്തകങ്ങൾ നൽകുന്നുണ്ട്.

സമ്മാനങ്ങൾ ലഭിക്കുന്നവരുടെ എണ്ണത്തിനെക്കാൾ കുറവാണ് കൊടുക്കുന്നവരുടേത്. 46 ശതമാനം കുട്ടികളേ പുസ്തകമായി സമ്മാനം കൊടുക്കാറുള്ളു.

56 ശതമാനം പേർക്ക് ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനാണ് താത്പര്യം. 44 ശതമാനം പേരാണ് മലയാളം വായിക്കാൻ താത്പര്യം പ്രകടിപ്പിച്ചത്. മലയാളം വായിക്കാനറിയാത്തതുകൊണ്ട് ഏഴു ശതമാനം പേർ മലയാളം പുസ്തകങ്ങൾ വായിക്കാതിരിക്കുമ്പോൾ, 43 ശതമാനം പേർക്ക് മലയാളപുസ്തകങ്ങൾ ഇഷ്ടമില്ലാത്തതുകൊണ്ടാണ് വായിക്കാത്തതെന്ന് അഭിപ്രായപ്പെടുന്നു. നോവൽ, ചെറുകഥാപുസ്തകങ്ങൾ വായിക്കാനാണ് 54 ശതമാനം കുട്ടികൾ ഏറ്റവും കൂടുതൽ താത്പര്യം പ്രകടിപ്പിക്കുന്നത്. 40 ശതമാനം കുട്ടികൾക്ക് മാന്ത്രിക കഥകൾ വായിക്കാനാണ് താത്പര്യം. രാഷ്ട്രീയം, ചരിത്രം മുതലായ പുസ്തകങ്ങൾ വായിക്കാൻ താത്പര്യമുള്ളവരാണ് 10 ശതമാനം പേർ. 65 ശതമാനം കുട്ടികളും എല്ലാ ദിവസവും പത്രം വായിക്കുന്നവരാണ്. എന്നാൽ നൂറിൽക്കൂടുതൽ പുസ്തകങ്ങൾ വായിച്ചവർ 27 ശതമാനം പേർ മാത്രമാണ്.

### പ്രിയപ്പെട്ട പുസ്തകങ്ങൾ

53 ശതമാനം പേരും ആദ്യമായി വായിച്ച പുസ്തകത്തിന്റെ ഓർമ സൂക്ഷിക്കുന്നുണ്ട്. ഇഷ്ടപ്പെട്ട പുസ്തകങ്ങളിൽ കൂടുതൽ പേരും എ.പി.ജെ. അബ്ദുൽ കലാമിന്റെ *അഗ്നിച്ചിറകുകൾ* ആണ് ഓർക്കുന്നത്. 12 ശതമാനം പേർക്കും *ഷെർലക്ക് ഹോംസാണ്* പ്രിയ പുസ്തകം. *ഹാരി പോട്ടർ, ഗുംസ്ബംപ്സ് ഫേമസ് ഫൈവ്* എന്നീ പുസ്തകങ്ങളാണ് പിന്നെ വരുന്നത്. മറ്റുള്ളവർ പറഞ്ഞുകേട്ട് ഏറ്റവും കൂടുതൽ വായിക്കാൻ ആഗ്രഹിക്കുന്ന പുസ്തകം *ഹാരി പോട്ടറാണ്*. പിന്നെ, താത്പര്യമുള്ളവ



തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി

*ട്വലൈറ്റ് സ്റ്റോറീസ്, ഷേർലക്ക് ഹോംസ്, ക്രോണിക്കിൾ ഓഫ് നാർനിയ* എന്നീ പുസ്തകങ്ങൾ.

## ഒരു പുസ്തകം ഇഷ്ടപ്പെട്ടാൽ

ഒരു പുസ്തകം വായിച്ച് ഇഷ്ടപ്പെടുകയാണെങ്കിൽ 40 ശതമാനം പേർക്കും കൂട്ടുകാരോട് അതിനെപ്പറ്റി സംസാരിക്കുന്ന സ്വഭാവമുണ്ട്. 36 ശതമാനം പേർ മാതാപിതാക്കളോട് സംസാരിക്കും. 24 ശതമാനം പേർ പ്രത്യേകിച്ചൊന്നും ചെയ്യില്ല. 88 ശതമാനം കുട്ടികൾക്കും ഏതെങ്കിലും പുസ്തകം വായിക്കണമെന്നുള്ള നിർദേശം ലഭിക്കാറുണ്ട്. ഏറ്റവും കൂടുതൽ നിർദേശം നൽകുന്നത് അമ്മമാരാണ്.

## പ്രിയപ്പെട്ട എഴുത്തുകാരൻ

ഒരു പ്രത്യേക എഴുത്തുകാരനോടുള്ള മമത ഭൂരിപക്ഷം കുട്ടികളും പ്രകടിപ്പിക്കുന്നില്ല. എനിഡ് ബ്ലിട്ടനാണ് ഏറ്റവും താത്പര്യമുള്ള എഴുത്തുകാരിയായി പറയുന്നത്. പിന്നീട് വരുന്നത് യഥാക്രമം ജെ.കെ. റൗളിങ്ങ്, വൈക്കം മുഹമ്മദ് ബഷീർ, ഷേക്സ്പിയർ, എസ്.കെ. പൊറ്റക്കാട്, ആർ.എൽ. സ്റ്റീവൻസൺ, ഒ.എൻ.വി. കുറുപ്പ്, കുഞ്ഞുണ്ണിമാഷ് എന്നീ എഴുത്തുകാരാണ്.

## വായന മത്സരങ്ങൾ

വായന സർവേ നടത്തിയത് സമ്മർ സ്കൂൾ നടത്തുന്നതിനു മുമ്പായിരുന്നു. കുട്ടികളെക്കൊണ്ട് പരമാവധി പുസ്തകങ്ങൾ വായിപ്പിക്കുക എന്നതായിരുന്നു ക്യാമ്പിന്റെ ലക്ഷ്യം. വിവിധ വിഷയങ്ങളും വിനോദപരിപാടികളും നടത്തുന്ന ഒരു മാസത്തെ ക്യാമ്പിൽ വായിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ക്ലാസുകളും മത്സരങ്ങളും കൂടുതലായി ഉൾപ്പെടുത്തിയിരുന്നു.

ഇത്തരത്തിലുള്ള ക്ലാസിനു പുറമേ, കുട്ടികൾക്കു വായിക്കാനുള്ള എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുത്തു. തിരഞ്ഞെടുത്ത മലയാള ക്ലാസിക് പുസ്തകങ്ങൾ ലൈബ്രറി ഡിസ്കൗണ്ട് റേറ്റിൽ വാങ്ങിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകപ്രദർശനം ഒരാഴ്ച നടത്തുകയും കുട്ടികളെ വായിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങളും വാങ്ങിപ്പിക്കുകയുണ്ടായി. ലൈബ്രറിയിലെ എല്ലാ വിഭാഗങ്ങളിൽനിന്നും പുസ്തകങ്ങളെടുത്തു വായിക്കാൻ കുട്ടികളെ പ്രേരിപ്പിച്ചു.

വായിക്കുക എന്ന ദൗത്യം വിജയിച്ചുവെന്ന് മനസ്സിലാക്കാൻ സാധിച്ചത് വായന മത്സരങ്ങളിലെ പങ്കാളിത്തം കൊണ്ടാണ്. തിരഞ്ഞെടുത്ത ക്ലാസിക് മലയാള പുസ്തകങ്ങളിലെ ഒരു ചെറിയ ഭാഗം മാത്രം പൊതുവായി വായിക്കുകയും ബാക്കിഭാഗം മുഴുവൻ പുസ്തകം വായിച്ചതിനുശേഷം സ്റ്റേജിൽ അവതരിപ്പിക്കുന്ന *അനന്തരം എന്തു സംഭവിച്ചു?* എന്ന മത്സരം, പ്രിയ പുസ്തകങ്ങളെപ്പറ്റിയും പ്രിയ എഴുത്തുകാരനെപ്പറ്റിയും പ്രിയ കഥാപാത്രത്തെപ്പറ്റിയുമെല്ലാം അവതരിപ്പിക്കുന്ന മത്സരങ്ങൾ എന്നിവയായിരുന്നു പ്രധാനപ്പെട്ടവ. ഇതിലൂടെ കുട്ടികൾക്ക് പോയിന്റുകൾ നൽകുകയും ഏറ്റവും കൂടുതൽ പോയിന്റു നേടുന്ന കുട്ടികളെ തിരഞ്ഞെടുത്ത് ക്യാമ്പിന്റെ അവസാനം സമ്മാനങ്ങൾ നൽകുകയും ചെയ്തു. തുടക്കത്തിൽ വളരെ കുറച്ചു പേരെ പങ്കെടുത്തുള്ളുവെങ്കിലും സമ്മർ സ്കൂൾ പുരോഗമിക്കുന്തോറും പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണത്തിൽ വളരെ വർധനയുണ്ടായി.



കൂടാതെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് സാഹിത്യ പ്രശ്നോത്തരിയും സംഘടിപ്പിക്കുകയുണ്ടായി.

## വായന എന്ന ലഹരി

ആദ്യഘട്ടത്തെ സർവേയിലൂടെ വെളിവാക്കപ്പെട്ട വായനയോടുള്ള വിരുദ്ധനിലപാടുകൾ മാറ്റാൻ കഴിഞ്ഞതായാണ് മൂന്നാമത്തെ ഘട്ടത്തിൽ നടത്തിയ സർവേയുടെ ഫലം തെളിയിച്ചത്. സമ്മർ സ്കൂളിന്റെ ഭാഗമായി നടത്തിയ പുസ്തകത്തെ പരിചയപ്പെടുത്തുന്ന വിവിധ ക്ലാസുകൾ കൂടുതൽ വായിക്കാൻ പ്രേരണ നൽകിയെന്ന് കുട്ടികൾ അഭിപ്രായപ്പെട്ടു. ഈ ക്യാമ്പിൽ പങ്കെടുത്തതിനുശേഷം വായനയോടുള്ള ആഭിമുഖ്യത്തിന് വളരെയധികം മാറ്റമുണ്ടായി എന്നും കുട്ടികൾ പറഞ്ഞു. വായന രസകരമാക്കാൻ ഈ വായനാമത്സരം സഹായിച്ചുവെന്ന് 90 ശതമാനം പേരും അറിയിച്ചു. പുസ്തകങ്ങൾ വാങ്ങിക്കാൻ രക്ഷിതാക്കൾ പൈസ തന്നില്ലെന്നു പറഞ്ഞത് 54 ശതമാനം പേരാണ്. 10 ശതമാനം പേരാണ് പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളത്.

ഈ ക്യാമ്പിന്റെ ഭാഗമായി എല്ലാ കുട്ടികളും ഒരു പുസ്തകമെങ്കിലും വായിച്ചു. കവിതകളും കഥകളും വായിച്ചു. 30 ഓളം പുസ്തകങ്ങൾ വായിച്ച കുട്ടികളുണ്ടായിരുന്നു. ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച നാലു വിദ്യാർഥികളെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി. ■

സമ്മർ സ്കൂളിന്റെ ഭാഗമായി നടത്തിയ പുസ്തകത്തെ പരിചയപ്പെടുത്തുന്ന വിവിധ ക്ലാസുകൾ കൂടുതൽ വായിക്കാൻ പ്രേരണ നൽകിയെന്ന് കുട്ടികൾ അഭിപ്രായപ്പെട്ടു. ഈ ക്യാംപിൽ പങ്കെടുത്തതിനു ശേഷം വായനയോടുള്ള ആഭിമുഖ്യത്തിന് വളരെയധികം മാറ്റമുണ്ടായി എന്നും കുട്ടികൾ പറഞ്ഞു. വായന രസകരമാക്കാൻ ഈ വായനാമത്സരം സഹായിച്ചുവെന്ന് 90 ശതമാനം പേരും അറിയിച്ചു.



എം.സി. രാജനാരായണൻ

# തേക്കു മ്യൂസിയവും ചിത്രശലഭങ്ങളും

നിലമ്പൂരിലെ തേക്കു മ്യൂസിയം ലോകപ്രസിദ്ധമാണ്. കാരണം ലോകത്തിലെതന്നെ മരത്തിനായുള്ള, തേക്കിനായുള്ള ഒരേയൊരു മ്യൂസിയമാണിത്. അപൂർവ ചെടികൾക്കും ലതകൾക്കുമായുള്ള മ്യൂസിയങ്ങൾ ഉണ്ടെങ്കിലും തേക്കുമ്യൂസിയം നിലമ്പൂരിനുമാത്രം സ്വന്തം. നിലമ്പൂർ വനങ്ങളിലെ തേക്ക് ഏറെ വ്യത്യസ്തവും പ്രസിദ്ധവുമാണ്.

അനാദികാലം മുതൽക്കുതന്നെ വൃക്ഷങ്ങളുടെ തലവനായി തേക്ക് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരുന്നു. തേക്കിന് അനുകൂലമായ മണ്ണും കാലാവസ്ഥയും ഇവിടെ ലഭ്യമാണ്. ഇന്ത്യയെ കൂടാതെ ദക്ഷിണേന്ത്യൻ രാജ്യങ്ങളായ മ്യാൻമർ, ലബോസ്, തായ്‌ലൻഡ് എന്നീ രാജ്യങ്ങളിലും ഗുണനിലവാരമുള്ള തേക്ക് സുലഭം.



ഇന്ത്യയിൽ തെക്കേ ഇന്ത്യയിലാണ് തേക്കിന് ഉചിതമായ കാലാവസ്ഥയുള്ളത്. കേരളം, തമിഴ്നാട്, കർണാടകം, ആന്ധ്ര പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ തേക്ക് തഴച്ചുവളരുമ്പോൾ വലിയ തോതിലല്ലെങ്കിലും മധ്യപ്രദേശ്, മഹാരാഷ്ട്ര, ഒറീസ എന്നിവിടങ്ങളിലും തേക്ക് കാണപ്പെടുന്നു. ഇവിട ങ്ങളിൽ തേക്കിന്റെ സ്വാഭാവികതോട്ടങ്ങളും വനങ്ങളുമാണുള്ളത്. എന്നാൽ മറ്റു സംസ്ഥാനങ്ങൾ തേക്കിന്റെ വിപണനമൂല്യം കണക്കിലെടുത്ത് തേക്ക് നട്ടുവളർത്തുന്നുണ്ട്. ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച ഗുണനിലവാരമുള്ള തേക്ക് നിലമ്പൂരിലാണ് വളരുന്നത്. അതുകൊണ്ടുതന്നെ തേക്കുമ്യൂസിയം ഇവിടെ സ്ഥാപിതമായി.

ലോകത്തിലെതന്നെ ആദ്യത്തെ തേക്കുതോട്ടം 1840 ൽ നിലസ്ട്രറിൽ ആരംഭിച്ചത് വനത്തിൽനിന്ന് പ്രകൃതിദത്തമായി ലഭിക്കുന്ന തേക്കിന്റെ അളവു കുറഞ്ഞുവരുന്നത് പരിഹരിക്കുവാനായിരുന്നു. അതിനുശേഷം തേക്കു തോട്ടങ്ങൾ മറ്റു രാജ്യങ്ങളിലും പ്രദേശങ്ങളിലും നിലവിൽവന്നു.

1995 മേയിലാണ് ലോകത്തെ പ്രഥമ തേക്ക് മ്യൂസിയം നിലമ്പൂരിൽ നിലവിൽ വന്നത്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെയും സംയുക്ത ഉടമസ്ഥതയിലുള്ള 'കനോലി പ്ലോട്ടി'നടുത്തായാണ് മ്യൂസിയം സ്ഥാപിതമായത്. തേക്ക് സംബന്ധമായ എല്ലാ വിവരങ്ങളും ഒരു കുടക്കീഴിലെന്നപോലെ ഇവിടെ ലഭ്യമാണ്. തേക്കിലെ വൈവിധ്യം, ചരിത്രം, വച്ചുപിടിപ്പിക്കുന്ന രീതികൾ, പരിപോഷണം, ഉപയോഗം തുടങ്ങി അതിന്റെ സാമൂഹിക സാംസ്കാരികവശങ്ങൾ വരെ വ്യക്തമായി പ്രതിപാദിക്കുന്നു.




മ്യൂസിയത്തിലേക്കു പ്രവേശിക്കുമ്പോൾ നാം തേക്കിന്റെ ചരിത്രത്തിലേക്കും വളർച്ചയുടെ നാൾവഴികളിലേക്കുമാണ് സഞ്ചരിക്കുന്നത്. താഴത്തെ നിലയിൽ സജ്ജീകരിച്ചിരിക്കുന്നത് ചരിത്രപരവും കലാപരവുമായ സവിശേഷതകൾ ഒന്നിക്കുന്ന വസ്തുവകകളാണ്. മ്യൂസിയത്തിന്റെ സന്ദർശനകവാടത്തിനുപുറത്ത് പ്രദർശിപ്പിച്ച വളർച്ചയെത്തിയ തേക്കിന്റെ വേരുകൾ തലകീഴായുള്ളത് ഒരു ശില്പമെന്നപോലെ ആകർഷകവും സൗന്ദര്യാത്മകവുമാണ്. വിജ്ഞാനപ്രദവും വിസ്മയകരവുമായ ഈ തേക്ക് വേരുശില്പ കാഴ്ചയാണ് സന്ദർശകരെ മ്യൂസിയത്തിലേക്ക് സ്വാഗതം ചെയ്യുക.



കണ്ണിമാര ഇനത്തിൽപ്പെടുന്ന തേക്കാണ് ലോകത്തെ ഏറ്റവും പഴക്കംചെന്ന, സ്വാഭാവിക തേക്ക്. പറമ്പിക്കുളം വന്യമൃഗസംരക്ഷണകേന്ദ്രത്തിലാണ് കണ്ണിമാര തേക്ക് വ്യാപകമായും സമൃദ്ധമായുമുള്ളത്. പ്രതീക്ഷിക്കുന്നതുപോലെ മ്യൂസിയത്തിന്റെ പ്രവേശനകവാടം തേക്കിൽത്തീർത്ത വലിയൊരു വാതിൽ തന്നെയാണ്. രാജകീയ പ്രൗഢിയോടെ ആരെയും ആകർഷിക്കുന്ന വാതിൽ. വൃക്ഷങ്ങൾക്കിടയിൽ അദ്വിതീയ സ്ഥാനമാണ് അനാദികാലം മുതൽ തേക്കിനുള്ളത്. എത്ര കാലപ്പഴക്കം ചെന്നാലും ചിതലിനെയും പൂതലിപ്പിനെയും തടയുന്ന സവിശേഷഗുണം തേക്കിനുള്ളതുകൊണ്ടാണ് പഴയ രാജകൊട്ടാരങ്ങളുടെയും ക്ഷേത്രങ്ങളുടെയും പണികൾക്കായി തേക്ക് വിപുലമായി ഉപയോഗിക്കുന്നത്. കേരളത്തിലെ വിവിധ ഫോറസ്റ്റ് ഡിവിഷനുകളിലെ തേക്കുകളുടെ സാമ്പിളുകൾ ഇവിടെ കാണാം. പറമ്പിക്കുളം, മലയാറ്റൂർ തുടങ്ങിയ സ്ഥലങ്ങളിലേതടക്കം. *ഉരു* എന്ന പോയകാലങ്ങളിലെ ചരക്കുകപ്പലുകളുടെ നിർമാണത്തിന് തേക്കാണ് ഉപയോഗിച്ചിരുന്നത്. ഉരുവിന്റെ തേക്കുതടിയിൽ തീർത്ത മോഡൽ ഏറെ ആകർഷണീയമാണ്. അതുപോലെ *കണ്ണിമാര* തേക്കിലുള്ള ഛായാചിത്രവും. റിസപ്ഷനു തൊട്ടുള്ള തേക്കിൽ നിർമിച്ച പത്തായം ശ്രദ്ധേയമാണ്. തേക്കിൽ മാത്രമായി നിർമിച്ച ക്ലോക്ക് മറ്റൊരു സവിശേഷവസ്തുവാണ്.





ഒന്നാമത്തെ നിലയിൽ ശാസ്ത്രീയരീതിയിൽ തേക്കിന്റെ വളർച്ചയും ഉത്പാദനോപയോഗങ്ങളും വിവരിക്കുന്ന സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. അതുപോലെതന്നെ തേക്കു ചെടികളെ ബാധിക്കുന്ന കീടങ്ങളെയും മറ്റ് രോഗങ്ങളെയും കുറിച്ചുള്ള വിവരങ്ങളും അതിനെ മറികടക്കുന്നതിനുള്ള പരിഹാരമാർഗവുമാണ്





> മികച്ച ഈടുറ്റ മരത്തടിയാണെന്നതു മാത്രമല്ല തേക്കിന്റെ സവിശേഷത. അതിന് ഔഷധഗുണവുമുണ്ട്. ഇക്കാര്യം ഫോട്ടോകളുടെ സഹായത്തോടെ വിശദീകരിക്കുന്നത് ഇവിടെ കാണാവുന്നതാണ്. അങ്ങനെ തേക്കിനെക്കുറിച്ചുള്ള സമഗ്രമായ വിവരശേഖരം മ്യൂസിയത്തിലുണ്ട്. വരച്ച ചിത്രങ്ങളുടെയും ഫോട്ടോകളുടെയും സഹായത്തോടെയാണ് വളർച്ചയുടെ ഘട്ടങ്ങളും ഉപയോഗങ്ങളും മറ്റും വിവരിച്ചിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

തയാറാക്കിയിട്ടുള്ളത്. പഴയകാലങ്ങളിൽ ഉപയോഗിച്ചിരുന്ന പണിയായുധങ്ങൾ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. പല പ്രദേശങ്ങളിൽനിന്നുള്ള തേക്കിൻതടികൾ ഇവിടെയുണ്ട്. പല വലുപ്പത്തിലും പ്രായത്തിലുമുള്ളവ. അകക്കാമ്പുള്ള പണിത്തരത്തിന് ഉതകുന്ന കാതലുള്ള തേക്കായി മാറുവാൻ നിരവധി വർഷങ്ങളുടെ വളർച്ച ആവശ്യമാണ്. അതിന്റെ സ്ഥിതിവിവരങ്ങൾ ലഭ്യമാണ്.

മികച്ച ഈടുറ്റ മരത്തടിയാണെന്നുതു മാത്രമല്ല തേക്കിന്റെ സവിശേഷത, അതിന് ഔഷധഗുണവുമുണ്ട്. ഇക്കാര്യം ഫോട്ടോകളുടെ സഹായത്തോടെ വിശദികരിക്കുന്നത് ഇവിടെ കാണാവുന്നതാണ്. അങ്ങനെ തേക്കിനെക്കുറിച്ചുള്ള സമഗ്രമായ വിവരശേഖരം മ്യൂസിയത്തിലുണ്ട്. വരച്ച ചിത്രങ്ങളുടെയും ഫോട്ടോകളുടെയും സഹായത്തോടെയാണ് വളർച്ചയുടെ ഘട്ടങ്ങളും ഉപയോഗങ്ങളും മറ്റും വിവരിച്ചിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

തേക്കുമ്യൂസിയത്തോട് അനുബന്ധിച്ചു തന്നെയാണ് ഔഷധങ്ങൾക്കായുള്ള ഉദ്യാനവും ചിത്രശലഭങ്ങൾക്കായുള്ള പാർക്കുമുള്ളത്. ചിത്രശലഭങ്ങൾക്ക് പ്രിയങ്കരങ്ങളായ സസ്യലതാദികൾ ഇവിടെ വച്ചുപിടി



പ്പിച്ചിരിക്കുന്നു. വർണച്ചിറകുകളുമായി പറന്നുനടക്കുന്ന വിവിധതരം പൂമ്പാറ്റകൾ സൈ്വരവിഹാരം നടത്തുന്ന ഉദ്യാനം സന്ദർശകരെ ആകർഷിക്കുന്നവിധം സജ്ജീകരിച്ചിരിക്കുന്നു. മുട്ട വിരിഞ്ഞ് പുഴുവായി അത് ചിറകുകൾനേടി പൂമ്പാറ്റയായി പറന്നുപോകുന്നതുവരെയുള്ള പരിണാമദിശകൾ വിവരിച്ചിരിക്കുന്നത് കാണാം.

സതേൺ ബോർഡ് വിങ്, റെഡ് പിരോട്ട്, സ്ട്രമർമൺ, കമാൻഡർ, യാം ഫ്ളൈസ് തുടങ്ങിയ അപൂർവങ്ങളായ നിരവധിയിനം ചിത്രശലഭങ്ങളെ ഈ ഉദ്യാനത്തിൽ കണ്ടെത്താനാകും. മഞ്ഞയും ചുവപ്പും നിറമുള്ള യാം ഫ്ളൈസ് മനോഹരമാണ്. പൂമ്പാറ്റകൾക്ക് ആവശ്യവും അനുയോജ്യവുമായ ചെടികളും വള്ളിപ്പടർപ്പുകളും ഇവിടെയുണ്ട്.

ഇത്തവണത്തെ തേക്കു മ്യൂസിയ സന്ദർശനം വിഖ്യാത ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണനോടൊപ്പമായിരുന്നു. സയിന്റിസ്റ്റ് ഇൻ ചാർജായ ഡോ. യു.എം. രാമചന്ദ്രയുടെ വാക്കുകൾ സാകൂതം ശ്രവിച്ചും സംശയനിവാരണത്തിനായി ചോദ്യങ്ങൾ ചോദിച്ചും തേക്കു മ്യൂസിയവും പൂമ്പാറ്റകൾക്കായുള്ള ഉദ്യാനവും അടൂർ നടന്നു കാണുന്നതു തന്നെ ഒരു കാഴ്ചയായിരുന്നു.

തേക്കു മ്യൂസിയവും ചിത്രശലഭങ്ങളുടെ മ്യൂസിയവും അവിസ്മരണീയമെന്ന് അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞത് ഏതൊരു സന്ദർശകന്റെയും വികാരം തന്നെയാണ്. ■



സ്മാർട് സിറ്റി പദ്ധതിയുടെ പവലിയൻ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു.

# സ്മാർട് സിറ്റി ആദ്യഘട്ടം 18 മാസത്തിനകം : മുഖ്യമന്ത്രി

കേരളത്തിന്റെ സ്വപ്നപദ്ധതികളിലൊന്നായ സ്മാർട് സിറ്റിയുടെ പ്രധാന കെട്ടിടത്തിന്റെ നിർമാണപ്രവർത്തനങ്ങൾ അടുത്ത 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വ്യക്തമാക്കി. ഇതിനാവശ്യമായ എല്ലാ സഹകരണവും സർക്കാർ നൽകുമെന്നും 3.5 ലക്ഷം ചതുരശ്ര അടിയിലുള്ളതാണ് ആദ്യഘട്ടമെന്നും അദ്ദേഹം വ്യക്തമാക്കി. സ്മാർട് സിറ്റി പദ്ധതിയുടെ പവലിയൻ ഉദ്ഘാടനചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഐടി രംഗത്ത് ഏറ്റവും മുമ്പിൽ നിൽക്കേണ്ടിയിരുന്ന സംസ്ഥാനമായിരുന്നു കേരളം. കേരളത്തിന് ആ സ്ഥാനം കൈവരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ എല്ലാവരിൽനിന്നും ഉണ്ടാകണം. നഷ്ടപ്പെടുത്തിക്കളഞ്ഞ സമയം വീണ്ടെടുക്കാൻ എല്ലാവരും ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സ്മാർട് സിറ്റി പദ്ധതി പ്രദേശമുൾക്കൊള്ളുന്ന തൃക്കാക്കര മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് വൻ പ്രാധാന്യമാണ് സർക്കാർ നൽകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

സീപോർട്ട്-എയർപോർട്ട് റോഡ് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ 25 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ടെന്നും ഈ റോഡിനെ എറണാകുളം നഗരവുമായി ബന്ധിപ്പിക്കാൻ ഡയറക്ട് ലിങ്ക് റോഡ് ഉണ്ടാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

സ്മാർട് സിറ്റി പദ്ധതിയിലൂടെ ഈ പ്രദേശത്തിന്റെ സമഗ്രവികസനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും ഈ മേഖലയിലെ എല്ലാ വിഭാഗക്കാരെയും ഉൾക്കൊള്ളിച്ചുള്ള വികസനമാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

പവലിയൻ ഉദ്ഘാടനച്ചടങ്ങിനുശേഷം പവലിയനിൽ സ്മാർട് സിറ്റി കമ്പനിയുടെ ആദ്യ ഡയറക്ടർ ബോർഡ് യോഗവും ചേർന്നു. സ്മാർട് സിറ്റി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടീകോം പ്രാമുഖ്യം നൽകുമെന്നും ടീകോം ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്നില്ലെന്നും ടീകോമിന്റെ കൈവശം പണമുണ്ടെന്നും ടീകോം സി.ഇ.ഒയും കൊച്ചി സ്മാർട് സിറ്റി കമ്പനി വൈസ് ചെയർമാനുമായ അബ്ദുൾ ലത്തീഫ് അൽമുല്ല ഡയറക്ടർബോർഡ് യോഗത്തിനു ശേഷം വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. ലോകത്തിലെ മികച്ച കമ്പനികളിൽനിന്നുള്ള അന്വേഷണം തന്നെ സ്മാർട് സിറ്റിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ടെന്നും പദ്ധതിയുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾത്തന്നെ അവ പരിഹരിക്കുന്നതിന് നടപടികളുണ്ടായെന്നും അബ്ദുൾ ലത്തീഫ് അൽമുല്ല വ്യക്തമാക്കി.

ഉദ്ഘാടനച്ചടങ്ങിൽ ധനമന്ത്രി കെ.എം. മാണി, വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, എക്സൈസ്മന്ത്രി കെ. ബാബു, പൊതുമരാമത്ത് മന്ത്രി ഇബ്രാഹിം കുഞ്ഞ്, ടീകോം സിഇഒയും കൊച്ചി സ്മാർട് സിറ്റി കമ്പനി വൈസ് ചെയർമാനുമായ അബ്ദുൾ ലത്തീഫ് അൽമുല്ല, കെ.പി. ധനപാലൻ എം.പി., എംഎൽഎമാരായ ബന്നി ബഹനാൻ, വി.പി. സജീന്ദ്രൻ, ഹൈബി ഈഡൻ, ഡൊമനിക് പ്രസന്റേഷൻ, എസ്. ശർമ, നോർക്ക റൂട്സ് വൈസ് ചെയർമാൻ എം.എ. യൂസഫലി, തൃക്കാക്കര മുനിസിപ്പൽ ചെയർമാൻ പി.എ. മുഹമ്മദാലി, പുത്തൻകുരിശ് പഞ്ചായത്ത് പ്രസിഡന്റ് ഷൈലനൗഷാദ്, ജില്ലാ കളക്ടർ പി.ഐ. ഷെയ്ക്ക് പരീത് തുടങ്ങിയവർ പ്രസംഗിച്ചു. ഐ.ടി പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യൻ സ്വാഗതവും സ്മാർട് സിറ്റി മാനേജിംഗ് ഡയറക്ടർ ബാബു ജോർജ് നന്ദിയും പറഞ്ഞു.

*ചന്ദ്രഹാസൻ വടുതല*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം.*

# വനാന്തരങ്ങളിൽ കൂടുതൽ തടയണകൾ നിർമിക്കും: വനം മന്ത്രി



വനാന്തരത്തിൽ നിർമിച്ച തടയണകളുടെ സംസ്ഥാനതല ഉദ്ഘാടനം വനംമന്ത്രി കെ.ബി. ഗണേഷ്കുമാർ നിർവഹിക്കുന്നു

ജൈവവൈവിധ്യവും മൃഗസംരക്ഷണവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വനാന്തരങ്ങളിലെ നദികളിൽ കൂടുതൽ തടയണകൾ നിർമിക്കുമെന്ന് വനംവകുപ്പ് മന്ത്രി കെ.ബി. ഗണേഷ്കുമാർ പറഞ്ഞു. മലമ്പുഴ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ വനാന്തരത്തിൽ നിർമിച്ച തടയണകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കെ. അച്യുതൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. സംസ്ഥാനത്ത് 50 തടയണകളുടെ നിർമാണം നിർദേശിച്ചിരുന്നതായും അതിൽ 44 എണ്ണം പണി പൂർത്തിയായതായും മന്ത്രി പറഞ്ഞു. തടയണകളുടെ സമീപം പുല്ലുവച്ചുപിടിപ്പിക്കും, ഫലവൃക്ഷങ്ങളും നടും. വനത്തിലുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം ഗവൺമെന്റ് ഉറപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു. പന്നികളെ വെടിവയ്ക്കാൻ നിർദേശിച്ചതിലുള്ള അപാകത പരിശോധിച്ച് പരിഹരിക്കും. വനംവകുപ്പ് ജീവനക്കാരും പരിസരവാസികളും തമ്മിലുള്ള സൗഹൃദം ഉറപ്പാക്കും.

ഷാഫി പറമ്പിൽ എം.എൽ.എ., ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആർ. രാജരാജവർമ, പി. ബാലഗോപാൽ, സി.എ.എം.എം. കരീം, ഫോറസ്റ്റ് കൺസർവേറ്റർ എൻ.കെ. ശശിധരൻ, മലമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുമലത മോഹൻദാസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കെ.എം.എം. സൈനുൽ ആബിദീൻ സംസാരിച്ചു.

*സി. അയ്യപ്പൻ*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്*

# കൊച്ചി മീഡിയ സിറ്റി : വിദഗ്ധ സമിതി ഉടൻ – മുഖ്യമന്ത്രി

ദുബായ് മാതൃകയിൽ കൊച്ചിയിൽ സ്ഥാപിക്കാൻ ലക്ഷ്യമിടുന്ന മീഡിയ സിറ്റിയുടെ പ്രാഥമികപഠനത്തിന് വിദഗ്ധ സമിതിക്ക് ഉടൻ രൂപം നൽകുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. ഈ സാമ്പത്തിക വർഷം പഠനറിപ്പോർട്ട് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കും. എറണാകുളം കളക്ടറേറ്റിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഒരുക്കിയ മീഡിയ സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

അച്ചടി-ദൃശ്യമാധ്യമങ്ങൾക്കാവശ്യമായ എല്ലാ സൗകര്യവും കൊച്ചി മീഡിയ സിറ്റിയിൽ ഒരുക്കുകയാണ് ലക്ഷ്യം. ആധുനിക കാലത്തിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങളോടെ ജേണലിസം, മറ്റ് അനുബന്ധ കോഴ്സുകളും ഇവിടെ തുടങ്ങും. സംസ്ഥാനത്തെ സർക്കാർനിയന്ത്രണത്തിലുള്ള രണ്ടാമത്തെ മീഡിയ സെന്ററാണ് എറണാകുളത്തേത്. സെക്രട്ടേറിയറ്റിൽ നിലവിലുള്ള പി.ആർ. ചേംബറിന്റെ ചെറിയ പതിപ്പായ ഈ സെന്ററിന്റെ മാതൃകയിൽ എല്ലാ ജില്ലകളിലും മീഡിയ സെന്റർ സ്ഥാപിക്കാനുള്ള നടപടി ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.



എറണാകുളം കളക്ടറേറ്റിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഒരുക്കിയ മീഡിയ സെന്ററിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു

സർക്കാർ നടപ്പിലാക്കുന്ന ജനക്ഷേമ പരിപാടികൾ ജനങ്ങളിലേക്ക് എത്തിക്കുവാൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ

# ഇടുക്കി സമ്പൂർണ പാലിയേറ്റീവ് കെയർ ജില്ല



സംസ്ഥാനത്തെ ആദ്യ സമ്പൂർണ പാലിയേറ്റീക് കെയർ ജില്ലയായി ഇടുക്കിയെ പ്രഖ്യാപിച്ചുകൊണ്ടുള്ള സമ്മേളനം തൊടുപുഴയിൽ ജലവിഭവമന്ത്രി പി.ജെ. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

അപൂർവമായ ഒരു നേട്ടത്തിന്റെ ഖ്യാതിയിലാണ് പൊതുവേ പിന്നാക്കമാണെന്നു വിശേഷിക്കപ്പെടുന്ന ഇടുക്കി ജില്ല ഇന്ന്. സംസ്ഥാനത്തെ ആദ്യ സമ്പൂർണ പാലിയേറ്റീവ് ജില്ല. എല്ലാ ദീർഘസ്ഥായീരോഗങ്ങളുടെയും കണക്കെടുപ്പു നടത്തി അവർക്ക് വീടുകളിൽ പരിചരണം ഏർപ്പെടുത്തിയതുവഴിയാണ് സാന്ത്വനചികിത്സയിലെ ഈ അപൂർവനേട്ടം ജില്ലയ്ക്കു സ്വന്തമാവുന്നത്. സാന്ത്വനപരിചരണം എന്നറിയപ്പെടുന്ന പാലിയേറ്റീവ് കെയർ മരുന്നുകൊണ്ടുള്ള വേദനസംഹാരവും ചികിത്സയും മാത്രമല്ല ലക്ഷ്യംവയ്ക്കുന്നത്. സംസാരം, സ്പർശം, പെരുമാറ്റം തുടങ്ങിയവയിലൂടെ രോഗിയുടെ ആത്മവിശ്വാസം വർധിപ്പിക്കാനും അവർക്ക് മാനസികാശ്വാസം നൽകാനും സാന്ത്വനപരിചരണത്തിൽ സന്നദ്ധപ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കുന്നു.

ഒരു വർഷംമാത്രം പ്രായമുള്ള ഇടമലക്കുടി ഗ്രാമപഞ്ചായത്തുൾപ്പെടെ 53 ഗ്രാമപഞ്ചായത്തുകളിലും തൊടുപുഴ മുനിസിപ്പാലിറ്റിയിലുമായി കണക്കെടുപ്പു നടത്തി രോഗികളുടെ സ്ഥിതിവിവരപ്പട്ടിക തയാറാക്കി ഓരോ പഞ്ചായത്തിലെയും കിടപ്പുരോഗികളുടെ വിവരങ്ങളും ക്യാൻസർ തുടങ്ങി മാരകരോഗബാധിതരുടെ വിവരങ്ങളും അവർക്ക് പരിചരണം നൽകുന്ന ഡോക്ടർമാരുടെയും നേഴ്സുമാരുടെയും വിവരങ്ങളും അടങ്ങിയ രജിസ്റ്റർ തയാറാക്കുകയാണ് ഈ പ്രവർത്തനത്തിലെ ആദ്യപടി. ജില്ലയിലാകെ ഇത്തരത്തിലുള്ള 8,635 രോഗികളാണുള്ളത്. അവരിൽ 2,705 പേർ കിടപ്പുരോഗികളാണ്. 820 ക്യാൻസർ രോഗികളുണ്ട്. ജില്ലാ പഞ്ചായത്തും ഓരോ ഗ്രാമപഞ്ചായത്തും പാലിയേറ്റീവ് കെയറിനായി പ്രത്യേകം തുക നീക്കിവച്ചിട്ടുണ്ട്. പാലിയേറ്റീവ് സ്റ്റാഫ് നേഴ്സുമാർ, ആശാ പ്രവർത്തകർ, കുടുംബശ്രീ ആരോഗ്യ വോളന്റിയർമാർ, ഇടുക്കി ആരോഗ്യകേരളം കോ-ഓർഡിനേറ്റർ, അങ്കനവാടി പ്രവർത്തകർ തുടങ്ങി വിവിധ ഗവൺമെന്റ് ഏജൻസികളുടെ വാളന്റിയർമാർ സംയുക്തമായി ഈ രംഗത്ത് പ്രവർത്തിക്കുന്നു. 2011 മുതൽ ജില്ലാ ആശുപത്രിയിൽ പാലിയേറ്റീവ് ഹോം കെയർ സംവിധാനം ഏർപ്പെടുത്തി. ആശുപത്രിയുടെ 20 കി.മീ. ചുറ്റളവിൽ താമസിക്കുന്ന രോഗികൾക്ക് അതിന്റെ പ്രയോജനം ലഭിക്കും.

സംസ്ഥാനത്തെ ആദ്യ സമ്പൂർണ പാലിയേറ്റീവ് കെയർ ജില്ലയായി മാറിയ ഇടുക്കി രാജ്യത്തിനുതന്നെ മാതൃകയാണെന്ന് തൊടുപുഴയിൽ ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തവേ ജലവിഭവമന്ത്രി പി.ജെ. ജോസഫ് പറഞ്ഞു. എല്ലാവർക്കും ആവശ്യമായ പരിചരണം ലഭിക്കുകയെന്നത് ഒരു രാജ്യം പുരോഗതി പ്രാപിക്കുന്നതിന്റെ ഏറ്റവും വലിയ ലക്ഷണമാണ്. മരണത്തെ മുഖാമുഖം കണ്ടു കഴിയുന്ന കിടപ്പുരോഗികൾക്കും നിത്യച്ചെലവിനുതന്നെ ബുദ്ധിമുട്ടുന്ന അവരുടെ കുടുംബാംഗങ്ങൾക്കും ഈ സംരംഭം വലിയ ആശ്വാസമാണെന്നും മന്ത്രി പറഞ്ഞു. ഇടുക്കിയെ സമ്പൂർണ പാലിയേറ്റീവ് പരിചരണ ജില്ലയാക്കാൻ പരിശ്രമിച്ച 53 ഗ്രാമപഞ്ചായത്തുകൾക്കും തൊടുപുഴ മുനിസിപ്പാലിറ്റിക്കും ജില്ലാ പഞ്ചായത്തിനും വിവിധ സർക്കാർ വകുപ്പുകൾക്കുമുള്ള അവാർഡ് മന്ത്രി വിതരണം ചെയ്തു. ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അലക്സ് കോഴിമല അധ്യക്ഷനായിരുന്നു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇന്ദു സുധാകരൻ, കമ്മിറ്റി ചെയർപേഴ്സൺ ഷീലാ സ്റ്റീഫൻ എന്നിവർ സംബന്ധിച്ചു.

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*ഇടുക്കി*

ടിവി ചാനൽ തുടങ്ങാനുള്ള നടപടി ആരംഭിച്ചതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച ഇൻഫർമേഷൻ മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. നടപ്പിലാക്കുന്ന പല പദ്ധതികളെക്കുറിച്ചും ജനങ്ങൾ അറിയാതെ പോകുന്നു. മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ പെൻഷൻ സംബന്ധിച്ച പരാതികളാണ് കൂടുതലായി വന്നത്. ക്ഷേമപ്രവർത്തനങ്ങൾ ജനങ്ങളിലെത്തുന്നില്ലെന്നതാണ് ഇത്തരം പരാതികൾ വർധിക്കാൻ കാരണം. ഇത്തരം കാര്യങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ അറിവ് നൽകാൻ മാധ്യമങ്ങൾ വഴി സാധിക്കും. ഇതുവഴി പരമാവധി ആനുകൂല്യങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് കളക്ട്രേറ്റിൽ ഒരുക്കിയ മീഡിസെന്ററിലൂടെ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് വാർത്താസമ്മേളനം നടത്തുന്നതിനുള്ള വിപുലമായ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. അഞ്ചു ലക്ഷം രൂപ ചെലവഴിച്ചാണ് മീഡിയ സെന്റർ ഒരുക്കിയത്. ജില്ലയിൽ എത്തുന്ന മന്ത്രിമാർ ഉൾപ്പെടെയുള്ള വിശിഷ്ടവ്യക്തികൾക്ക് വാർത്താസമ്മേളനം നടത്താൻ ഇവിടെ സൗകര്യമുണ്ടാകും. മാധ്യമപ്രവർത്തകർക്ക് വാർത്ത അയയ്ക്കാൻ കഴിയുംവിധം ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ആധുനികസൗകര്യങ്ങളും ഇവിടെ ഒരുക്കുന്നുണ്ട്.

പിറവം ഉപതെരഞ്ഞെടുപ്പു വേളയിൽ മീഡിയ സെല്ലിൽ പ്രവർത്തിച്ച കേരള പ്രസ് അക്കാദമിയിലെ വിദ്യാർഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ മന്ത്രി കെ.സി. ജോസഫ് ചടങ്ങിൽ വിതരണം ചെയ്തു. ഇതോടൊനുബന്ധിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ കളക്ടറേറ്റിൽ ഒരാഴ്ച നീളുന്ന വികസന ചിത്രപ്രദർശനവും സംഘടിപ്പിച്ചു.

ചടങ്ങിൽ കെ.പി. ധനപാലൻ എം.പി., എം.എൽ.എ. മാരായ ബെന്നി ബഹനാൻ, അൻവർ സാദത്ത്, വി.പി. സജീന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പിള്ളി, തൃക്കാക്കര നഗരസഭ ചെയർമാൻ പി.ഐ. മുഹമ്മദാലി, ജില്ലാ കളക്ടർ പി.ഐ ഷെയ്ക്ക് പരീത്, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർ എ. ഫിറോസ്, ഡെപ്യൂട്ടി ഡയറക്ടർ എൻ.എസ്. അനിൽകുമാർ എന്നിവർ സംസാരിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല, അസിസ്റ്റന്റ് എഡിറ്റർ സി.പി. ഫിറോസ്, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ നിജാസ് ജ്യൂവൽ, വിവിധ മാധ്യമ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*എറണാകുളം.*

ജില്ലകളിലൂടെ

# സർവതോന്മുഖ വികസനത്തിന് സമഗ്ര യുവജന നയം

കേരളത്തിലെ യുവജനങ്ങളുടെ സമഗ്ര വികസനം ലക്ഷ്യംവയ്ക്കുന്ന നയമാണ് സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്നതെന്ന് യുവജനകാര്യ മന്ത്രി പി.കെ. ജയലക്ഷ്മി പറഞ്ഞു. യുവജനനയത്തിന്റെ കരട് ചർച്ച ചെയ്യുന്നതിന് തൈക്കാട് ഗസ്റ്റ് ഹൗസിൽച്ചേർന്ന യോഗത്തിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.



യുവജന നയത്തിന്റെ കരട് ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിൽ മന്ത്രി പി.കെ. ജയലക്ഷ്മി സംസാരിക്കുന്നു.

വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച കരട് പരിഷ്കരിക്കുന്നതിനും ഓൺലൈൻ വഴി കരടിനെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ലഭിക്കുന്നതിന് ഡയറക്ട് കമന്റുകൾ പോസ്റ്റ് ചെയ്യുന്നതിനും സംവിധാനമുണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു. തുടർനടപടിയായി ജില്ലാതലത്തിൽ വിവിധ രാഷ്ട്രീയയുവജനസംഘടനകൾ, വിദ്യാർഥിസംഘടനകൾ, യുവമാധ്യമപ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ മുതലായവരെ ഉൾപ്പെടുത്തി ചർച്ച നടത്തും. അവ ക്രോഡീകരിച്ച് സംസ്ഥാനതലത്തിൽ അന്തിമ ചർച്ച നടത്തി, സമീപനരേഖയുടെ കരടിൽ വേണ്ട മാറ്റങ്ങൾ വരുത്തുമെന്നും മന്ത്രി അറിയിച്ചു.

എം.എൽ.എമാരായ പി.സി. വിഷ്ണുനാഥ്, ഹൈബി ഈഡൻ, ഷാഫി പറമ്പിൽ, ഐ.സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, വി.ടി. ബലറാം, ഷംസുദ്ദീൻ എന്നിവരും യുവജനകാര്യവകുപ്പ് സെക്രട്ടറി ടി.ഒ. സൂരജ്, മെംബർ സെക്രട്ടറി ആർ. വിശ്വനാഥൻ പിള്ള, സംസ്ഥാന യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി.എസ്. പ്രശാന്ത് എന്നിവരും വിവിധ സംഘടനാ പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തു.

യുവജനങ്ങളുടെ വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിനും അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി ആവിഷ്കരിക്കുന്നതാണ് യുവജന നയരേഖ. വ്യത്യസ്തമായ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, ശാരീരിക നിലവാരത്തിലുള്ള യുവജനങ്ങൾക്കായി പ്രത്യേകം പദ്ധതികൾ രൂപീകരിക്കും. അർഹരായ യുവജ

# വിളകളിൽനിന്ന് കർഷകന് മിനിമം വരുമാനം



കാർഷികവിളകളിൽനിന്ന് കർഷകന് മിനിമം വരുമാനം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പ്രാരംഭപദ്ധതിക്ക് 400 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. കൃഷിവകുപ്പിനു കീഴിലുള്ള വേൾഡ് ട്രേഡ് ഓർഗനൈസേഷൻ സെൽ കൃഷിച്ചെലവായി കണക്കാക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് പദ്ധതിയിൽനിന്ന് സാമ്പത്തികസഹായം നൽകും. കൃഷിച്ചെലവിന്റെ 150 ശതമാനം മിനിമം വരുമാനമായി കണക്കാക്കും. വിളകളുടെ വിപണിവില മിനിമം വരുമാനത്തേക്കാൾ കുറയുന്ന ഘട്ടങ്ങളിൽ കർഷകന് സർക്കാർ സഹായം ലഭിക്കും. കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത കർഷകർക്കു മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭിക്കൂ.

പദ്ധതി തത്ത്വത്തിൽ നടപ്പാക്കുന്നതിന് തീരുമാനമെടുത്ത കൃഷിവകുപ്പ് വിശദാംശങ്ങൾ തയാറാക്കാൻ ഡയറക്ടറെ ചുമതലപ്പെടുത്തി.

നങ്ങളിൽത്തന്നെ ക്ഷേമാനുകൂല്യങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള മാർഗനിർദേശം സ്വീകരിക്കും. സ്വന്തം വികസനത്തിന് തുടർവിദ്യാഭ്യാസം ആവശ്യമാണെന്ന ബോധം യുവാക്കളിലുണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടത്തും. കായികപരിശീലനവും ആരോഗ്യസംരക്ഷണവും സംബന്ധിച്ച് യുവാക്കളിൽ അവബോധമുണ്ടാക്കുന്നതിനും അവ പ്രാവർത്തികമാക്കുന്നതിനുമുള്ള നയങ്ങൾ നടപ്പാക്കും.

കേരളത്തിൽ 63,57,384 യുവാക്കളും 68,50,177 യുവതികളും ഉൾപ്പടെ 1,32,07,561 യുവജനങ്ങളാണ് 2001 സെൻസസ് അനുസരിച്ചുള്ളത്. സംസ്ഥാന ജനസംഖ്യയുടെ 41.8 ശതമാനമാണിത്. യുവജനങ്ങളെന്ന നിർവചനത്തിൽ 2003 ലെ യുവജന നയമനുസരിച്ച് 13 നും 35 നും മധ്യേ പ്രായമുള്ളവരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 10 മുതൽ 13 വരെ ആദി കൗമാരം, 14 മുതൽ 17 വരെ കൗമാരം, 18 മുതൽ 25 വരെ യുവജനങ്ങൾ, 26 മുതൽ 35 വരെ യുവപൗരന്മാർ എന്ന് യുവജനങ്ങളെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ പല തട്ടുകളായി വിഭജിക്കണമെന്ന് നയരേഖയിൽ നിർദേശമുണ്ട്. ഇത് വിവിധ സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനിക്കും.

യുവജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി ഓരോ പ്രത്യേക ചെറുവിഭാഗങ്ങളിലും അനുഗുണമായ ശാസ്ത്രീയ ഇടപെടലുകളിലൂടെ ഓരോരുത്തരുടെയും അറിവിലും മനോഭാവത്തിലും നൈപുണ്യത്തിലും അനുകൂലമായ മാറ്റങ്ങൾ വരുത്തി യുവജനങ്ങളെ ശാക്തീകരിക്കുകയെന്നതാണ് യുവജനനയത്തിന്റെ ആത്യന്തിക ലക്ഷ്യം. സംസ്ഥാനതല ഏകോപനസമിതി, സംസ്ഥാനതല കോർ കമ്മിറ്റി, ജില്ലാതല സമിതി, ബ്ലോക്കുതല സമിതി, പഞ്ചായത്തുതല സമിതി എന്നിങ്ങനെ യുവജന നയത്തിന്റെ നിർവഹണത്തിനായി കമ്മിറ്റികൾ രൂപീകരിക്കും. തുടർചർച്ചകളുടെ ഫലമായി തയാറാക്കുന്ന അന്തിമ രൂപരേഖയുടെ അടിസ്ഥാനത്തിൽ ഇതു തീരുമാനിക്കും.

# 'കൈവിളക്കു' തെളിഞ്ഞു: വയനാടൻ കോളനികളിൽ അക്ഷരവെളിച്ചം



ഇരുട്ടിൽനിന്നു പുറത്തുവരാൻ ഒരുക്കമല്ലാത്ത കുറച്ചുപേർ; അവർക്കുമുന്നിൽ നിർബന്ധപൂർവം ഒരു ചെറുവിളക്ക് കത്തിച്ചുവച്ചപ്പോൾ ചുറ്റും പ്രകാശവും കണ്ണുകളിൽ ആനന്ദവും തെളിഞ്ഞു. വയനാട്ടിലെ 2617 ആദിവാസി കോളനികളിൽ ഗ്രാമവായനശാലകൾ സ്ഥാപിക്കുന്ന പദ്ധതിയായ *കൈവിളക്കിന്റെ* ജില്ലാതല ഉദ്ഘാടനം സുൽത്താൻ ബത്തേരി ഓടപ്പള്ളത്തെ പണിയകോളനിയിൽ ജില്ലാ കളക്ടർ കെ. ഗോപാലകൃഷ്ണ ഭട്ടാണ് നിർവഹിച്ചത്. ഓലയും പുല്ലും മേഞ്ഞ് പത്തുപതിനഞ്ചു പേർക്കിരിക്കാവുന്ന ചെറിയ കുടിലുകളായാണ് ഇപ്പോഴത്തെ ഗ്രാമ വായനശാലകൾ രൂപീകരിച്ചിട്ടുള്ളത്. വ്യക്തികളും സംഘടനകളും സ്പോൺസർ ചെയ്യുന്ന പത്രങ്ങൾ ഇവിടെ ലഭിക്കും. മുന്നോട്ടുള്ള പ്രവർത്തനം വിലയിരുത്തിയശേഷം ആവശ്യമാനുസരണം കൂടുതൽ വിപുലമായ സൗകര്യങ്ങൾ ലഭ്യമാക്കാനും ലക്ഷ്യമിടുന്നു. അജ്ഞതമൂലം അർഹമായ അവകാശങ്ങൾപോലും നേടിയെടുക്കാൻ വയനാട്ടിലെ ഗോത്രമേഖലയിലുള്ളവർക്ക് കഴിയാതെപോകുന്ന സ്ഥിതിക്ക് മാറ്റംവരുത്തുന്നതിനുള്ള തുടക്കമാണ് കൈവിളക്കെന്ന് ജില്ലാ കളക്ടർ പറഞ്ഞു.

സാക്ഷരതാ മിഷൻ, കുടുംബശ്രീ, പട്ടികവർഗ വികസനവകുപ്പ്, ദേശീയ തൊഴിലുറപ്പു പദ്ധതി എന്നിവയുടെ സംയുക്ത സംരംഭമായാണ് കൈവിളക്കു പദ്ധതി തയാറാക്കിയത്. ഓടപ്പളം പണിയ കോളനിയിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ ബത്തേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.പി. അയൂബ് അധ്യക്ഷത വഹിച്ചു. കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ പി.പി. മുഹമ്മദ്, സാക്ഷരതാമിഷൻ ജില്ലാ കോ-ഓഡിനേറ്റർ സ്വയ നാസർ, ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ പി. വിജയകുമാർ, കുടുംബശ്രീ സ്റ്റേറ്റ് പി.ആർ.ഒ. അജിത് വെണ്ണിയൂർ, ജില്ലാതല ഉദ്യോഗസ്ഥർ, പ്രദേശത്തെ ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

***അരുൺ എസ്.എസ്.***
*അസി. ഇൻഫർമേഷൻ ഓഫീസർ, വയനാട്.*



# മാറുകയാണ് നമ്മുടെ ജയിലുകളും

## ഇടുക്കി ജില്ലാജയിലിന് മുഖ്യമന്ത്രി ശിലയിട്ടു



ഇടുക്കി ജില്ലാ ജയിലിന്റെ ശിലസ്ഥാപനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു

**തി**രുവനന്തപുരം സെൻട്രൽ ജയിലിലെ ചപ്പാത്തി ഇപ്പോൾ പ്രശസ്തമാണ്. അതുണ്ടാക്കുന്നതുവഴി ജയിലിലെ വരുമാനം വർധിച്ചിട്ടുണ്ട്. പക്ഷെ വരുമാനത്തിനപ്പുറം അതിനൊരു സാമൂഹികവശം കൂടിയുണ്ട്. ജയിലിൽ ഇത്തരം തൊഴിലിലേർപ്പെടുന്നവർ പുറത്തുവരുമ്പോൾ നല്ല ശമ്പളത്തിൽ ഹോട്ടലുകാർ അവരെ കൊണ്ടുപോകുകയാണ്. തടവുകാർക്ക് പുറത്തുവരുമ്പോൾത്തന്നെ തൊഴിലുറപ്പാക്കുന്ന ഒരു പുനരധിവാസപ്രവർത്തനമായി അതു മാറുന്നു. ചപ്പാത്തിക്കു പുറമെ ഇനി ഇഡ്ഡലിയും ഉണ്ടാക്കി വിൽക്കാൻ തുടങ്ങുകയാണ്. മുട്ടത്ത് ഇടുക്കി ജില്ലാ ജയിലിന്റെ ശിലാസ്ഥാപന വേളയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞതാണീ വാക്കുകൾ.

ജയിലുകളിൽ ശിക്ഷിക്കപ്പെട്ട് തടവനുഭവിക്കുന്നവർ സമൂഹത്തിൽ നിന്നും തളളിക്കളയേണ്ടവരല്ല. അത്തരക്കാരെയും തിരികെക്കൊണ്ടുവന്ന് സമൂഹത്തിന്റെ ഭാഗമാക്കുക എന്നത് സമൂഹത്തിന്റെ ഉത്തരവാദിത്വമണ് ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ള പരിഷ്കാരങ്ങൾ ജയിലുകളിൽ വരുത്താൻ നടപടിയെടുക്കുകയാണ് സർക്കാർ. സൗരോർജമുപയോഗിച്ച് വൈദ്യുതി, വേസ്റ്റ് മാനേജ്മെന്റ് സ്കീം എന്നിവയൊക്കെ ജയിലുകളിൽ നടക്കുന്ന സൃഷ്ടിപരമായ പ്രവർത്തനങ്ങളാണ്. ഇതിലെല്ലാം തടവുകാരെ പങ്കെടുപ്പിക്കുന്നതിലൂടെ അവരെ രാഷ്ട്ര പുനർനിർമാണ പ്രവർത്തനങ്ങളിൽ തടവുകാലത്തുതന്നെ പങ്കെടുപ്പിക്കാൻ കഴിയുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കുറ്റവാളികളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുകയും അവരെ മാനസിക പരിവർത്തനം വരുത്തി സമൂഹത്തിനു വേണ്ടപ്പെട്ടവരായി മാറ്റുകയും ചെയ്യുന്നതിനുതകുന്ന തരത്തിലുള്ള മാറ്റങ്ങളാണ് ജയിലുകളിൽ വരുത്തിക്കൊണ്ടിരിക്കുന്നതെന്ന് ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ജയിലിലെ സൗകര്യങ്ങൾ വർധിപ്പിക്കേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ ആവശ്യമാണെന്ന് ജലവിഭവ മന്ത്രി പി.ജെ. ജോസഫ് പറഞ്ഞു.

മുട്ടം കോടതിക്കടുത്ത് രണ്ടേക്കർ സ്ഥലത്ത് നിർമാണമാരംഭിക്കുന്ന ഇടുക്കി ജില്ലാ ജയിലിനുള്ള ശ്രമങ്ങൾ ഇരുപത്തിയാറു വർഷം മുമ്പാണ് ആരംഭിക്കുന്നത്. 1985 ലാണ് ജില്ലാ ജയിൽ ഉണ്ടാക്കാനുള്ള പ്രയത്നം ആരംഭിച്ചത്. സംസ്ഥാന ലാൻഡ് ബോർഡിന്റെ 1987 നവംബർ മൂന്നിലെ ഉത്തരവനുസരിച്ച് തൊടുപുഴ മുട്ടം വില്ലേജിൽ ജയിലിനായി രണ്ടേക്കർ സ്ഥലം അനുവദിച്ചിരുന്നു. ഇതിൽ ഒരേക്കർ 38 സെന്റ് സ്ഥലം ജയിൽവകുപ്പിന് നേരത്തെ കൈമാറിയിട്ടുള്ളതാണ്. അതിനോടു ചേർന്ന് 62 സെന്റ് സ്ഥലംകൂടി അനുവദിക്കുകയു



ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം ആസ്ഥാനമന്ദിരം ചെമ്പഴന്തിയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

ണ്ടായി. എങ്കിലും ജയിൽ പരിഷ്കരണത്തിന് പതിമൂന്നാം ധനകാര്യ കമ്മിഷന്റെ ധനസഹായം ലഭിച്ചതോടെയാണ് പ്രവർത്തനങ്ങൾ ഊർജിതമാകുന്നത്.

അഞ്ചു കോടി രൂപ എസ്റ്റിമേറ്റിൽ നിർമിക്കുന്ന ജയിലിൽ 310 പേരെ പാർപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകും. മുട്ടം കോടതിയോടു ചേർന്ന് രണ്ടേക്കർ സ്ഥലത്ത് ആരംഭിക്കുന്ന ജില്ലാ ജയിലിന്റെ നിർമാണപ്രവർത്തനങ്ങൾ ഈ വരുന്ന മേയിൽ ആരംഭിച്ച് രണ്ടു വർഷംകൊണ്ട് പൂർത്തിയാക്കാനാണ് പദ്ധതി. ഇപ്പോൾ ലഭിച്ച സ്ഥലത്തോടൊപ്പം 62 സെന്റുകൂടി ലഭിക്കുന്നതോടെ പൂർണസൗകര്യത്തോടെ ജയിൽപ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ഈ സ്ഥലത്തിനോടുചേർന്ന് പ്രാഥമികാരോഗ്യകേന്ദ്രം, പൊലീസ് ഔട്ട് പോസ്റ്റ് എന്നിവയും മറ്റു സർക്കാർ ഓഫീസുകളും പ്രവർത്തിച്ചു വരുന്നു. ഇത് ജയിലിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് സഹായകമാകും. നല്ല ജലസ്രോതസുള്ളതിനാൽ കൃഷിക്കും അനുയോജ്യമാണ്. തന്മൂലം അന്തേവാസികൾക്ക് കാർഷികവൃത്തിയിൽ ഏർപ്പെടാനുള്ള അവസരവും ലഭിക്കും.

ഇടുക്കി ജില്ലക്കാരായ 245 പേർ മറ്റു ജില്ലകളിലെ വിവിധ ജയിലുകളിൽ കഴിയുന്നുണ്ട്. ജില്ലയിൽ പീരുമേട്, ദേവികുളം എന്നിവിടങ്ങളിൽ സബ്ജയിലുകൾ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. തൊടുപുഴ മേഖലയിൽ സബ്ജയിലില്ലാത്തതിനാൽ മുട്ടത്ത് കോടതിയിൽനിന്നുള്ള റിമാൻഡ് പ്രതികളെയും തടവുകാരെയും മൂവാറ്റുപുഴ സബ്ജയിലിലയയ്ക്കുകയായിരുന്നു പതിവ്. ഒരു മാസംവരെയുള്ള ശിക്ഷാ തടവുകാരെയും റിമാൻഡ് പ്രതികളെയും മാത്രമേ സബ്ജയിലുകളിൽ പാർപ്പിക്കാനാകൂ. ജില്ലാ ജയിൽ വരുന്നതോടെ ജില്ലയിലെ റിമാൻഡ് പ്രതികളെയും ആറു മാസം വരെയുള്ള ശിക്ഷാതടവുകാരെയും ജില്ലയിലെ ജയിലുകളിൽത്തന്നെ പാർപ്പിക്കാനാകും. ഇവിടെ ജയിൽസൗകര്യം വരുന്നതോടെ പരോളിൽ ഇറങ്ങുന്നവർക്ക് സ്വന്തം വീട്ടിലെത്തുന്നതിനും ബന്ധുക്കൾക്ക് തടവുകാരെ സന്ദർശിക്കുന്നതിനും കൂടുതൽ സൗകര്യം ഉണ്ടാകുമെന്ന് ജയിൽ ഡി.ജി.പി അലക്സാണ്ടർ ജേക്കബ് പറഞ്ഞു. കോടതിയിലേക്ക് തടവുകാരെ കൊണ്ടുപോകുന്നതിനും തിരികെ കൊണ്ടുവരുന്നതിനുമുള്ള ചെലവ് ഒഴിവാക്കാനും പുതിയ ജില്ലാ ജയിൽ ഉപകരിക്കുമെന്നും ഡി.ജി.പി പറഞ്ഞു. ജയിലുകളിൽ തടവുകാർക്ക് കൂടുതൽ സൗകര്യങ്ങൾ നൽകാനും അവരെ തെറ്റുതിരുത്താൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും ഇത് വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

***പി.എസ്. രാജശേഖരൻ***

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി*

# മൊയ്തു മൗലവിക്ക് സ്മരണാഞ്ജലി

**കേ**രളം പിന്നിട്ട ത്യാഗോജ്ജ്വലമായ നാൾവഴികൾ ഓർമപ്പെടുത്തുന്ന അപൂർവവും അമൂല്യവുമായ ചരിത്ര രേഖകളുടെയും സ്റ്റാമ്പുകളുടെയും പ്രദർശനത്തോടെ സ്വാതന്ത്ര്യസമരസേനാനി ഇ. മൊയ്തു മൗലവിക്ക് സ്മരണാഞ്ജലി. മൊയ്തു മൗലവിയുടെ 17 ാം ചരമവാർഷികാചരണത്തോട് അനുബന്ധിച്ച് വിവര-പൊതുജന സമ്പർക്കവകുപ്പിന്റെ കോഴിക്കോട് റീജിയണൽ ഓഫീസാണ് വിദ്യാർഥികൾക്കും ചരിത്രപഠിതാക്കൾക്കും ഏറെ പ്രയോജനപ്പെടുംവിധം അനുസ്മരണ പരിപാടി സംഘടിപ്പിച്ചത്. മൊയ്തു മൗലവി ദേശീയ മ്യൂസിയത്തിൽ നടന്ന പരിപാടികൾ എ. പ്രദീപ്കുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ചരിത്രകാരൻ ഡോ. എം. ഗംഗാധരൻ അനുസ്മരണപ്രഭാഷണം നടത്തി. എ.ഡി.എം കെ.പി. രമാദേവി അധ്യക്ഷത വഹിച്ചു.



**ഇ. മൊയ്തു മൗലവി അനുസ്മരണ പരിപാടികൾക്ക് തുടക്കംകുറിച്ചുകൊണ്ട് സ്വാതന്ത്ര്യ സമരസേനാനി എ. വാസു മ്യൂസിയം വളപ്പിൽ വൃക്ഷത്തൈ നടുന്നു**

പുരാരേഖ വകുപ്പ് കോഴിക്കോട് മേഖലാ കേന്ദ്രം ഒരുക്കിയ പ്രദർശനത്തിൽ കേരളവും മലബാറും സാക്ഷ്യംവഹിച്ച ചരിത്ര അനുഭവങ്ങളുടെ അപൂർവരേഖകൾ സജ്ജീകരിച്ചിരുന്നു. പഴശ്ശിരാജാവ് ബ്രിട്ടീഷ് സൈന്യവുമായി നടത്തിയ ഒളിപ്പോരാട്ടം, പോരാളികളുടെ വിചാരണ, പഴശ്ശിരാജാവിന്റെ അന്ത്യനിമിഷങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് തുടങ്ങിയവ വിജ്ഞാനം പകരുന്നതായി. മൂർഖൻപാമ്പ് വിഷത്തിന് പ്രതിരോധ മരുന്ന് കണ്ടുപിടിക്കുന്നവർക്ക് ബ്രിട്ടീഷ് സർക്കാരിന്റെ വക 1750 രൂപ സമ്മാനം പ്രഖ്യാപിച്ച് 1860 ലെ ഗസറ്റിൽ നൽകിയ വിജ്ഞാപനവും സതി അനുഷ്ഠിക്കുന്നതിന് സ്ത്രീകൾക്ക് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവും കൗതുകമുണർത്തുന്ന രേഖകളായി.

മലബാറിലെ ആരാധനാലയങ്ങൾക്ക് ടിപ്പുസുൽത്താൻ ഇനാം അടിസ്ഥാനത്തിൽ ഭൂമി നൽകിയതിന്റെ രേഖകൾ അറയ്ക്കൽ, സാമൂതിരി രാജവംശങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, മലബാർ കലാപം, മലബാറും വിദേശരാജ്യങ്ങളുമായുള്ള പൗരാണിക വാണിജ്യബന്ധങ്ങൾ വ്യക്തമാക്കുന്ന രേഖകൾ എന്നിവ ശ്രദ്ധേയങ്ങളായി. മലയാളികളുടേതായി തപാൽ വകുപ്പ് പുറത്തിറക്കിയ മുഴുവൻ സ്റ്റാമ്പുകളും സി.പി. കുഞ്ഞബ്ദുള്ള പ്രദർശനത്തിനൊരുക്കി. അനുസ്മരണപരിപാടികൾ മൂന്നു ദിവസം നീണ്ടുനിന്നു.

അനുസ്മരണപരിപാടികൾക്ക് തുടക്കംകുറിച്ചുകൊണ്ട് സ്വാതന്ത്ര്യസമരസേനാനി എ. വാസു മ്യൂസിയംവളപ്പിൽ വൃക്ഷത്തൈ നട്ടു. നഗരസഭാ കൗൺസിലർ ജീൻ മോസസ്, പ്രസ് ക്ലബ് സെക്രട്ടറി വിനോദ് ചന്ദ്രൻ, പി.ആർ.ഡി ഡെപ്യൂട്ടി ഡയറക്ടർ പി. വിനോദ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഖാദർ പാലാഴി, പുത്തൂർമഠം ചന്ദ്രൻ, പി. ദാമോദരൻ, ആർക്കൈവിസ്റ്റ് സി.പി. അബ്ദുൾ മജീദ്, എം.സി. വസിഷ്ഠ്, അസിസ്റ്റന്റ് എഡിറ്റർ കെ.ടി. ശേഖരൻ എന്നിവർ സംസാരിച്ചു.

ഉണ്ണികൃഷ്ണൻ ഉളിയക്കോവിൽ



മുൻകൂട്ടി അറിയിച്ചെത്തുന്ന തീർഥാടകർക്ക് ശിവാനന്ദാശ്രമത്തിൽ താമസസൗകര്യം ലഭിക്കും. ആശ്രമത്തിൽനിന്നും സൗജന്യമായി പുസ്തകങ്ങളും ചികിത്സാസൗകര്യവും ഭക്ഷണവും ഏവർക്കും നൽകും. അറുന്നൂറിലധികം അന്തേവാസികൾ ആശ്രമങ്ങളിൽ സ്ഥിരമായി തങ്ങി സഞ്ചാരികൾക്ക് ആതിഥ്യമരുളുന്നു. *ദി ഡിവൈൻ ലൈഫ്* എന്ന പേരിൽ ഇംഗ്ലീഷിലും *ദിവ്യ ജീവൻ* എന്ന പേരിൽ ഹിന്ദിയിലും ഓരോ പ്രതിമാസ പ്രസിദ്ധീകരണം ആശ്രമത്തിൽനിന്നും പുറത്തിറക്കുന്നുണ്ട്. യോഗാ കോഴ്സുകളും സംസ്കാരികയാത്രകളും വേദാന്തസമ്മേളനങ്ങളും ആശ്രമത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ട്. 100 രൂപ വാർഷിക ഫീസ് നൽകി ഡിവൈൻ ലൈഫ് സൊസൈറ്റിയിൽ അംഗമാകുന്ന ഒരാൾക്ക് ഒരു വർഷം ആശ്രമം വക മാസിക തപാലിൽ ലഭിക്കും. 50 രൂപ അടച്ചാൽ മാസിക മാത്രമായും ലഭിക്കും. ആയുഷ്ക്കാല അംഗത്വത്തിന് 1000 രൂപ നൽകണം. പേട്രൺഷിപ്പിന് 5000 രൂപയാണ് ഫീസ്. സൊസൈറ്റിയിൽ അംഗമാകുന്നവർക്ക് മാസിക സൗജന്യമായി ലഭിക്കുന്നതിനൊപ്പം ആശ്രമത്തിന്റെ ജനറൽ ബോഡി മീറ്റിങ്ങിൽ പങ്കെടുക്കുന്നതിനും ആശ്രമത്തിൽ സൗജന്യ താമസത്തിനും അർഹതയുണ്ട്.

സ്വാമി ചിദാനന്ദജിയായിരുന്നു അപ്പോൾ ശിവാനന്ദ സ്ഥാപനങ്ങളുടെ പ്രസിഡന്റ്.

ആശ്രമത്തിന്റെ വിലാസം: General Secretary, The Devine Life Society, P.O. Sivananda Nagar - 249 192, Dist. Tehri - Garhwal, Utharanchal, Himalayas.

ശിവാനന്ദാശ്രമത്തിൽനിന്നും ശിവാനന്ദ ജൂല (തൂക്കുപാലം) കടന്ന് ഞങ്ങൾ ഗംഗയുടെ മറുകരയിലെത്തി. അവിടെയാണ് പരമാർഥാശ്രമം, ഗീതാപ്രസ് തുടങ്ങിയവ. ഇവിടെ ഗംഗയ്ക്കിരുപുറവും ആശ്രമങ്ങളും ക്ഷേത്രങ്ങളുമാണ്. സന്യാസികളും ബ്രഹ്മചാരികളും ഗംഗാതീരത്ത് ധ്യാനനിരതരായിരിക്കുന്നത് ഞങ്ങൾ കണ്ടു.

ഋഷികേശ് കാഴ്ചകൾ കണ്ട് ഒന്നര കിലോമീറ്റർ ദൂരം നടന്ന് ഞങ്ങൾ ലക്ഷ്മൺ ജൂലയിലെത്തി. രാമായണകാലത്ത് ലക്ഷ്മണൻ ഇവിടെയെത്തിയിരുന്നതായി വിശ്വസിക്കപ്പെടുന്നു. ഇവിടെയുള്ള ലക്ഷ്മണക്ഷേത്രം പ്രസിദ്ധമാണ്. മഹാഭാരതത്തിലും ഈ പ്രദേശത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

### കാലി കമ്പിളിവാല ആശ്രമം

ദശാബ്ദങ്ങൾക്കുമുമ്പ് ഹിമാലയ തീർഥാടകർക്ക് കറുത്ത കമ്പിളിയും ധാന്യങ്ങളും നൽകി സഹായിക്കുകയും സന്യാസിമാർക്ക് താമസിക്കാൻ വിവിധ സ്ഥലങ്ങളിൽ സത്രങ്ങൾ നിർമിക്കുകയും ചെയ്ത കാലി കമ്പിളിവാല (കറുത്ത കമ്പിളിക്കാരൻ) സന്യാസിയുടെ ആശ്രമം ഋഷികേശിൽ പ്രസിദ്ധമാണ്. സ്വന്തം പേരുപോലും പുറത്തറിയിക്കാതെ നിസ്വാർഥസേവനം നടത്തിയ കാലി കമ്പിളിവാല സ്ഥാപിച്ച സത്രങ്ങൾ ഹിമാലയ യാത്രയിലുടനീളം ഇന്നും സാധുക്കളായ അനേകം തീർഥാടകർക്ക് അഭയകേന്ദ്രമാണ്.

ഋഷികേശിലെ നീലകണ്ഠക്ഷേത്രം പ്രസിദ്ധമാണ്. പാലാഴി കടഞ്ഞസമയത്ത് ലഭിച്ച കാളകൂടമെന്ന ഉഗ്രവിഷം ശ്രീപരമശിവൻ കുടിച്ചതും അത് തൊണ്ടവരെയെത്തിയപ്പോൾ ഉള്ളിലേക്കിറങ്ങുന്നത് ശ്രീപാർവതി തടഞ്ഞതും ഇവിടെവച്ചാണെന്ന് കരുതപ്പെടുന്നു. ലക്ഷ്മൺ ജൂലയിൽനിന്നും എട്ടു കിലോമീറ്റർ അകലെയാണ് നീലകണ്ഠക്ഷേത്രം. 1550 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഈ സ്ഥലത്തിന് സിദ്ധിസ്ഥലമെന്നും

# ദേവഭൂമി ഉത്തരാഞ്ചൽ



പേരുണ്ട്. ഭാരതക്ഷേത്രം, രഘുനാഥ ക്ഷേത്രം, ശത്രുഘ്നക്ഷേത്രം, സ്വർഗാശ്രമം എന്നിവയും ഋഷികേശിലെ പ്രധാന കേന്ദ്ര ങ്ങളാണ്.

ലക്ഷ്മൺജൂല പോലെതന്നെ ആകർ ഷണീയമാണ് അല്പം അകലെയുള്ള രാംജൂലയും. ഏറെ നടന്നും കാഴ്ചകൾ കണ്ടും ശ്രീരാമന്റെ പേരിലുള്ള തൂക്കുപാ ലവും കടന്ന് ഗംഗയുടെ ഇങ്ങേക്കരയിലെ ത്തിയപ്പോൾ ഞങ്ങളുടെ വാഹനം അവിടെ കാത്തുകിടപ്പുണ്ടായിരുന്നു.

എല്ലാ വർഷവും ഫെബ്രുവരി രണ്ടു മുതൽ ഏഴു വരെ തീയതികളിൽ ഋഷികേ ശിൽ നടക്കുന്ന അന്താരാഷ്ട്ര യോഗ ഫെസ്റ്റി വൽ അന്തർദേശീയ ശ്രദ്ധ പിടിച്ചുപറ്റിയി ട്ടുണ്ട്. ട്രെക്കിങ്ങിനും വാട്ടർ സ്കേറ്റിങ്ങി നുമായി അനേകം പേർ ഇവിടെയെ ത്തുന്നു. ഋഷികേശിൽനിന്നും എട്ടു കിലോ മീറ്റർ മാത്രം അകലെയുള്ള രാജാജി നാഷ ണൽ പാർക്ക് പ്രസിദ്ധമാണ്.

ഋഷികേശ് കാഴ്ചകളിൽ ഞങ്ങൾക്ക് ഗൈഡായി മലയാളിയായ ഗോപാലകൃ ഷ്ണനുണ്ടായിരുന്നു. ഋഷികേശിൽ വച്ചാണ് ഇദ്ദേഹത്തെ പരിചയപ്പെട്ടത്. മലബാർ സ്വദേശിയായ ഗോപാലകൃഷ്ണൻ ഋഷികേശിലെത്തിയിട്ട് 25 വർഷങ്ങളായി. ഉത്തരാഞ്ചൽകാരിയായ ഭാര്യയും നാലുകു ട്ടികളുമടങ്ങിയ കുടുംബം ഋഷികേശിൽത്ത ന്നെയാണ്. ഗോപാലകൃഷ്ണന്റെ കുട്ടികൾ ഇതുവരെ കേരളം കണ്ടിട്ടില്ലത്രേ!

ഋഷികേശത്തോടു വിടപറയുന്നതിനുമുമ്പ് ഞങ്ങൾ പുസ്തകങ്ങൾ, ഓഡിയോ-വീഡി യോ സിഡികൾ, ആയുർവേദ ഔഷധങ്ങൾ, തേൻ, നെല്ലിക്ക, ബദാം ഓയിൽ, രുദ്രാക്ഷ- സ്ഫടിക മാലകൾ, മയിൽപ്പീലി വിശറികൾ, കാത്തറി ജൂബകൾ തുടങ്ങിയവയും വാങ്ങി ക്കൂട്ടിയിരുന്നു.

ത്രിവേണി സംഗമത്തിൽനിന്നും ഗംഗാ ജലവും ശേഖരിച്ചു.

ഇനി ഹിമവത്ശൃംഗങ്ങളിലേക്കുള്ള യാത്ര തുടങ്ങുകയായി. ഗംഗയുടെ ഒരു വശം ചേർന്ന് വൻമലകളെ കീറി നിർമിച്ച് വീതികുറഞ്ഞ റോഡുവഴിയാണ് ഹിമാല യത്തിന്റെ ഉയരങ്ങളിലേക്കുള്ള യാത്ര. വല തുവശത്ത് താഴെ അഗാധതയിൽ അലറി പ്പാഞ്ഞൊഴുകുന്ന ഗംഗ.

## വസിഷ്ഠ ഗുഹ

സപ്തർഷികളിൽ പ്രമുഖനും സൂര്യവം ശാചാര്യനുമായ വസിഷ്ഠമഹർഷിയും പത്നിയായ അരുന്ധതീ ദേവിയും വസി ച്ചിരുന്ന ഗുഹ ഋഷികേശിൽനിന്നും ശ്രീന ഗർ റോഡിൽ 22 കിലോമീറ്റർ അകലെ അലർ എന്ന ചെറുഗ്രാമത്തിൽ സ്ഥിതിചെ യ്യുന്നു. പത്തടിയോളം വീതിയും ഏഴടി യോളം ഉയരവും ഇരുപതടിയിലേറെ നീള വുമുള്ള ഗുഹയുടെ അന്തർഭാഗത്ത് ഏതാനും നിമിഷങ്ങൾ കണ്ണടച്ചിരിക്കു മ്പോൾ ലഭിക്കുന്ന മാനസികോർജവും ആത്മീയചൈതന്യവും അലൗകികമാണ്.



വസിഷ്ഠഗുഹ പ്രവേശന കവാടം

ഇത് അനുഭവിച്ചുതന്നെ അറിയണം. പൂർവാശ്രമത്തിൽ മലയാളിയായ പുരുഷോ ത്തമാനന്ദജി മഹാരാജാണ് വസിഷ്ഠ ഗുഹാ ശ്രമത്തിന്റെ സ്ഥാപകൻ. രാമകൃഷ്ണാശ്ര മത്തിൽ സ്വാമി ബ്രഹ്മാനന്ദജി മഹാരാജാ വിന്റെ ശിഷ്യനായിരുന്ന പുരുഷോത്തമജി 1928 ലാണ് ഈ ആശ്രമം സ്ഥാപിച്ചത്.

വസിഷ്ഠ ഗുഹയുടെ ഇപ്പോഴത്തെ അധിപതിയും പൂർവാശ്രമത്തിൽ മലയാണി യാണ്. സ്വാമി ചൈതന്യാനന്ദജി മഹാരാജ്. കഴിഞ്ഞ 43 വർഷങ്ങളായി ആശ്രമകാര്യ ങ്ങൾ നിയന്ത്രിക്കുന്നത് ഇദ്ദേഹമാണ്. ആശ്ര മത്തിന്റെ വകയായി സൗജന്യ ചികിത്സ നൽകുന്ന ആശുപത്രി, സ്കൂൾ, ക്ഷേത്രം എന്നീ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തി ക്കുന്നുണ്ട്.

ആശ്രമത്തെക്കുറിച്ചും കേരളത്തെക്കു റിച്ചുമൊക്കെ ഞങ്ങളോട് ചൈതന്യാനന്ദജി ഒരുപാടു സംസാരിച്ചു. സ്വാമി പുരുഷോ ത്തമാനന്ദജിയുടെ ജീവചരിത്രം, ആശ്രമ ത്തിന്റെ സുവനീർ, ലഘുലേഖകൾ, പ്രസാ ദമായ ലഡു എന്നിവയൊക്കെ നൽകി യാണ് അദ്ദേഹം ഞങ്ങളെ യാത്രയാക്കിയത്.

വസിഷ്ഠ ഗുഹയുടെ മറുഭാഗത്ത് ഗംഗാ നദിയുടെ മറുകരയിൽ അരുന്ധതീ ദേവി തപസ്സുചെയ്തിരുന്ന ഒരു ചെറിയ ഗുഹയും കണ്ടു. ഗംഗാനദി മുറിച്ചുകടന്നു വേണം ഈ ഗുഹയിലെത്തുവാൻ. ആശ്രമ പരിസരത്തുവച്ചുതന്നെ ഞങ്ങൾ അന്നത്തെ ഉച്ചഭക്ഷണം കഴിച്ചു. രാവിലെ തയാറാക്കി വണ്ടിയിൽ കരുതിയിരുന്ന ഭക്ഷണത്തിന്റെ ചൂട് മാറിയിരുന്നില്ല.

ഇനി പഞ്ചപ്രയാഗുകൾവഴി ബദരീ നാഥ് പാതയിലൂടെയാണ് യാത്ര. പ്രയാഗ് എന്നാൽ നദീസംഗമം എന്നാണ് അർഥം.

## പഞ്ചപ്രയാഗുകൾ

ഋഷികേശ് - ബദരീനാഥ് റോഡിലൂടെ യുള്ള യാത്ര ഓർക്കുമ്പോൾത്തന്നെ കിടി ലമുണ്ടാക്കുന്നതാണ്. കീഴ്ക്കാംതൂക്കായ മലനിരകളെച്ചുറ്റിക്കയറുന്ന ചെറിയ റോഡു കൾ. വീതി വളരെ കുറവാണ്. എതിരെ വരുന്ന വാഹനങ്ങൾക്ക് സൈഡ് കോടു ക്കുമ്പോൾ പലപ്പോഴും ഭയംകൊണ്ട് വിറ ച്ചുപോയിട്ടുണ്ട്. അനന്തതയിലേക്ക് കയറി പ്പോകുന്ന റോഡിന്റെ താഴെ അലറിപ്പാ യുന്ന അളകനന്ദ ഉള്ളിൽ ഭീതിയുണ്ടാ ക്കുന്ന കാഴ്ച കണ്ണിൽപ്പെടാതിരിക്കാൻ ബസിന്റെ സൈഡ് കർട്ടൺ നിവർത്തിയിട്ട് പലരും മറ സൃഷ്ടിക്കുന്നത് പതിവാക്കി.

ഉത്തരാഞ്ചലിലെ ഗാഡ്വാൾ സ്വദേശി യായ രാജേന്ദിർ സിങ്ങായിരുന്നു ഞങ്ങ ളുടെ ഡ്രൈവർ. ഹിമാലയസാനുക്കളിൽ വാഹനമോടിക്കുന്നതിന് രാജേന്ദിർ പ്രത്യേക ലൈസൻസ് കരസ്ഥമാക്കിയി ട്ടുണ്ട്. സദാ സൂക്ഷ്മതയോടെയുള്ള രജേ ന്ദിറിന്റെ ഡ്രൈവിങ് ഞങ്ങളെ വല്ലാതെ ആകർഷിച്ചു. രാജേന്ദിറിന്റെ സഹായിയായ ദേവ്സിങ് കുമയോൺ സ്വദേശിയാണ്. ഞങ്ങൾ ദേവ്സിങ്ങിന് ഒരു പേരുകൊ ടുത്തു-ജാക്കിച്ചാൻ! ആക്ഷൻ ഹീറോയായ ജാക്കിച്ചാന്റെ രൂപഭാവാദികളായിരുന്നു ദേവ്സിങ്ങിനെ ആ പേരിനർഹനാക്കിയത്.

ഹിമാലയ യാത്രയിലുടനീളം രുചികര മായ കേരളീയ ഭക്ഷണം തയാറാക്കി വിള മ്പിയത് കോഴിക്കോട്ടുകാരായ വിജയൻ, രാജു, വിജേഷ് എന്നിവരായിരുന്നു. ഇവ രിൽ വിജേഷിന്റെ മിമിക്രി, മോണോ ആക്ട് പരിപാടികൾ രാത്രിയാത്രകളുടെ വിരസത യകറ്റാൻ ഉപകരിച്ചു.

നമ്മെ അത്ഭുതപ്പെടുത്തിക്കൊണ്ട് നിമി ഷങ്ങൾക്കുള്ളിൽ മാറിമറിയുന്ന ഹിമാല യൻ പർവതനിരകളിലെ കാലാവസ്ഥ അതി ശയം തന്നെയാണ്. ഹിമാലയത്തിലെ റോഡുകളുടെ നിർമാണവും സംരക്ഷ ണവും ബോർഡർ റോഡ്സ് ഓർഗനൈ സേഷൻ (ബി.ആർ.ഒ) എന്ന വകുപ്പിന്റെ ചുമതലയിലാണ്. മലയിടിച്ചിലും മഞ്ഞുമ ലകൾ അപ്പാടെ തകർന്നും ഗതാഗതം സ്തംഭിക്കുന്നത് ഹിമാലയത്തിൽ പതി വാണ്. ആധുനിക യന്ത്രോപകരണങ്ങളുടെ സഹായത്തോടെ രാപ്പകൽ അധ്വാനിച്ച് ഗതാഗതതടസങ്ങൾ അപ്പപ്പോൾ ഒഴിവാ ക്കാൻ ബി.ആർ.ഒയ്ക്ക് കഴിയുന്നുണ്ട്. മഴ ക്കാലത്ത് നദികൾ കരകവിഞ്ഞൊഴുകു മ്പോൾ അടിഭാഗം കാർന്ന് റോഡു കൾതന്നെ അപ്രത്യക്ഷമാകുന്നത് സാധാ രണമാണ്. അത്യാധുനിക വാർത്താവിനി മയ ഉപകരണങ്ങളുമായി മലമ്പാതകളിൽ സദാസമയവും പെട്രോളിങ് നടത്തുന്ന ബി. ആർ.ഒ വാഹനങ്ങൾ ഹിമാലയത്തിലെ സ്ഥിരം കാഴ്ചയാണ്. റോഡ് തടസങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഉടൻതന്നെ സ്പോട്ടിലെത്തി അവർ തടസം നീക്കുക യായി.

ബദരീനാഥിലേക്കുള്ള യാത്രയിൽ ദേവ പ്രയാഗ്, രുദ്ര പ്രയാഗ്, കർണ പ്രയാഗ്, നന്ദ പ്രയാഗ്, വിഷ്ണു പ്രയാഗ് എന്നീ അഞ്ചു പ്രയാഗുകൾ തീർഥാടകരെ സ്വാഗതം ചെയ്യുന്നു. പഞ്ചപ്രയാഗുകളിൽ കുളിച്ച് ശുദ്ധിവരുത്തിവേണം ബദരീനാഥനെ കാണാൻ എന്നാണ് വിശ്വാസം. ■

■ **പി.സി. വിജയൻ**

# ചരിത്രത്തിലൂടെ : ജൂലൈ 2012

**1**

- തിരുവിതാംകൂറും കൊച്ചിയും സംയോജിച്ച് ഒരു സംസ്ഥാനമായി (1949)
- ആദ്യ അരയണ സ്റ്റാമ്പ് ബ്രിട്ടീഷ് ഇന്ത്യയിൽ ആരംഭിച്ചു (1852)
- ഇന്ത്യയിൽ ഇൻലന്റ് പോസ്റ്റ് കാർഡ് ആരംഭിച്ചു (1879).



**2**

- അമേരിക്കൻ സാഹസികൻ സ്റ്റേവ് ഫോസറ്റ് ലോകത്തിലാദ്യമായി ഒറ്റയ്ക്ക് ബലൂണിൽ പര്യടനം നടത്തി (2002). 31,000 കിലോ മീറ്ററായിരുന്നു യാത്ര.
- ഏണസ്റ്റ് ഹെമിങ്‌വേ സ്വയം വെടിയുതിർത്തു മരിച്ചു (1961)



**3**

- സെന്റ് തോമസ് കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി (എ.ഡി. 52).
- ബർഹിംഗാമിലെ ഡൺലപ് ലാറ്റക്സ് വികസന ലബോറട്ടറി ഫോം റബ്ബർ വികസിപ്പിച്ചെടുത്തു (1929).

**4**

- അമേരിക്കൻ സ്വാതന്ത്ര്യദിനം.
- സർ ജോർജ് എവറസ്റ്റ് ജന്മദിനം (1790 - 1886). ബ്രിട്ടീഷ് ഇന്ത്യയിലെ സർവേയർ ജനറൽ. എവറസ്റ്റ് പർവതത്തിന് ഇദ്ദേഹത്തെ ആദരിച്ചാണ് പേരിട്ടത്.

**5**



- മുൻമുഖ്യമന്ത്ര കെ. കരുണാകരൻ ജന്മദിനം (1918 - 2010).
- ഇന്ത്യയിൽനിന്ന് വസൂരി രോഗത്തെ നിർമാർജനം ചെയ്തതായി ലോകാരോഗ്യസംഘടന പ്രഖ്യാപിച്ചു (1975)

**6**

- അലക്സാണ്ടർ വിത്സൺ ജന്മദിനം (1766 - 1813). പ്രശസ്ത പക്ഷിനിരീക്ഷകൻ.
- സ്റ്റാംഫോർഡ് റാഫ്ൾസ് ജനിച്ചു (1781 - 1826). സിംഗപ്പൂരിന്റെ സ്ഥാപകൻ. ലണ്ടൻ സൂ നിർമാണത്തിൽ മുഖ്യ പങ്കാളി.

**7**

- ശ്യാമപ്രസാദ് മുഖർജി ജന്മദിനം (1901 - 1953).

**8**

- പെരുമൺ തീവണ്ടി അപകടം (1988) 105 മരണം.
- വാസ്ഗോഡ ഗാമ നാലു കപ്പലുകളുമായി ലിസ്ബണിൽനിന്ന് ഇന്ത്യയിലേക്ക് യാത്രതിരിച്ചു (1497).
- മുൻ പ്രധാനമന്ത്രി എസ്. ചന്ദ്രശേഖർ ചരമദിനം (1927 - 2007)

**9**

- ചലച്ചിത്രതാരം മോഹൻ ലാലിനെ ടെറിട്ടോറിയൽ ആർമിയുടെ ലഫ്റ്റനന്റ് കേണൽ പദവിയിൽ കമ്മിഷൻ ചെയ്തു (2009).
- ടാർസൻ സിനിമകളിലൂടെ പ്രശസ്തനായ ജോണി വീസ്മുള്ളർ 56.6 സെക്കന്റുകൊണ്ട് നൂറു മീറ്റർ നീന്തിക്കയറി (1922).

**10**

- ഫോൺ ഹാക്കിങ് വിവാദത്തെത്തുടർന്ന് ന്യൂസ് ഓഫ് ദ വേൾഡ് അച്ചടി അവസാനിപ്പിച്ചു (2011).
- കേരള മുഖ്യമന്ത്രി തത്സമയം ഇന്റർനെറ്റിൽ(2011) രാജ്യത്തു തത്സമയം ഇൻർനെറ്റിലുള്ള ഒരേയൊരു മുഖ്യമന്ത്രിയുടെ ഓഫിസാണിത്.വിലാസം www.keralacm.gov.in

**11**

- അമേരിക്കക്കാരനായ ഫെഡ് ബൽഡസയർ ആദ്യമായി ഇംഗ്ലീഷ് ചാനലിൽ അണ്ടർ വാട്ടർ സ്വിമ്മിങ് നടത്തി (1962).
- ചേറ്റൂർ ശങ്കരൻനായർ ജന്മദിനം (1857 - 1934). നിയമജ്ഞനും രാജ്യതന്ത്രജ്ഞനും

**12**

- ജോർജ് ഈസ്റ്റ്മാൻ ജന്മദിനം (1854 - 1932). ഫോട്ടോഗ്രാഫി വസ്തുക്കളുടെ ഉത്പാദകനായ അദ്ദേഹമാണ് കൊഡാക് ക്യാമറ അവതരിപ്പിച്ചത്.
- സാഹിത്യ നൊബേൽ ജേതാവ് പാബ്ലോ നെരൂദ ജനിച്ചു (1904 - 1973).
- നബാർഡ് നിലവിൽവന്നു (1982).
- മുംബെയിൽ സ്ഫോടന പരമ്പര(2006). 200 മരണം, 700 പേർക്ക് പരിക്ക്.

**13**

- 165 വർഷത്തിനുശേഷം നെപ്ട്യൂൺ സൂര്യനെ ഒരു തവണ ചുറ്റിവന്നു (2011)
- മുംബെയിൽ വീണ്ടും സ്ഫോടനം (2011).
- ഇംഗ്ലീഷ് ആർക്കിടെക്റ്റായ സർ ജോർജ് ഗിൽബർട് സ്കോട്ട് ജനിച്ചു(1811 - 1878).

**14**

- ഇർവിങ് സ്റ്റോൺ ജനിച്ചു (1903 - 1989). പ്രശസ്ത അമേരിക്കൻ എഴുത്തുകാരൻ.
- ജെറാൾഡ് ആർ ഫോർഡ് ജന്മദിനം (1913). അമേരിക്കയുടെ വൈസ് പ്രസിഡന്റും പ്രസിഡന്റുമായിരുന്നു.

**15**

- ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന ജിസാറ്റ് - 12 വിജയകരമായി വിക്ഷേ പിച്ചു (2011).



- ഇന്ത്യയിലെ ആദ്യ മോട്ടോർ ബസ് സർവീസ് മുംബെയിൽ ആരംഭിച്ചു (1926).

**16**

- തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം (1924). കൊല്ലവർഷം 1099 ൽ ജൂലൈ 16 മുതൽ ആഗസ്റ്റ് അഞ്ചുവരെ പ്രളയം. ആലപ്പുഴ മുഴുവനും ഇന്നത്തെ എറണാകുളത്തിന്റെ നാലിൽ മൂന്നു ഭാഗവും വെള്ളത്തിൽ മുങ്ങി.
- സംഗീതജ്ഞ ഡി.കെ. പട്ടമ്മാൾ അന്തരിച്ചു (1919 - 2009).

**17**

- ആഫ്രിക്കയിലെ റിഫ്റ്റ് താഴ്‌വരയിൽനിന്നും ആറു ലക്ഷം വർഷം പഴക്കമുള്ള തലയോട് കണ്ടെടുത്തു (1959).
- ഇംഗ്ലീഷ് മാസിക പഞ്ച് ലണ്ടനിൽ പ്രസിദ്ധീകരണമാരംഭിച്ചു (1841).
- ഡിസ്നിലാന്റ് തീം പാർക്ക് കാലിഫോർമിയയിലെ അനാഹീമിൽ തുടങ്ങി (1955)

**18**

- ലോക മുത്തശ്ശൻ ബ്രിട്ടനിലെ ഹെൻറി അലിൻഗം 113ാം വയസിൽ നിര്യാതനായി (2009).
- നെൽസൺ മണ്ടേല ജന്മദിനം (1918).
- അഡോൾഫ് ഹിറ്റ്ലർ ആത്മകഥാ ഗ്രന്ഥത്തിന്റെ അദ്യഭാഗം പ്രസിദ്ധീകരിച്ചു (1925).

**19**

- ബംഗാൾ വിഭജനം (1905). കഴ്സൺ പ്രഭുവാണ് പ്രഖ്യാപിച്ചത്.
- ഇന്ത്യയിൽ ഒന്നാംഘട്ട ബാങ്ക് ദേശസാത്കരണം നടന്നു (1969)
- പശ്ചിമബംഗയിൽ തീവണ്ടി കൂട്ടിയിടിച്ച് 63 മരണം (2010).

**20**

- അന്താരാഷ്ട്ര ചെസ് ഫെഡറേഷൻ രൂപീകരിച്ചു (1924).
- വി.പി. സിങ് രണ്ടര മണിക്കൂർ ദൈർഘ്യമേറിയ പത്രസമ്മേളനം നടത്തി (1990). ഇതോടെ ലോകത്തിൽ ഏറ്റവും ദൈർഘ്യമേറിയ പത്രസമ്മേളനം നടത്തിയ പ്രധാനമന്ത്രിയായി സിങ്.

**21**



- പ്രതിഭാദേവി സിങ് പാട്ടീൽ രാഷ്ട്രപതിയായി (2007). ഈ പദവിയിലെത്തുന്ന ആദ്യവനിതയാണ് പ്രതിഭ.
- മൈക്കൽ റൊമാനോവ് റഷ്യയിലെ സാർ ചക്രവർത്തിയായി (1613). 1917 ഫെബ്രുവരി മാസം വരെ റൊമാനോവ് യുഗമായിരുന്നു.

**22**

- ജനിതകശാസ്ത്രത്തിന്റെ പിതാവ് ഗ്രീഗർ മെൻഡൽ ജന്മദിനം (1822 - 1884).
- നവാസ് ഷെരീഫിനെ 14 വർഷം കഠിന തടവിനും 21 വർഷ രാഷ്ട്രീയ നിരോധനത്തിനും പാക്കിസ്ഥാനി കോടതി വിധിച്ചു (2000)
- വീലി പോസ്റ്റ് ഒറ്റയ്ക്ക് ലോകം ചുറ്റിക്കറങ്ങിയ ആദ്യ വ്യക്തിയായി (1933).

**23**

- ചരിത്രകാരൻ എ. ശ്രീധരമേനോൻ ചരമദിനം (2010)
- നോർവെയിലെ ഓസ്‌ലോയിൽ ബ്രിവിക് എന്ന യുവാവ് വെടിവച്ചും സ്ഫോടനം നടത്തിയും 76 പേരെ വധിച്ചു (2011).

**24**

- കൊളംബിയയുടെയും (1821 - 1830), പെറുവിന്റെയും (1823 - 29) ആദ്യ പ്രസിഡന്റായിരുന്ന സൈമൺ ബോളിവർ ജന്മദിനം (1783 - 1830)
- ജെയിംസ് ചാഡ്‌വിക് ചരമദിനം (1891 - 1974). റേഡിയോ ആക്ടിവിറ്റി സംബന്ധിച്ച് പഠനം നടത്തി. ന്യൂട്രോൺ കണ്ടുപിടിച്ചു.

**25**

- കോപ്പ അമേരിക്കയിൽ യുറുഗ്വായ് കിരീടം നേടി (2011).
- ഇലക്ട്രിക് ട്രെയിൻ കണ്ടുപിടിച്ച ഫ്രാങ്ക് ജൂലിയൻ സ്പ്രേഗ് ജനിച്ചു (1857 - 1937).

**26**

- ഇന്ത്യയുടെ ആദ്യ ആണവ അന്തർവാഹിനി ഐ.എൻ.എസ് അരിഹന്ത് കമ്മിഷൻ ചെയ്തു (2009).



- കാർഗിൽ വിജയ് ദിവസ് (1998).


**27**

- ആറ്റം സിദ്ധാന്തം ആവിഷ്ക്കരിച്ച ജോൺ ഡാൾട്ടൻ ചരമദിനം(1766 - 1844)
- ജോൺ ഹോപ്കിൻസൺ ജന്മദിനം (1849 - 1898).

**28**

- ലോക്പാൽ ബില്ലിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി (2011).
- ലുഡ്‌വിഗ് ഫ്യൂയർ ബാച്ച് ജന്മദിനം (1804 - 1872).

**29**




- ബേഡൻ പൗവ്വൽ ബോയ് സ്കൗട്ട് പ്രസ്ഥാനം ആരംഭിച്ചു (1907)
- ചലച്ചിത്ര നടൻ രാജൻ പി. ദേവ് ചരമദിനം (1954 - 2009)
- സേഫ്ടിപിൻ കണ്ടുപിടിച്ച അമേരിക്കൻ ഇൻവെന്റർ വാൾട്ടർ ഹണ്ട് ജനിച്ചു (1796 - 1859).

**30**

- അമേരിക്കൻ വാഹനനിർമാതാവ് ഹെൻറി ഫോർഡ് ജനിച്ചു (1863 - 1947)
- പെൻഗ്വിൻ പേപ്പർ ബാക്ക് പുസ്തകശാല സർ അലൻലൈൻ ബ്രിട്ടനിൽ സ്ഥാപിച്ചു (1935)
- ബ്രിട്ടീഷ് ചരിത്രകാരനും എഴുത്തുകാരനുമായ സിറിൽ നോർത്ത് കോട്ട് പാർക്കിൻസൺ ജനിച്ചു (1909 - 1993)

**31**

- ഗായകൻ മുഹമ്മദ് റഫി ചരമദിനം (1925 - 1980)
- സ്ക്രൂ പ്രോപ്പെല്ലർ വികസിപ്പിച്ചെടുത്ത അമേരിക്കൻ നേവൽ എൻജിനീയർ ജോൺ എറിക്സൺ ജന്മദിനം (1803 - 1889)
- സാമ്പത്തിക നൊബേൽ ജേതാവും അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനുമായ മിൽടൺ ഫ്രീഡ്മാൻ ജന്മദിനം (1912).



■ സതീഷ് പൂവത്തൂർ

# സൈബർ കുറ്റകൃത്യങ്ങൾക്ക് ഇനി കടുത്തശിക്ഷ




**സ്ത്രീ**കൾക്കെതിരായ സൈബർ കുറ്റകൃത്യങ്ങൾ തടയാൻ സമഗ്രനിയമനിർമാണം നടത്തുമെന്ന് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയിച്ചു. സ്ത്രീകളുടെ സ്വകാര്യതയിലേക്കു കടന്നുകയറി ഫോട്ടോ, വീഡിയോ, ടെലിഫോൺ സംഭാഷണം എന്നിവ റിക്കോർഡ് ചെയ്യുന്നതും പ്രചരിപ്പിക്കുന്നതും സ്ത്രീകളുടെയും കുട്ടികളുടെയും മാന്യതയ്ക്കു നിരക്കാത്ത ചിത്രങ്ങളും വീഡിയോ ക്ലിപ്പിങ്ങുകളും കൈവശം വയ്ക്കുന്നതും നിയമപ്രകാരം ശിക്ഷാർഹമാകും.

പൊതുസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീകളുടെ അന്തസ്സും സ്വകാര്യതയും നിയമപരമായി സംരക്ഷിക്കാനുള്ള വകുപ്പുകൾ നിയമത്തിൽ ഉൾപ്പെടുത്തും. ഇക്കാര്യത്തിൽ നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്നു കണ്ടതിനാലാണ് പുതിയ നിയമം കൊണ്ടുവരുന്നതെന്ന് മന്ത്രി പറഞ്ഞു.

ഏതെങ്കിലും തരത്തിലുള്ള മാനഹാനിക്കോ ബലാത്കാരത്തിനോ വിധേയയായ സ്ത്രീ അസാധാരണ സാഹചര്യത്തിൽ മരിച്ചാൽ അത് പീഡനം കാരണമുള്ള മരണമായി കണക്കാക്കി പ്രതികളെ ശിക്ഷിക്കും. പൊതുസ്ഥലങ്ങളിൽ സ്ത്രീ അപമാനിക്കപ്പെട്ടാൽ ആ സ്ഥലത്തിന്റെ ചുമതലയുള്ളയാൾ അത് പൊലീസിൽ റിപ്പോർട്ട് ചെയ്യണം. അതിൽ വീഴ്ചവരുത്തിയാൽ ചുമതലക്കാരൻ കുറ്റക്കാരനാവും.

വർധിച്ചുവരുന്ന മൊബൈൽ ഫോണുകളുടെ ദുരുപയോഗം നിരവധി സ്ത്രീകളുടെ മരണത്തിനുവരെ കാരണമായിട്ടുണ്ട്. അതിനാൽ സ്കൂൾ-കോളേജ് തലങ്ങളിൽ ഇവ നിരോധിക്കാൻ സ്കൂൾ-കോളേജ് മേധാവികൾക്ക് അധികാരമുണ്ടായിരിക്കും. ബസിലും പൊതുവാഹനങ്ങളിലും സ്ത്രീകൾക്കുനേരെ കുറ്റകൃത്യങ്ങളുണ്ടായാൽ വാഹനജീവനക്കാർ ആ വാഹനം ഉടൻതന്നെ പൊലീസ് സ്റ്റേഷനിൽ എത്തിക്കണം. അങ്ങനെ ചെയ്യാത്ത ജീവനക്കാർക്കെതിരെ കേസെടുക്കും.

ജില്ലകളിലെ വനിതാ ഹെൽപ് ലൈൻ സംവിധാനം 24 മണിക്കൂറും പ്രവർത്തിക്കും. അതിന് കൂടുതൽ ജീവനക്കാരെ നിയോഗിക്കുമെന്നും മന്ത്രി പറഞ്ഞു. വനിതാസെല്ലിലും പൊലീസ് സ്റ്റേഷനിലും രജിസ്റ്റർ ചെയ്യുന്ന സ്ത്രീ അതിക്രമ കേസുകൾ ഗൗരവത്തോടെ അന്വേഷിക്കുമെന്നും മന്ത്രി അറിയിച്ചു.

# അശരണരായ കുട്ടികളുടെ സംരക്ഷണത്തിന് 'സ്നേഹപൂർവ്വം'



**ജീ**വിതം വഴിമുട്ടിയ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ സാമൂഹികക്ഷേമവകുപ്പിന്റെ *സ്നേഹപൂർവം* പദ്ധതിക്ക് ഭരണാനുമതിയായി. വിവിധ സാഹചര്യങ്ങളാൽ ജീവിതം ക്ലേശകരമായ കുട്ടികളുടെ ഭാവി കരുപ്പിടിപ്പിക്കുന്നതിന് പ്രതിമാസ ധനസഹായം നൽകും. സാമൂഹികക്ഷേമ വകുപ്പിന്റെ കീഴിലുള്ള കേരള സാമൂഹിക സുരക്ഷാമിഷനാണ് പദ്ധതി നടപ്പാക്കുന്നത്.

സമൂഹത്തിൽ സംരക്ഷിക്കപ്പെടാനില്ലാതെ ഒറ്റപ്പെട്ട ജീവിതം നയിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തുക, സാമൂഹികസുരക്ഷ അർഹിക്കുന്ന കുട്ടികൾക്ക് ബന്ധുക്കളുടെ സ്നേഹവും സംരക്ഷണവും നൽകി ജീവിതത്തിന് സഹായിക്കുക, ആരോരുമില്ലാത്ത കുട്ടികളുടെ സംരക്ഷണത്തിന് സന്മനസ്സു കാട്ടുന്നവർക്ക് സാമ്പത്തികസഹായം നൽകുക, കുട്ടികളുടെ തുടർവിദ്യാഭ്യാസം, ആരോഗ്യപോഷണം, ദൈനംദിന കാര്യങ്ങൾ ഇവ തടസംകൂടാതെ മുന്നോട്ടു പോകുന്നതിനും സാമൂഹികപ്രതിബദ്ധതയുള്ള ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

മാതാപിതാക്കൾ മരണപ്പെടുകയോ, മാതാപിതാക്കളിൽ ഒരാൾ മരിച്ചുപോകുകയും ജീവിച്ചിരിക്കുന്നയാൾക്ക് ആരോഗ്യപരമായും സാമ്പത്തികമായും കുട്ടിയെ സംരക്ഷിക്കാൻ കഴിയാതെ വരികയോ ചെയ്യുകയാണെങ്കിൽ അത്തരം കുട്ടികളെ പദ്ധതിയിലുൾപ്പെടുത്തും. കുട്ടികൾ സർക്കാർ സ്കൂളിൽ ഒന്നു മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്നവരായിരിക്കണം. കുട്ടിയെ സംരക്ഷിക്കുന്ന കുടുംബം ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. സ്കോളർഷിപ്പോ മറ്റ് സർക്കാർ ആനുകൂല്യങ്ങളോ ലഭിക്കാത്ത കുട്ടികളായിരിക്കണം.

അപേക്ഷകളും അനുബന്ധരേഖകളും സാമൂഹിക സുരക്ഷാമിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ നേരിട്ട് അയയ്ക്കാം. അർഹതപ്പെട്ട അപേക്ഷകൾക്ക് ധനസഹായം അനുവദിക്കാനുള്ള അധികാരം സുരക്ഷാമിഷനിൽ നിക്ഷിപ്തമാണ്. ജില്ലാതലത്തിൽ സർക്കാർ നിയമിച്ച ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തികച്ചും അർഹരായ അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളെയും ധനസഹായത്തിനു പരിഗണിക്കും.

അഞ്ചു വയസ്സിനുതാഴെയുള്ള കുഞ്ഞുങ്ങൾക്കും ഒന്നു മുതൽ അഞ്ചാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്കും പ്രതിമാസം 300 രൂപവീതം അനുവദിക്കും. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ്സു വരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500 രൂപയാണ് അനുവദിച്ചിരിക്കുന്നത്. 11 ഉം 12 ഉം ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750 രൂപ വീതമാണ് ധനസഹായം.

ആദ്യവർഷം ഏറ്റവും സഹായമർഹിക്കുന്ന 4500 കുട്ടികളെ കണ്ടെത്തി പദ്ധതിക്ക് തുടക്കംകുറിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. സഹായം അർഹിക്കുന്നവരെ കണ്ടെത്താനും സാമൂഹികപ്രതിബദ്ധതയുള്ളവരായി അവരെ വളർത്തിക്കൊണ്ടുവരുന്നതിനും സുരക്ഷാമിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

# ഗാന്ധി സമാധാനയാത്രയ്ക്ക് വന്‍ വരവേല്പ്

'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്നു പ്രഖ്യാപിച്ച മഹാത്മജിയുടെ ദര്‍ശനങ്ങള്‍ക്കും ചിന്തകള്‍ക്കും ഈ നൂറ്റാണ്ടില്‍ പ്രസക്തിയേറുകയാണ്. അവയുടെ മഹത്വവും പ്രാധാന്യവും ഇളംതലമുറകള്‍ക്ക് പകര്‍ന്നുകൊടുക്കേണ്ടത് അനിവാര്യവുമാണ്. അഞ്ചു തവണ ഗാന്ധിജി കേരളക്കരയില്‍ എത്തിയിട്ടുണ്ട്. അദ്ദേഹം സഞ്ചരിച്ച പവിത്രമായ വഴിത്താരകളും ചരിത്രമുറങ്ങിക്കിടക്കുന്ന സ്ഥലങ്ങളും ഏറെ പ്രാധാന്യമര്‍ഹിക്കുന്നു. ആ സ്ഥലങ്ങളില്‍ക്കൂടിയുള്ള ഒരു തീര്‍ഥാടനമായിരുന്നു ഈ സന്ദേശയാത്ര.

2012 ജൂണ്‍ 17 ന് കന്യാകുമാരിയില്‍ നിന്നാണ് സന്ദേശയാത്ര ആരംഭിച്ചത്. ഇവിടെനിന്നും മംഗലാപുരംവരെ ഗാന്ധിജി സന്ദര്‍ശിച്ച പ്രധാന സ്ഥലങ്ങളിലൂടെ 17 ദിവസം നീളുന്നതായിരുന്നു യാത്ര. ഗാന്ധി സമാധാന സന്ദേശയാത്രയ്ക്ക് തിരുവനന്തപുരം ജില്ലയില്‍ വന്‍ വരവേല്പാണ് ലഭിച്ചത്. മേയര്‍ അഡ്വ. കെ. ചന്ദ്രികയുടെ അധ്യക്ഷതയില്‍ ഗാന്ധിപാര്‍ക്കില്‍ നടന്ന സ്വീകരണത്തില്‍ മുഖ്യമന്ത്രി ഉമ്മന്‍ ചാണ്ടി ഗാന്ധി സമാധാനസന്ദേശ യാത്രയുടെ സംസ്ഥാനതല ഉദ്ഘാടനം നിര്‍വഹിച്ചു. ഗാന്ധിയന്‍ തത്ത്വങ്ങളില്‍നിന്ന് അകന്നുപോകുന്നതാണ് സമൂഹത്തിലെ പ്രശ്നങ്ങള്‍ക്കു കാരണമെന്നും ഗാന്ധിസത്തിലേക്ക് മടങ്ങുകയാണ് അതിനു പരിഹാരമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സാംസ്കാരികമന്ത്രി കെ.സി. ജോസഫ് മുഖ്യപ്രഭാഷണം നടത്തി. സമൂഹത്തിലെ മൂല്യച്യുതികള്‍ക്കും അക്രമങ്ങള്‍ക്കുമെതിരെ ശക്തമായ സന്ദേശം നല്‍കാന്‍ ഗാന്ധി പീസ് ബസ് യാത്രയ്ക്കു കഴിയുമെന്ന് മന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. മലയിന്‍കീഴ് ഗോപാലകൃഷ്ണന്‍ രചിച്ച് പി.ആര്‍.ഡി പ്രസിദ്ധീകരിച്ച *കേരളക്കരയിലൂടെ ഗാന്ധിജി* എന്ന പുസ്തകത്തിന്റെ പ്രകാശനവും മുഖ്യമന്ത്രി നിര്‍വഹിച്ചു. അഖിലേന്ത്യാ ഗാന്ധിസ്മാരകനിധി ചെയര്‍മാന്‍ പി. ഗോപിനാഥന്‍ നായര്‍, വര്‍ക്കിങ് ചെയര്‍മാന്‍ ഡോ. എന്‍. രാധാകൃഷ്ണന്‍, ഇന്‍ഫര്‍മേഷന്‍ & പബ്ലിക് റിലേഷന്‍സ് ഡയറക്ടര്‍ എ. ഫിറോസ് എന്നിവര്‍ ചടങ്ങില്‍ സംബന്ധിച്ചു.




**ഗാന്ധിപീസ് ബസ് യാത്രയ്ക്ക് തിരുവനന്തപുരം കോര്‍പ്പറേഷന്റെ ആഭിമുഖ്യത്തില്‍ ഗാന്ധി പാര്‍ക്കില്‍ നല്‍കിയ സ്വീകരണപരിപാടി മുഖ്യമന്ത്രി ഉമ്മന്‍ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി കെ.സി. ജോസഫ് സമീപം**

എല്ലാ ജില്ലകളിലും വന്‍ ജനാവലിയുടെ സാന്നിധ്യം ഏറെ ശ്രദ്ധേയമായി. ഗാന്ധിജിയുടെ വചനങ്ങളടങ്ങിയ പ്ലക്കാര്‍ഡുമായിട്ടാണ് സ്കൂള്‍ വിദ്യാര്‍ഥികള്‍ യാത്രയെ സ്വീകരിച്ചത്. വിദ്യാര്‍ഥികള്‍ ഗാന്ധിപ്രതിജ്ഞയെടുത്തു. ഗാന്ധിസ്മാരകനിധി പ്രവര്‍ത്തകരായ ഡോ. രാധാകൃഷ്ണന്‍, പി. രാംദാസ്, ജേക്കബ് പുളിക്കന്‍ തുടങ്ങിയവരുടെ നേതൃത്വത്തില്‍ 210 ഓളം സന്നദ്ധഭടന്മാര്‍ യാത്രയെ അനുഗമിച്ചു. ഗാന്ധിജിയുടെ ജീവിതത്തിലെ പ്രധാന മുഹൂര്‍ത്തങ്ങളുടെ ഫോട്ടോ പ്രദര്‍ശനവും ഗാന്ധി സമാധാന സന്ദേശയാത്രാവാഹനത്തില്‍ ഉണ്ടായിരുന്നത് ഏറെ ശ്രദ്ധേയമായി.

ഇന്‍ഫര്‍മേഷന്‍ & പബ്ലിക് റിലേഷന്‍സ് വകുപ്പും സംസ്ഥാന യുവജനക്ഷേമ ബോര്‍ഡും ഗാന്ധിസ്മാരക നിധിയും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

## ആര്‍. സെല്‍വരാജ് നിയമഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു

നെയ്യാറ്റിന്‍കര ഉപതിരഞ്ഞെടുപ്പില്‍ വിജയിച്ച ആര്‍. സെല്‍വരാജ് 2012 ജൂണ്‍ 18 ന് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.



## വായനയുടെ പുതുവഴികള്‍

'വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക' എന്ന ആഹ്വാനവുമായി കേരളക്കരയില്‍ സാംസ്കാരിക ജാഥ നടത്തിയ പി.എന്‍. പണിക്കരെ ഓര്‍മിച്ചുകൊണ്ട് ഒരു വായനദിനം കൂടി.

വായനയുടെ പുതുവഴികള്‍ ഇളംതലമുറകള്‍ക്ക് പകര്‍ന്നുകൊടുത്ത് ഭാവിജീവിതത്തെ കരുപിടിപ്പിക്കാന്‍ പര്യാപ്തമായ സംസ്കാരഭദ്രത ഊട്ടിയുറപ്പിക്കല്‍ ലക്ഷ്യം വച്ച് സംസ്ഥാനത്ത് വായനവാരാഘോഷം സംഘടിപ്പിച്ചു. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂണ്‍ 19 ന് മുഖ്യമന്ത്രി ഉമ്മന്‍ ചാണ്ടി തിരുവനന്തപുരത്ത് നിര്‍വഹിച്ചു. വായനയ്ക്കും വായനശാലകള്‍ക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ചയാളാണ് പി.എന്‍. പണിക്കരെന്ന് മുഖ്യമന്ത്രി ഉമ്മന്‍ ചാണ്ടി അനുസ്മരിച്ചു.

വായനയുടെ പ്രാധാന്യം ജനങ്ങളിലെത്തിച്ചതില്‍ പി.എന്‍. പണിക്കര്‍ വഹിച്ച പങ്ക് വളരെ നിര്‍ണായകമായിരുന്നുവെന്ന് ചടങ്ങില്‍ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദു റബ്ബ് പറഞ്ഞു. ഗ്രന്ഥശാലാപ്രസ്ഥാനം, അനൗദ്യോഗിക വിദ്യാഭ്യാസ പ്രസ്ഥാനം എന്നിവയുടെ പ്രവര്‍ത്തനങ്ങളില്‍ പ്രഥമഗണനീയനായിരുന്നു പി.എന്‍. പണിക്കരെന്ന് മുഖ്യപ്രഭാഷണം നടത്തിയ സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് പറഞ്ഞു.


കേരളത്തെ ഗ്രന്ഥശാലകളുടെ കേരളമാക്കിയ മനുഷ്യനാണ് പി.എന്‍. പണിക്കരെന്ന് കവി ഒ.എന്‍.വി അനുസ്മരിച്ചു. ഇ-വായന വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികള്‍ക്ക് നല്‍കുന്ന ടാബ്ലറ്റിന്റെ വിതരണവും വിദ്യാഭ്യാസമന്ത്രി നിര്‍വഹിച്ചു. ജോര്‍ജ് ഓണക്കൂര്‍ വായനാ ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഭാഷാ ഇന്‍സ്റ്റിറ്റ്യൂട്ട് ഡയറക്ടര്‍ ഡോ. എം.ആര്‍. തമ്പാന്‍, പെന്റാ ടെക്നോളജി ഡയറക്ടര്‍ ഡോ. വിജേന്ദ്രസിങ് തുടങ്ങിയവര്‍ സംസാരിച്ചു.

■ സ്മിത എസ്.

പെൺജീവിതം

# പെരുവഴിയിൽ അവൾ...

സർക്കാർ ഓഫീസിൽ ക്ലെറിക്കൽ പണി ചെയ്യുന്ന ഞാൻ സ്കൂട്ടറോടിക്കാൻ പഠിച്ചതും ഗിയറില്ലാത്ത ഒരു സ്കൂട്ടർ സ്വന്തമാക്കിയതും തന്നിഷ്ടം കാട്ടാനും അഹങ്കരിച്ച് ചെത്തിനടക്കാനുമല്ല. (നാട്ടുകാരുടെയും വീട്ടുകാരുടെയും ഭാഷ്യം ചിലപ്പോഴൊക്കെ അങ്ങനെയായാണെങ്കിലും) സമയത്ത് ഓഫീസിലെത്തുക, മൂത്ത മകനെ സ്കൂൾ ബസ്സെത്തും മുമ്പ്



സ്റ്റോപ്പിലെത്തിക്കുക, ഇളയ മകളെ സമയാസമയം പ്ലേ സ്കൂളിലെത്തിക്കുക, ഭർത്താവിനെ തന്നാലാവുംവിധം വീട്ടുകാര്യങ്ങളിൽ സഹായിക്കുക തുടങ്ങിയവയൊക്കെയായിരുന്നു ഉദ്ദേശ്യലക്ഷ്യങ്ങൾ. പക്ഷേ, രണ്ടു മാസത്തെ സ്കൂട്ടറോട്ടമത്സരം കഴിഞ്ഞ് വശംകെട്ടിരിക്കുകയാണ് ഞാനിന്ന്.

ഓഫീസിലേക്കും തിരികെ വീട്ടിലേക്കുമായി ദിവസവും 80 കി.മീ. ഒന്നിലധികം ബസിലും ഓട്ടോയിലുമായി യാത്രചെയ്യേണ്ടിവരുന്ന ഒരാളെന്ന നിലയ്ക്ക് യാത്രയ്ക്കിടയിൽപ്പോലും വ്യക്തികളുടെ സ്വകാര്യതകളിലേക്ക് അനാവശ്യമായി ഊളിയിടാനുള്ള മലയാളികളുടെ അമിതമിടുക്കിന് നിരവധിതവണ ദൃക്സാക്ഷിയാകേണ്ടിവന്നിട്ടുണ്ട്. വീടിനകത്തും ഓഫീസിനുള്ളിലുമുള്ള റോളുകൾക്കു പുറമേ അമ്മയുടെയും സുഹൃത്തിന്റെയും റോളുകളും വഹിക്കേണ്ടിവരുന്നുണ്ട് ഒരു സ്ത്രീക്ക്. ഈ വേഷപ്പകർച്ചകൾതന്നെ ഭംഗിയായി നിർവഹിക്കാൻ പെടാപ്പാടുപെടുന്നവൾക്കു മുന്നിലേക്കാണ് ഒരു ദിവസത്തിന്റെ മുഴുവൻ നൈർമല്യവും നശിപ്പിക്കുന്നവിധം ആഗ്രഹിക്കാത്ത, അനുമതിയില്ലാത്ത നോട്ടമായോ, സ്പർശമായോ, വാക്കുകളായോ ഒരുവൻ കടന്നുവരുന്നത്. ആഗ്രഹിക്കാത്ത, അനുവാദമില്ലാത്ത ഒരു നോട്ടം/സ്പർശം/വാക്ക് ഒരു സ്ത്രീയിലുണ്ടാകുന്ന പൊള്ളൽ വാക്കുകൾകൊണ്ട് വിസ്തരിക്കാവുന്നതുമല്ല. ദിവസങ്ങളേറെ എടുത്താവും അത്തരമൊരു അനുഭവത്തെ അവൾ കുടഞ്ഞുകളയുക.

ഇത്തരം അനുഭവങ്ങൾക്കു ബൈബൈ പറയാനാവുമെന്ന വിശ്വാസത്തോടെയാണ് ലോണെടുത്ത് സ്വന്തമായി ടൂവീലർ സംഘടിപ്പിച്ചത്.

വളയിട്ട കൈകൾ വണ്ടിയോടിക്കുമ്പോൾ എന്തിനാണ് അടുത്തുകൂടെ പോകുന്ന ആളിന് ആക്സിലറേറ്ററും ക്ലച്ചും ബ്രേക്കും തമ്മിൽ മാറിപ്പോകുന്നത്? തൊട്ടുതൊട്ടില്ലെന്നമട്ടിൽ അരികിലൂടെ ചീറിപ്പായുന്ന ആധുനിക പവർ ബൈക്കുകളിലെ മീശമുളയ്ക്കാത്ത ചെക്കന്മാർ പലപ്പോഴും ഭയപ്പെടുത്തി പെണ്ണുങ്ങളുടെ ബാലൻസ് തെറ്റിക്കാറുണ്ട്. സ്ത്രീകളോടിക്കുന്ന ഒരു വണ്ടി തൊട്ടുമുന്നിലുണ്ടെന്നുകണ്ടാൽ പിന്നെ അതു മറികടന്ന് മുന്നിൽക്കയറാൻ തിടുക്കം കാണിക്കാത്ത ഓട്ടോച്ചേട്ടന്മാരെ കണ്ടെത്തുക പ്രയാസം. എന്നാൽ ആണുങ്ങളോടിക്കുന്ന വണ്ടിക്കു പിന്നാലെ എത്രനേരം വേണമെങ്കിലും ഉരുട്ടിനീങ്ങുന്നതിൽ അവർക്ക് അഭിമാനക്ഷതവുമില്ല.

ഇനി ഷോപ്പിങ്ങിനോ ഓഫീസിലേക്കോ മറ്റെന്തെങ്കിലും ആവശ്യത്തിനോ നടന്നുപോകാനാണ് പരിപാടിയെങ്കിൽ മനുഷ്യജീവിതം വെറുത്തുപോകുന്ന അറപ്പുളവാക്കുന്നവിധത്തിലുള്ള കഴുകൻ കണ്ണുകളെയാണ് നേരിടേണ്ടിവരിക. സൗന്ദര്യാസ്വാദനം തെറ്റാണെന്ന് ആരും പറയില്ല! പ്രകൃതിയിൽ സുന്ദരമായ എന്തിന്റെയും നേർക്ക് ആൺ-പെൺ വ്യത്യാസമില്ലാതെ കണ്ണുകൾ തിരിയുമെന്ന കാര്യത്തിലും തർക്കമില്ല. സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനുഷ്യന്റെ സകല വിചാരവികാരങ്ങളും പ്രതിഫലിപ്പിക്കുന്ന സ്ഫടികസമാനമായ തടാകമാണ് കണ്ണുകൾ. അതുകൊണ്ടുതന്നെ നല്ല മനുഷ്യന്റെ നന്മയും കപടന്മാരുടെ തിന്മയും കാഴ്ചക്കാരിലെത്തിക്കാൻ കണ്ണുകളുടെ ചെറിയ മിന്നായങ്ങൾക്കുപോലുമാവും.

പൊതുനിരത്തിൽ കാണുന്ന ഒരു പെൺശരീരത്തെ അവളിൽ വെറുപ്പുളവാക്കുന്നവിധത്തിൽ നോക്കാൻ പുരുഷനെ പ്രേരിപ്പിക്കുന്നത് എന്തൊക്കെയാണ്? പെൺമനസ്സുകളിൽ വെറുപ്പും അസ്വസ്ഥതയും വിഷമവും ഉണ്ടാക്കുന്നതിലൂടെ അവൻ എന്താണ് നേടുന്നത്? മലയാളിയുടെ ഈ കപടമനോഭാവങ്ങൾക്ക് എന്നാണിനി അറുതി വരുക? വിദ്യാഭ്യാസവും ആധുനിക സാങ്കേതികവിദ്യകളും സുലഭമായി ലഭിക്കുന്ന മലയാളനാട്ടിൽ ഇത്തരക്കാരുടെ എണ്ണം പെരുകുന്ന കാഴ്ചയാണ് നമുക്കു കാണാനാവുക.



നാട്ടിലെ മുഴുവൻ പുരുഷന്മാരും ഇത്തരം വൈകല്യങ്ങൾക്ക് അടിമകളാണെന്നല്ല അർഥമാക്കുന്നത്. എങ്കിലും വഴിയിൽ നേരിടേണ്ടിവരുന്ന മോശം അനുഭവങ്ങൾ പങ്കുവച്ചാൽ സ്വന്തം വീട്ടിലെ പുരുഷബന്ധുക്കളും പുറത്തുള്ള പുരുഷസുഹൃത്തുക്കളും പലപ്പോഴും സ്ത്രീകളെയാവും പ്രതിക്കൂട്ടിലാക്കുക. അത്യാവശ്യം ഇത്തരക്കാരുടെ കാര്യങ്ങൾ അവഗണിക്കാനും ഒഴിഞ്ഞുമാറി നടക്കാനുമാകും ഉപദേശിക്കുക.

ആകാശവും ഭൂമിയും പോലെ പരസ്പരപൂരകമായ നിലനില്പാണ് സ്ത്രീക്കും പുരുഷനുമുള്ളത്. അന്തരീക്ഷമില്ലാതെ ഭൂമിയിൽ ജീവസാന്നിധ്യം സാധ്യമല്ലല്ലോ. മജ്ജയും മാംസവും മേധാശക്തിയുമുള്ള മനുഷ്യശരീരമായി, സഹജീവിയായി പെൺശരീരങ്ങളെ കണ്ടുതുടങ്ങിയാൽമാത്രമേ നിലവിലെ അവസ്ഥകളിൽ മാറ്റം പ്രതീക്ഷിക്കാനാവൂ. അതിന് വീട്ടകത്തുനിന്നു തുടങ്ങി വ്യാപകമായ ബോധവത്കരണം കൂടിയേ തീരു. പ്രായഭേദമെന്യേ സ്ത്രീകൾ സ്വച്ഛന്ദം നിരത്തിലൂടെ വണ്ടിയോടിക്കുന്ന ദിവസങ്ങൾക്കായി നമുക്ക് കാത്തിരിക്കാം. ■

■ എസ്. പി.

## മൂണിന് സമാധാന പുരസ്കാരം




ഈ വർഷത്തെ സോൾ സമാധാനപുരസ്കാരത്തിന് യു.എൻ. സെക്രട്ടറി ജനറൽ ബാൻകീ മൂൺ അർഹനായി.

സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വികസ്വര രാഷ്ട്രങ്ങളിലെ ദാരിദ്ര്യനിർമാർജനത്തിനും പശ്ചിമേഷ്യൻ രാജ്യങ്ങളുടെ ജനാധിപത്യവത്കരണത്തിനും നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം.

1988 ൽ ദക്ഷിണ കൊറിയയിലെ സോളിൽ നടന്ന ഒളിമ്പിക്സ് വിജയത്തിന്റെ സ്മരണ പുതുക്കാനായി ഏർപ്പെടുത്തിയ പുരസ്കാരമാണിത്. ലോകസമാധാനത്തിനുവേണ്ടി നിലകൊള്ളുന്നവർക്കാണ് ഇതു നൽകുന്നത്. സോൾ സമാധാനപുരസ്കാരം നേടുന്ന പതിനൊന്നാമത്തെ വ്യക്തിയാണ് മൂൺ. ബിരുദവും പ്രശസ്തിപത്രവും രണ്ടു ലക്ഷം ഡോളറുമാണ് സമ്മാനം.

## പ്രകാശവേഗത്തെ തൊട്ടുകളിക്കണ്ട

പ്രകാശത്തെക്കാൾ വേഗത്തിൽ ന്യൂട്രിനോകൾ സഞ്ചരിക്കുമെന്ന കണ്ടെത്തൽ തെറ്റായിരുന്നുവെന്ന് ശാസ്ത്രജ്ഞരുടെ കുറ്റസമ്മതം. ജപ്പാനിലെ ക്യോട്ടോയിൽ നടന്ന രാജ്യാന്തര കൺവെൻഷനിൽ യൂറോപ്യൻ ആണവോർജ ഏജൻസിയിലെ (സേൺ) ഗവേഷണസംഘമാണ് തെറ്റു സമ്മതിച്ചത്. പ്രകാശവേഗത്തെ ന്യൂട്രിനോകൾ തോല്പിച്ചിട്ടില്ലെന്നും ഓപ്പറ പരീക്ഷണത്തിലെ പിഴവുകളാണ് തെറ്റിദ്ധാരണ സൃഷ്ടിച്ചതെന്നും ശാസ്ത്രജ്ഞർ വ്യക്തമാക്കി.



പ്രകാശവേഗത്തിന്റെ അജയ്യതയെ വെല്ലുവിളിക്കാൻ ആരും വളർന്നിട്ടില്ലെന്നും ആൽബർട്ട് ഐൻസ്റ്റൈന്റെ നിഗമനം തന്നെയാണ് ശരിയെന്നും ശാസ്ത്രലോകം വീണ്ടും അംഗീകരിച്ചിരിക്കുകയാണ്.



## ഷഡ്കാല ഗോവിന്ദമാരാർ പുരസ്കാരം തൃക്കാമ്പുറം കൃഷ്ണൻകുട്ടി മാരാർക്ക്

ഷഡ്കാല ഗോവിന്ദമാരാർ പുരസ്കാരത്തിന് സോപാന സംഗീതജ്ഞൻ തൃക്കാമ്പുറം കൃഷ്ണൻകുട്ടി മാരാർ അർഹനായി. 25000 രൂപയും ഫലകവും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം. ഷഡ്കാല ഗോവിന്ദമാരാർ സ്മാരക കലാസമിതിയാണ് ഇത് ഏർപ്പെടുത്തിയിരിക്കുന്നത്.

കഴിഞ്ഞ ആറു പതിറ്റാണ്ടുകാലമായി കേരളത്തിലെ ക്ഷേത്രകലകളെ പ്രചരിപ്പിക്കുന്നതിൽ കൃഷ്ണൻകുട്ടി മാരാർ വഹിച്ച പങ്കാണ് ഈ അവാർഡിന് അദ്ദേഹത്തെ അർഹനാക്കിയത്. പ്രാചീന വാദ്യോപകരണമായ കുടുക്കവീണയെ സംഗീതലോകത്തിന് പരിചയപ്പെടുത്തിയതും പഞ്ചവാദ്യത്തിന്റെ മാതൃവാദ്യമായ പരിഷവാദ്യത്തെ പുതുതലമുറയ്ക്ക് പഠിപ്പിച്ചുകൊടുത്തതും ഏറെ ശ്രദ്ധേയമാണ്.

2012 ജൂൺ 24 ന് രാമമംഗലത്തെ ഷഡ്കാല ഗോവിന്ദമാരാർ കലാസമിതിയുടെ ആസ്ഥാനത്തുവച്ച് മന്ത്രി അനൂപ് ജേക്കബ് പുരസ്കാരം നൽകി.

## ഐടി മിഷന് ദേശീയ അംഗീകാരം

റോഡ് ഗതാഗതനിയന്ത്രണത്തിന് ഐടി മിഷൻ രൂപംകൊടുത്ത ഇന്റലിജന്റ് സംവിധാനത്തിന് ദേശീയ അഗീകാരം ലഭിച്ചു.

പൊതുജനങ്ങളുടെ സുരക്ഷിതത്വത്തിനും ദുരന്തനിവാരണത്തിനുമായി വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയതിനുള്ള ഇ-വേൾഡ് ജൂറി ചോയ്സ് പുരസ്കാരമാണ് ഐടി മിഷൻ സ്വന്തമാക്കിയത്. ന്യൂഡെൽഹിയിൽ നടന്ന ചടങ്ങിൽ ഐടി മിഷനുവേണ്ടി കോ-ഓർഡിനേറ്റർ കെ. ശബരീഷ് പുരസ്കാരം ഏറ്റുവാങ്ങുകയും മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിക്ക് കൈമാറുകയും ചെയ്തു.

വാഹനങ്ങൾ മോട്ടോർവാഹന നിയമം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താനായി ഐടി മിഷൻ രൂപംകൊടുത്ത ഇന്റലിജന്റ് എൻഫോഴ്സ്മെന്റ് സിസ്റ്റം മോട്ടോർവാഹനവകുപ്പാണ് നടപ്പിലാക്കുന്നത്. ഇപ്പോൾ തിരുവനന്തപുരത്ത് നടപ്പിലാക്കിയിട്ടുള്ള ഈ സംവിധാനം ഏറെ താമസിയാതെ കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു.



99% മനുഷ്യസ്നേഹം
1% നടപടിക്രമം

# മുഖ്യമന്ത്രിയുടെ
# ദുരിതാശ്വാസ നിധി

## നിങ്ങളുടെ സന്മനസ്സാണ് കാര്യം!

അപകടങ്ങളിൽ മരണമടഞ്ഞവർ, ഇടിമിന്നലേറ്റു മരിച്ചവർ
എന്നിവരുടെ ആശ്രിതർക്കും
മാരകരോഗങ്ങൾക്ക് വശപ്പെട്ടവർ, എൻഡോസൾഫാൻ ദുരിതബാധിതർ
എന്നിവർക്കും നിങ്ങളുടെ സഹായഹസ്തം ആവശ്യമുണ്ട്.
ഉദാരമായ സംഭാവനകൾ* ഈ വിലാസത്തിലയയ്ക്കുക:

പ്രിൻസിപ്പൽ സെക്രട്ടറി
ട്രഷറർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി
ധനകാര്യ വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം - 695 001

ചെക്ക്, ഡിഡി എന്നിവ
'Principal Secretary, Treasurer, CMDRF'
എന്ന പേരിലായിരിക്കണം എടുക്കേണ്ടത്.

*1961-ലെ ഇൻകംടാക്സ് നിയമത്തിലെ സെക്ഷൻ 80 ജി (2)
(iii എച്ച്.എഫ്.) പ്രകാരം 100% ഇൻകംടാക്സ് ഇളവിന് അർഹം.